കേരള സർക്കാർ

പുതുക്കിയ ബജറ്റ് 2001 - 2002

# ബജറ്റ് പ്രസംഗം

കെ. ശങ്കരനാരായണൻ

ധനകാര്യ മന്ത്രി

ജൂലായ് 13, 2001

സർ,

2001-02 വർഷത്തെ പുതുക്കിയ ബജറ്റ് ഞാൻ അവതരിപ്പിക്കുന്നു.

2. സർ, സംസ്ഥാനത്തിന്റെ ധനകാര്യ ചരിത്രത്തിലെ ഏറ്റവും ദുർഘടമായ ഒരു പ്രതിസന്ധി ഘട്ടത്തിലാണ് ഞാൻ ധനകാര്യ മന്ത്രിയായി ചുമതലയേറ്റത്. തികച്ചും വിനയാന്വിതനായാണ് ദുർവഹമായ ഈ ചുമതല ഞാൻ ഏറ്റെടുത്തിരിക്കുന്നത്. തീർത്തും കാലിയായ ഒരു ഖജനാവാണ് എനിക്ക് കൈമാറിക്കിട്ടിയത് എന്നു പറഞ്ഞാൽ അതിൽ തെല്ലും അതിശയോക്തിയില്ല. പിന്തുടർച്ചയായി എനിക്ക് ലഭിച്ച ഖജനാവിന്റെ അവസ്ഥ തികച്ചും ശോചനീയമാണ്. ജീവനക്കാരുടെ ശമ്പളത്തിനും നിയമപ്രകാരമായി കൊടുത്തു തീർക്കേണ്ട അനിവാര്യമായ ചെലവുകൾക്കുമല്ലാതെ മറ്റൊന്നിനും പണമില്ല

എന്നതാണ് യഥാർത്ഥ വസ്തുത. ഗിരിശൃംഗത്തിൽ നിന്ന് അഗാധ ഗർത്തത്തിലേയ്ക്ക് അതിലോലമായ നൂലിഴയിൽ ആഴ്ന്നിറങ്ങുന്ന നിലയിലാണ് നമ്മുടെ ഇന്നത്തെ ധനസ്ഥിതി. ചുരുക്കത്തിൽ, ഈ പശ്ചാത്തലത്തിലാണ് ധനമന്ത്രിയുടെ മേലങ്കി ഞാൻ അണിയുന്നത്. മുന്നിലുള്ള പാത ദുർഘടവും വെല്ലുവിളികൾ ഭീതിജനകവുമാണ്. അതിനാൽ ഇത് നേരിടാൻ വേണ്ടി വരുന്ന ത്യാഗവും കഠിന ശ്രമവും എത്രതന്നെ ദുഷ്കരമായിരുന്നാലും അതേറ്റെടുക്കാൻ കർമ്മനിരതരായ നാം പ്രതിജ്ഞാബദ്ധരാണ്. നമ്മുടെ സംസ്ഥാനത്തിന്റെ നല്ല നാളെയെക്കുറിച്ചുള്ള ശുഭപ്രതീക്ഷയാൽ പ്രചോദിതരായി കൂട്ടായ്മയോടെ പരിശ്രമിച്ചാൽ മാത്രമേ ഇത് സാദ്ധ്യമാവുകയുള്ളൂ. വരുംനാളുകളിൽ നമ്മുടെ സംസ്ഥാനത്തിന്റെ പുനരുദ്ധാരണത്തിനായി ഭഗീരഥപ്രയത്നം നടത്തുമ്പോൾ ഈ മഹനീയ സഭയിലെ ഓരോ അംഗത്തിന്റെയും പിന്തുണയും സഹായവും മാർഗ്ഗനിർദ്ദേശവും ഉണ്ടാവണമെന്ന് അഭ്യർത്ഥിക്കാൻ ഞാനീയവസരം വിനിയോഗിക്കുന്നു.

3. ഈ സ്തംഭനാവസ്ഥയിലേക്ക് നയിച്ച കാരണങ്ങൾ നമ്മിൽ മിക്കവർക്കും ഇതിനകം പരിചിതമായിക്കഴിഞ്ഞു. മുന്നറിയിപ്പുകൾ കാറ്റിൽപറത്തി ലക്കുംലഗാനുമില്ലാതെ മദിച്ചുല്ലസിച്ചു ചെലവിട്ട ഒരു സർക്കാരിന്റെ സ്വാഭാവിക പരിണാമമാണ് ദൗർഭാഗ്യവശാൽ നമുക്ക് കാണേണ്ടി വന്നത്. കുത്തഴിഞ്ഞ ധനവിനിയോഗ രീതിയാണ് കഴിഞ്ഞ അഞ്ചു വർഷക്കാലം സംസ്ഥാന ഗവൺമെന്റിനെ നയിച്ചത്. അക്കാലത്ത് പ്രണവ മന്ത്രം പോലെ സ്വീകരിക്കപ്പെട്ട ഒരു ചൊല്ലിൽ ഈ നയങ്ങളെ ഒതുക്കാം. "യഥേഷ്ടം കടം വാങ്ങു, ആമോദം

ചെലവഴിക്കൂ, ശേഷം ഭാവി തലമുറയ്ക്കു വിട്ടേക്കൂ." ഒരു പ്രത്യേക വിഭാഗത്തിന്റെ സങ്കുചിത സ്ഥാപിത താൽപര്യങ്ങൾ അഴിഞ്ഞാടിയപ്പോൾ 'അരുതേ' എന്നു പറയുവാനുള്ള ചങ്കൂറ്റം ഗവൺമെന്റിന് നഷ്ടപ്പെട്ടു എന്നത് ആ ദുർഭരണത്തിന്റെ ഭീതിജനകമായ വശമാണ്. മുൻ സർക്കാരിന്റെ തീരുമാനങ്ങൾ വഴിവിട്ടചെലവിനേയും ധൂർത്തിനേയും പ്രോൽസാഹിപ്പിക്കും വിധമായിരുന്നു. പാഞ്ഞടുത്തുകൊണ്ടിരുന്ന ദുരന്ത- ദിനത്തെക്കുറിച്ച് നിർവൃതിദായകമായ അജ്ഞതയുടെ നാട്യത്തിന് പുറകിൽ മുൻ സർക്കാർ അഭയം പ്രാപിച്ചിരുന്നതായി തോന്നുന്നു. ക്രമേണ വഴുക്കലുള്ള ചരിവിലൂടെ സംപൂർണ്ണ സാമ്പത്തിക ദുരന്തത്തിലേയ്ക്ക് സർക്കാർ വഴുതിയിറങ്ങാൻ തുടങ്ങി. 2000–01 സാമ്പത്തിക വർഷത്തിന്റെ അവസാന ഘട്ടത്തിൽ കടക്കെണിയിലൂടെ ഏതാണ്ട് അപരിഹാര്യമായ സ്ഥിതിയിലേയ്ക്ക് നമ്മുടെ സാമ്പത്തിക രംഗം നിലം പതിച്ചു. ഇന്നും രൂക്ഷമായി തുടരുന്ന സാമ്പത്തിക പ്രതിസന്ധി തെരഞ്ഞെടുക്കപ്പെട്ട ഒരു സർക്കാരിന്റെ കെടുകാര്യസ്ഥതയുടെ അനന്തരഫലമാണ്. ചുവപ്പു മഷിയുടെ അതിപ്രസരത്താൽ സംസ്ഥാന സർക്കാർ പാപ്പരത്തത്തിന്റെ വക്കിലെത്തി. കൂസലില്ലാതെ കയറൂരിവിട്ട് നടത്തിയ ഈ അപഥ സഞ്ചാരം കേരള ജനതയ്ക്ക് സമ്മാനിച്ചത് ക്രൂരമായ അവഹേളനം മാത്രമായിരുന്നു.

4. മുൻ ഗവൺമെന്റിന്റെ ദീർഘ വീക്ഷണമില്ലാത്ത ആപൽക്കരമായ ഈ നയം ആദ്യ വർഷങ്ങളിൽ നല്ല രീതിയിൽ പ്രവർത്തിക്കുന്നതായി തോന്നിച്ചിരുന്നു. രാഷ്ട്രീയ അധികാരം ദുരുപയോഗപ്പെടുത്തി സഹകരണ

സ്ഥാപനങ്ങളേയും സഹകരണ ബാങ്കുകളേയും, ക്ഷേമനിധികളേയും മറ്റ് ഏജൻസികളേയും കൊണ്ട് ട്രഷറിയിൽ പണം നിക്ഷേപിപ്പിച്ചു. ഈ വിഭവശേഷിയുടെ പിൻബലത്തിൽ ക്ലേശഭാരം താങ്ങുന്ന ഖജനാവ് അല്ലലില്ലാതെ ഇറക്കമിറങ്ങി വരുന്നതായി തോന്നിച്ചിരുന്നു. ഒടുവിൽ, 2000–2001 അവസാനം മാത്രമാണ് സർക്കാർ അതിന്റെ സുഖസുഷുപ്തിയിൽ നിന്ന് ഞെട്ടിയുണർന്നത്. കാലാവധിയിൽ നാലുവർഷം പിന്നിട്ടപ്പോഴാണ് ഗൗരവമായി പരിഗണിച്ചിട്ടില്ലായിരുന്ന അപകട സൂചനകളെക്കുറിച്ച് സർക്കാരിന് ബോധോദയമുണ്ടായത്. മയക്കത്തിൽ നിന്ന് ഞെട്ടി ഉണർന്നപ്പോൾ മാത്രമാണ് രണ്ടു യാഥാർത്ഥ്യങ്ങൾ സർക്കാർ തിരിച്ചറിഞ്ഞത് - ഒന്ന്, സർക്കാരിന്റെ കടമെടുപ്പിനുള്ള ഉറവിടം തീരെ പരിമിതമാണെന്നത്. മറ്റൊന്ന്, കടം വാങ്ങിയാൽ ഇന്നല്ലെങ്കിൽ നാളെ മുതലും പലിശയും തിരിച്ചടയ്ക്കേണ്ടിവരുമെന്നത്.

5. 2001 ജനുവരി മാസം സംസ്ഥാനത്തിന്റെ വാർഷിക പദ്ധതി 30 ശതമാനം വെട്ടിക്കുറയ്ക്കാൻ മന്ത്രിസഭ തീരുമാനിച്ചു. പക്ഷേ വിചിത്രമെന്നു പറയട്ടെ, ഇക്കാര്യം നിയമസഭയെ അറിയിക്കുകയുണ്ടായില്ല. മാത്രവുമല്ല 2001 ഫെബ്രുവരിയിൽ നിയമസഭയിൽ അവതരിപ്പിച്ച പുതുക്കിയ അടങ്കലിൽ ഈ വെട്ടിക്കുറയ്ക്കൽ പ്രതിഫലിച്ചിട്ടുമില്ല. അപ്പോഴേക്കും അന്ന് അധികാരത്തിലിരുന്ന സർക്കാരിന് ഈ പ്രതിസന്ധിയോട് പ്രതികരിക്കാനുള്ള ഇച്ഛാശക്തിയും ആർജ്ജവവും തീരുമാനമെടുക്കാനുള്ള കഴിവും നഷ്ടപ്പെട്ടിരുന്നതു പോലെ തോന്നുന്നു. സർക്കാർ മയക്കത്തിലാണ്ട് സമാധിയിലായി സ്തംഭിച്ച് കഴിഞ്ഞിരുന്നു.

പരിഹാരനടപടികളൊന്നുമെടുക്കാതെ സർക്കാർ അതിന്റെ ഉത്തരവാദിത്വത്തിൽ നിന്ന് സ്വയം ഒഴിഞ്ഞു മാറി. ഖജനാവിന്റെ ഭദ്രത കാത്തു സൂക്ഷിക്കുന്നതിനോ സാമ്പത്തിക തകർച്ചയിൽ നിന്നും സംസ്ഥാന ജനതയെ രക്ഷിക്കുന്നതിനോ യാതൊരു നടപടിയും സർക്കാർ കൈക്കൊണ്ടില്ല. 2001 ഏപ്രിൽ മാസത്തോടെ ഖജനാവ് പൂർണ്ണമായി തകർന്നു കഴിഞ്ഞിരുന്നു.

6. 1998–1999 മുതൽ 2000–2001 വരെയുള്ള കാലയളവിലുണ്ടായ സാമ്പത്തിക പ്രശ്നങ്ങൾ ന്യായീകരിക്കുന്നതിന് ഇനിപറയുന്ന അഞ്ച് ഒഴിവു കഴിവുകളുടെ പുറകിലൊളിച്ച് തടി തപ്പാൻ സർക്കാർ ശ്രമിച്ചു -- സർക്കാരിന്റെ വികസനച്ചെലവുകളിലുണ്ടായ വർദ്ധന, ജീവനക്കാരുടെ ശമ്പള പരിഷ്കരണം, പദ്ധതി അടങ്കലിൽ കേന്ദ്ര സർക്കാർ നടത്തിയ വെട്ടിച്ചുരുക്കൽ, സാമ്പത്തിക മാന്ദ്യം, പതിനൊന്നാം ധനകാര്യ കമ്മീഷൻ അവാർഡ്. ആസന്നമായ സാമ്പത്തിക തകർച്ച വാർഷിക ബജറ്റുകളിലെ അക്കങ്ങളുടെ പകിടകളിയിൽ ഒളിച്ചു വയ്ക്കുകയായിരുന്നു. 1996–ൽ അധികാരത്തിൽ വന്ന കേരള സർക്കാരിനെ അപേക്ഷിച്ച് സാമ്പത്തികമായി ദുർബലമായിരുന്ന മറ്റു പല സംസ്ഥാന സർക്കാരുകളും അവർ നേരിട്ടിരുന്ന സാങ്കൽപികമോ യഥാർത്ഥമോ ആയ പ്രശ്നങ്ങളെ അതിജീവിക്കുകയും ഖജനാവിനെ പ്രശ്നങ്ങളിൽ നിന്ന് സംരക്ഷിക്കുകയും ചെയ്തുവെന്ന വസ്തുത മുൻസർക്കാർ ജനങ്ങളിൽ നിന്ന് ബോധപൂർവ്വം മറച്ചു വയ്ക്കുകയായിരുന്നു. സംസ്ഥാനത്ത് നിലനിൽക്കുന്ന സാമ്പത്തിക പ്രതിസന്ധിയുടെ കാരണങ്ങൾ വിശദീകരിക്കുമ്പോൾ പ്രതിപക്ഷത്തിരിക്കുന്ന എന്റെ സുഹൃത്തുക്കൾ മുൻ സർക്കാരിന്റെ ദുഷ്

ചെയ്തികളെയും അനാസ്ഥയെയും ന്യായീകരിക്കാൻ മുന്നോട്ടു വയ്ക്കുന്ന വാദമുഖങ്ങളുടെ പൊള്ളത്തരം സത്യസന്ധമായി തുറന്നുകാട്ടുന്നത് എന്റെ കർത്തവ്യത്തിന്റെയും കൃത്യ നിർവ്വഹണത്തിന്റെയും ഭാഗം മാത്രമായിട്ടാണ്.

- വികസന പരിപാടികൾക്ക് കൂടുതൽ തുക ചെലവാക്കിയതാണ് സാമ്പത്തിക പ്രതിസന്ധിയുടെ കാരണമെന്ന വാദത്തിൽ കഴമ്പില്ല. 2001 ഫെബ്രുവരിയിൽ ഈ സഭയിൽ അവതരിപ്പിക്കപ്പെട്ട ബജറ്റു രേഖകൾ കാണിക്കുന്നത് മൊത്തം ചെലവിൽ വികസനച്ചെലവുകളുടെ പങ്ക് 1999-2000 ൽ 56.29 ശതമാനത്തിലേയ്ക്കും, 2000-01 ൽ പുതുക്കിയ എസ്റ്റിമേറ്റ് പ്രകാരം 57.99 ശതമാനത്തിലേയ്ക്കും താഴ്ന്നുവെന്നതാണ്. കഴിഞ്ഞ ദശകത്തിലെ ഏറ്റവും കുറഞ്ഞ നിരക്കുകളാണിവ. അതായത്, വികസനം കൊണ്ടാണ് പ്രതിസന്ധിയുണ്ടായതെന്ന വാദം സംസ്ഥാന ജനതയെ കബളിപ്പിക്കാനുള്ള വൃഥാ ശ്രമമാണെന്നത് വ്യക്തം.

- മുൻ കാലങ്ങളിലും ഓരോ അഞ്ചു കൊല്ലത്തിലും ശമ്പള പരിഷ്കരണം നടത്തിയിട്ടുണ്ട്. കാലാവധി പൂർത്തിയാക്കിയ എല്ലാ സർക്കാരുകൾക്കും ജീവനക്കാരുടെ ശമ്പള പരിഷ്കരണത്തിനായി പണം കണ്ടെത്തേണ്ടി വന്നിരുന്നു. എന്നാൽ കഴിഞ്ഞ ശമ്പള പരിഷ്ക്കരണത്തിലെ കുടിശ്ശിക ഇനിയും കൊടുത്തുതീർക്കേണ്ടിയിരിക്കുന്നു. മുമ്പൊരിക്കലും ശമ്പള പരിഷ്കരണം സാമ്പത്തിക തകർച്ചയ്ക്ക് വഴിയൊരുക്കുന്ന സാഹചര്യമായിത്തീർന്നിട്ടില്ല.

- സാമ്പത്തിക വിഭവങ്ങളുടെ കാര്യത്തിൽ സംസ്ഥാന സർക്കാരിന് ആദ്യം നൽകിയ വാഗ്ദാനത്തിൽ

നിന്നും കേന്ദ്ര സർക്കാർ പുറകോട്ടുപോയി എന്നത് നിസ്തർക്കമാണ്. 1999-2000 ലെ വാർഷിക പദ്ധതിക്ക് നൽകാമെന്നേറ്റിരുന്ന തുകയിൽ നിന്ന് 531 കോടി രൂപ കേന്ദ്ര സർക്കാർ കുറവു ചെയ്തു. എന്നാൽ 1999 ഏപ്രിൽ മാസത്തിൽത്തന്നെ ഇക്കാര്യം അറിഞ്ഞിട്ടും ഇതിന്റെ പ്രത്യാഘാതം തടയാൻ ഫലവത്തായ നടപടികളൊന്നും സംസ്ഥാന സർക്കാർ കൈക്കൊണ്ടില്ല. ഒരു രീതിയിലും ന്യായീകരിക്കാൻ കഴിയാത്ത വീഴ്ചയാണിത്.

- 1997-2001 കാലയളവിൽ ഓരോവർഷവും മുൻ സർക്കാരിന്റെ കാർമ്മികത്വത്തിൽ നേടിയെടുത്ത 'ഉഗ്രൻ' സാമ്പത്തിക വളർച്ചയെക്കുറിച്ച് ഈ സഭയെ ധരിപ്പിച്ചുകൊണ്ടിരുന്നു. പക്ഷേ, വിരോധാഭാസമെന്നു പറയട്ടെ, അതേ ശ്വാസത്തിൽത്തന്നെ, കാർഷിക വിളകളുടെ വിലയിടിവ് മൂലമുണ്ടായ സാമ്പത്തിക മാന്ദ്യമാണ് സംസ്ഥാനത്തിന്റെ സാമ്പത്തിക പ്രശ്നങ്ങൾക്ക് കാരണമെന്ന് ഈ മഹനീയ സഭയെ അറിയിച്ചുകൊണ്ടുമിരുന്നു. പ്രകടമായ ഈ വൈരുദ്ധ്യത്തിലേക്കിനിയും ഇറങ്ങിച്ചെല്ലാൻ ഞാനുദ്ദേശിക്കുന്നില്ല.

- പതിനൊന്നാം ധനകാര്യ കമ്മീഷന്റെ അവാർഡ് തീർച്ചയായും കേരളത്തോട് കടുത്ത അനീതിയാണ് കാട്ടിയത്. രാജ്യത്തെ സംസ്ഥാനങ്ങളിൽ വച്ചേറ്റവും പ്രതികൂലമായി ഇത് ബാധിച്ചത് കേരളത്തെയാണ്. എന്നാൽ ഈ അവാർഡ് 2000-2005 വരെയുള്ള അഞ്ചു വർഷക്കാലയളവിലേക്കുള്ളതാണ്. ധനകാര്യകമ്മീഷൻ അവാർഡുകൾ പൊടുന്നനെയുണ്ടായ ഒരു പ്രതിഭാസമല്ലെന്ന കാര്യം ഈ മഹനീയ സഭയെ ഞാൻ

ഓർമ്മിപ്പിക്കട്ടെ. 1990-95 കാലയളവിൽ ഒമ്പതാം ധനകാര്യ കമ്മീഷൻ അവാർഡ് പ്രകാരം കേരളത്തിനു കിട്ടിയ വിഹിതം എല്ലാ സംസ്ഥാനങ്ങൾക്കും കൂടി മൊത്തം പങ്കു വച്ചതിന്റെ 3.25 ശതമാനം ആയിരുന്നു. 1995-2000 ൽ പത്താം ധനകാര്യ കമ്മീഷന്റെ അവാർഡു വന്നപ്പോൾ ഈ വിഹിതം 3.43 ശതമാനം ആയി വർദ്ധിച്ചു. പതിനൊന്നാം ധനകാര്യ കമ്മീഷനിൽ ഇത് 2.83 ശതമാനം മാത്രമായിരിക്കും. അതായത്, മുൻ സർക്കാരിന് 1996-2001 വരെയുള്ള അവരുടെ ഭരണത്തിൽ ഏറിയ കാലവും ഇതുവരെയുള്ള ധനകാര്യ കമ്മീഷൻ അവാർഡുകളിലേറ്റവും മെച്ചപ്പെട്ടതിന്റെ ഗുണഫലങ്ങൾ അനുഭവിക്കാൻ ഭാഗ്യമുണ്ടായി.

വ്യാകുലപ്പെടേണ്ട ഏതെങ്കിലും ധനകാര്യ മന്ത്രിയുണ്ടെങ്കിൽ അത് ഞാനാണെന്നതിനാൽ ഞാൻ അസ്വസ്ഥനാകുന്നതിൽ ന്യായമുണ്ട്. എന്നാൽ കഷ്ടമെന്നു പറയട്ടെ, അവാർഡിന്റെ പരിമിതിക്കുള്ളിൽ നിന്നുകൊണ്ട് നയങ്ങൾ രൂപപ്പെടുത്തുന്നതിനു പകരം, യഥാർത്ഥത്തിൽ അവസാന വർഷത്തിനു മാത്രം ബാധകമായ പതിനൊന്നാം ധനകാര്യ കമ്മീഷൻ അവാർഡിനെ, തുടക്കം മുതലുള്ള സാമ്പത്തിക പരാജയത്തിനുള്ള കാരണമായിപ്പറയുവാൻ മുൻ സർക്കാരിനു യാതൊരു കുറ്റബോധവും തോന്നിയിട്ടില്ല.

7. ഈ സർക്കാർ അധികാരത്തിൽ വന്ന ആദ്യ മാസത്തിൽ തന്നെ സംസ്ഥാനത്തിന്റെ സാമ്പത്തിക നില വിലയിരുത്തുകയുണ്ടായി. സംസ്ഥാനത്തെ രൂക്ഷമായി ബാധിച്ചിരിക്കുന്ന സാമ്പത്തിക പ്രതിസന്ധിയുടെ സ്വഭാവവും വ്യാപ്തിയും കാരണങ്ങളും സാദ്ധ്യമായ പരിഹാര മാർഗ്ഗങ്ങളും വസ്തുനിഷ്ഠമായി വിശദീകരിക്കുന്ന

സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതിയെക്കുറിച്ചുള്ള ധവളപത്രം 2001 ജൂൺ 18 -ാം തീയതി കേരളത്തിലെ ജനസമക്ഷം സമർപ്പിച്ചിരുന്നു. ഈ സർക്കാർ പ്രസിദ്ധീകരിച്ച ധവളപത്രം നാം നിഷ്ക്രിയരായിരിക്കാനുള്ള ഒരു ഒഴിവ്കഴിവായി ഉപയോഗിക്കില്ലെന്ന് ആവർത്തിച്ചു ഉറപ്പുതരാൻ ഞാൻ ആഗ്രഹിക്കുന്നു. നമ്മുടെ വിമർശകർ പലരും വരുത്തിത്തീർക്കാൻ ശ്രമിക്കുന്നതുപോലെ ഇത് കേരള ജനതയുടെ മേൽ അടിച്ചേൽപ്പിക്കാൻ പോകുന്ന ന്യായീകരിക്കാനാകാത്ത നടപടി പരമ്പരകളുടെ മുന്നോടിയായിരിക്കുകയുമില്ല.

8. സംസ്ഥാന ധനസ്ഥിതിയെക്കുറിച്ചുള്ള ധവളപത്രത്തിലെ വെളിപ്പെടുത്തലുകൾ സമൂഹത്തിലെ എല്ലാ തുറകളിലുമുള്ള ജനവിഭാഗത്തെയും ഞെട്ടിച്ചിരിക്കുകയാണ്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പ്രസിദ്ധീകരിച്ച ബദൽരേഖയിലൂടെ ധവളപത്രത്തിലെ നിഗമനങ്ങളെ വെല്ലുവിളിക്കാൻ വളരെ ദുർബ്ബലമായ ഒരു പാഴ്ശ്രമം നടത്തിയിരിക്കുന്നു. പക്ഷേ, ദൗർഭാഗ്യകരമെന്നു പറയട്ടെ, ഇത് മുഖ്യ പ്രശ്നങ്ങളിൽ നിന്നു ഒളിച്ചോടിയെന്നു മാത്രമല്ല ഈ പ്രതിസന്ധിക്കുള്ള കാരണങ്ങൾ അപഗ്രഥിക്കുകയോ അത് പരിഹരിക്കുന്നതിനുള്ള അർത്ഥവത്തായ മാർഗ്ഗങ്ങൾ നിർദ്ദേശിക്കുകയോ ചെയ്തിട്ടുമില്ല. ബിവറേജസ് കോർപ്പറേഷനിൽ നിന്ന് കൂടുതൽ മദ്യം വാങ്ങിക്കഴിക്കാൻ ജനങ്ങളെ ആഹ്വാനം ചെയ്യുന്നതിലാണ് സാമ്പത്തിക പ്രതിസന്ധി പരിഹരിക്കുന്നതിനുള്ള പോംവഴി എന്ന് തോന്നിപ്പിക്കും വിധമുള്ള വിചിത്രമായ ഒരു നിർദ്ദേശമാണ് ഈ രേഖയിലൂടെ മുഖ്യമായി മുന്നോട്ടുവക്കുന്നത്. മാത്രവുമല്ല കേന്ദ്രഗവൺമെന്റിന്റെ കേന്ദ്രസംസ്ഥാന

ബന്ധങ്ങളെ സംബന്ധിച്ച നയങ്ങൾക്കെതിരെ യുദ്ധം ചെയ്യുന്നതാണ് സാമ്പത്തിക പ്രതിസന്ധി തരണം ചെയ്യുന്നതിനുള്ള ഉത്തമ മാർഗ്ഗമെന്ന ഒരു സൗജന്യ ഉപദേശം നൽകിയിട്ടുമുണ്ട്. അതിനാൽ ബദൽപത്രം യുക്തി ഹീനവും രാഷ്ട്രീയ പ്രേരിതവുമായ രേഖയാണെന്നു പറയാതിരിക്കാൻ എനിക്കു നിർവ്വാഹമില്ല. ഇതു കൂടി ഞാൻ പറയട്ടെ, ബിവറേജസ് കോർപ്പറേഷന് അവരുടെ മദ്യത്തിന്റെ ചില്ലറ വിൽപ്പന പ്രതി മാസം 40-45 കോടി രൂപ കൂടി വർദ്ധിപ്പിച്ച് വാർഷിക വരുമാനം 480-540 കോടി രൂപയാക്കാൻ കഴിയുമെന്നാണ് റവന്യൂ വരവു കണക്കുകൾ സൂചിപ്പിക്കുന്നത്. എന്നാൽ നടപ്പു വർഷത്തെ സംസ്ഥാന ധനകാര്യസ്ഥിതി ധവളപത്രത്തിൽ അവതരിപ്പിച്ചപ്പോൾ ഈ അധിക തുക കണക്കിലെടുത്തിരുന്നു എന്ന വസ്തുത ഈ മഹനീയ സഭയിൽ വ്യക്തമാക്കേണ്ടതുണ്ട്. പുതിയ എക്സൈസ് നയം പ്രഖ്യാപിക്കുന്നതിനു മുമ്പു തന്നെ ബിവറേജസ് കോർപ്പറേഷൻ ഏകദേശം 1100 കോടി രൂപ 2000-2001 ൽ ഖജനാവിലടച്ചിരുന്നു എന്ന കാര്യം കൂടി ഞാൻ പരാമർശിച്ചുകൊള്ളട്ടെ. എങ്ങനെയായാലും ബദൽ രേഖയിൽ സൂചിപ്പിച്ചിരിക്കുന്ന 2000 കോടി രൂപ എന്ന മോഹിപ്പിക്കുന്ന തുകയേക്കാൾ യഥാർത്ഥത്തിൽ എത്രയോ അകലെയാണ് ഞാൻ പ്രതീക്ഷിക്കുന്ന ഏകദേശം 500 കോടി രൂപയുടെ അധിക വരുമാനം.

9. സംസ്ഥാനത്തിന്റെ സമ്പദ്‌വ്യവസ്ഥയെപ്പറ്റിയുള്ള ധവള പത്രത്തിലൂടെ സാമ്പത്തിക പ്രതിസന്ധിയുടെ യഥാർത്ഥ ചിത്രം കേരളത്തിലെ ജനങ്ങൾക്കു മുന്നിൽ ഞങ്ങൾ അവതരിപ്പിച്ചു കഴിഞ്ഞു. എന്നാൽ ഇത്തരം വെളിപ്പെടുത്തലുകളിലൂടെ കഴിഞ്ഞ സർക്കാരിന്റെ ദുഷ്ചെയ്തികളുടെയും

നിഷ്ക്രിയത്വത്തിന്റെയും പിന്നിൽ അഭയം തേടുവാൻ ഈ സർക്കാർ ഉദ്ദേശിക്കുന്നില്ലെന്ന് ഈ മഹനീയ സഭയ്ക്ക് ഞാൻ ഉറപ്പു തരുന്നു. ഈ സർക്കാരിനു ലഭിച്ച അനിതരസാധാരണമായ ജനസമ്മതി യഥാർത്ഥത്തിൽ വികസനത്തിനായുള്ള ജനസമ്മതിയാണ്. തകർച്ചയുടെ വേലിയേറ്റത്തിന് തടയിടാനും അധോഗതിക്ക് വിരാമമിടാനും നിശ്ചയദാർഢ്യത്തിലൂടെയും കൂട്ടായ്മയിലൂടെയും നമുക്ക് സാധിക്കുമെന്ന് എനിക്കുറപ്പുണ്ട്. കാർമേഘങ്ങൾക്കിടയിൽ നമുക്കൊരു രജത രേഖ കാണാം. സാമ്പത്തിക പ്രതിസന്ധി നേരിടുന്നതിനും സമ്പദ്ഘടനയെ നേർവഴിക്കു തിരികെ നയിക്കുന്നതിനുമായി യോജിച്ചുള്ള പ്രവർത്തനം അനിവാര്യമാണെന്നുള്ള അവബോധം ഉണ്ടായിക്കഴിഞ്ഞിരിക്കുന്നു. ഈ ഐക്യം മാത്രമാണ് സമ്പദ്ഘടനയുടെ കരുത്ത് വീണ്ടെടുക്കാമെന്ന ആത്മ വിശ്വാസം ഈ ദശാസന്ധിയിൽ നമുക്കു പകരുന്നത്. തീർച്ചയായും ഇതു തന്നെയാണ് ഭാവി തലമുറയോടുള്ള നമ്മുടെ കടപ്പാടും.

## പത്താം പഞ്ചവത്സരപദ്ധതി

10. പുതുക്കിയ ബജറ്റിന്റെ പ്രധാനപ്പെട്ട സവിശേഷതകൾ വിവരിക്കുന്നതിന് മുമ്പ്, പത്താം പഞ്ചവത്സരപദ്ധതിക്കു താമസംവിനാ രൂപം നൽകുമെന്നുള്ള കാര്യം ഞാൻ സഭയെ അറിയിക്കട്ടെ. ഈ സർക്കാരിന്റെ കാലയളവിൽ തന്നെയായിരിക്കും പത്താം പഞ്ചവത്സരപദ്ധതിയുടെ സിംഹഭാഗവും നടപ്പാക്കുന്നത്. പുതിയൊരു വികസന പന്ഥാവിലൂടെ സംസ്ഥാനത്തെ മുന്നോട്ടു നയിക്കുവാനുള്ള അസുലഭ സുവർണ്ണാവസരമാണിതെന്നു ഞാൻ കരുതുന്നു.

1997 മുതൽ 2002 വരെയുള്ള ഒൻപതാം പഞ്ചവത്സര പദ്ധതിയുടെ നടത്തിപ്പിൽ കടന്നു കൂടിയ വീഴ്ചകൾ നാം ഒഴിവാക്കും. 16100 കോടി രൂപ വിഭാവനം ചെയ്തിരുന്ന സംസ്ഥാനത്തിന്റെ ഒൻപതാം പഞ്ചവത്സര പദ്ധതി യഥാർത്ഥത്തിൽ കൈകവരിക്കുന്ന നേട്ടം 13000 കോടി രൂപ കവിയുകയില്ല. മാത്രവുമല്ല, പദ്ധതിയിൽ വിഭാവനം ചെയ്തിരുന്ന പ്രകാരം സ്വകാര്യ നിക്ഷേപം ആകർഷിക്കുന്നതിൽ ഒട്ടും തന്നെ ലക്ഷ്യപ്രാപ്തിയിലെത്താൻ സാധിച്ചിട്ടുമില്ല. സ്വകാര്യ മേഖലയെ അവഗണിച്ചതിന്റെ തിക്തഫലമാണ് നാം അനുഭവിക്കേണ്ടി വന്നത്. ഇതര മിക്ക സംസ്ഥാനങ്ങളെക്കാൾ കേരളമിന്ന് സാമ്പത്തികമായി പിൻതള്ളപ്പെട്ടു. നിരവധി മേഖലകളിൽ കുതിച്ചുചാട്ടം നടത്തിയ മറ്റു സംസ്ഥാനങ്ങൾ നമ്മെ പിന്നിലാക്കി കഴിഞ്ഞു. ഈ പ്രക്രിയയിൽ കേരള ജനതയുടെ ആശയാഭിലാഷങ്ങൾ സാക്ഷാത്ക്കരിക്കപ്പെട്ടിട്ടില്ല എന്നു മാത്രമല്ല പ്രതീക്ഷകളും സ്വപ്നങ്ങളും മുരടിക്കുകയും ചെയ്തു. ഒരു സംസ്ഥാനത്തിന്റെ സാമ്പത്തിക ചരിത്രത്തിൽ 5 വർഷം വളരെ പ്രധാനപ്പെട്ട ഒരു കാലയളവു തന്നെയാണ്. ഒൻപതാം പദ്ധതിയുടെ അവസാനത്തെ ഈ ഒൻപതു മാസം കൊണ്ടു കഴിഞ്ഞ നാലു വർഷത്തെ കോട്ടങ്ങൾക്കു പരിഹാരം കണ്ടെത്താൻകഴിയില്ലല്ലോ.

11. പത്താം പഞ്ചവത്സരപദ്ധതിയുടെ സമീപന രേഖ കേന്ദ്ര സർക്കാർ തയ്യാറാക്കി കഴിഞ്ഞു. വിവിധ മേഖലകളിലെ വിദഗ്ദ്ധൻമാരടങ്ങിയ ടാസ്ക് ഫോഴ്സുകൾക്കും സ്റ്റിയറിംഗ് കമ്മറ്റികൾക്കും താമസം വിനാ നാം രൂപം നൽകും. ഇക്കാര്യത്തിൽ നാനാതുറകളിൽ നിന്നുള്ള മാർഗ്ഗനിർദ്ദേശങ്ങളും ഉപദേശങ്ങളും സ്വീകരിക്കുന്നതാണ്.

പൊതുമേഖലയിൽ നിന്നും സ്വകാര്യമേഖലയിൽ നിന്നും; രാജ്യത്തിനകത്തു നിന്നും പുറത്തു നിന്നും; വിദ്യാഭ്യാസ വിചക്ഷണൻമാരിൽ നിന്നും മറ്റു മേഖലകളിൽ പ്രവർത്തിക്കുന്ന വിദഗ്ദൻമാരിൽ നിന്നും സർക്കാർ–സർക്കാരിതര സ്ഥാപനങ്ങളിൽ നിന്നും എന്നിങ്ങനെ നാനാ ദിശകളിൽ നിന്നുമുള്ള ഉപദേശം നാം ഉൾക്കൊള്ളുന്നതാണ്. ലോകമെമ്പാടും ആഞ്ഞടിക്കുന്ന മാറ്റങ്ങളെ നാം കണക്കിലെടുക്കേണ്ടതായുണ്ട്. ഒരു തുരുത്തെന്നപോലെ ഇതിൽ നിന്ന് ഒറ്റപ്പെട്ടു നിൽക്കാൻ ഒരു സംസ്ഥാനത്തിനോ രാജ്യത്തിനോ സാധ്യമല്ല. രാജ്യത്തെ സാങ്കേതിക വിജ്ഞാന മുന്നേറ്റ പ്രവർത്തനങ്ങളുടേയും കമ്പനി ആസ്ഥാനങ്ങളുടേയും തെരഞ്ഞെടുത്ത ആവാസ കേന്ദ്രമായി രൂപാന്തരപ്പെടുത്തണമെന്നാണ് സിങ്കപ്പൂരിലെ വിഷൻ 21 രേഖയിൽ നിർദ്ദേശിച്ചിരിക്കുന്നത്. 'നിക്ഷേപ സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും കോർപ്പറേറ്റ് മാനേജ്മെന്റിൽ മൗലികമായ വ്യതിയാനം വരുത്തുവാനും' റഷ്യൻ ഫെഡറേഷൻ വിഭാവനം ചെയ്യുന്നു. 'സാധ്യമായതിന്റെ പരമാവധിയളവിൽ സർക്കാർ പ്രവർത്തനങ്ങളെ മത്സര വിധേയമാക്കലാണ് കമ്പോളാധിഷ്ഠിത വില നിർണ്ണയത്തിനും നൂതനമായ ഉദ്യമങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനും ഉതകുന്നതെന്നാണ് യുണൈറ്റഡ് സ്റ്റേറ്റ്സിന്റെ നടപ്പു സാമ്പത്തിക വർഷത്തെ ബജറ്റിൽ അടിവരയിട്ടു പറയുന്നത്. ചൈന റിപ്പബ്ലിക്കിന്റെ പത്താം പഞ്ചവത്സരപദ്ധതിയുടെ രൂപരേഖയിൽ സ്വകാര്യമേഖലയുടെ ഊർജ്ജത്തെ പ്രയോജനപ്പെടുത്തുവാനുള്ള ദൃഢനിശ്ചയത്തെപ്പറ്റി ഇങ്ങനെ പറയുന്നു :–

ഓഹരി വ്യവസ്ഥ സ്വീകരിക്കുന്നതിനും ഓഹരി വിപണിയിൽ ഓഹരികൾ ലിസ്റ്റ് ചെയ്ത് പ്രവർത്തനങ്ങളിൽ കാതലായ നയം മാറ്റം വരുത്തുന്നതിനും സർക്കാർ ഉടമസ്ഥതയിലുള്ള വൻകിട–ഇടത്തരം സംരംഭങ്ങളെ നാം പ്രോത്സാഹിപ്പിക്കേണ്ടതുണ്ട്. ശക്തമായ സ്വകാര്യ-പൊതു മേഖലാ പങ്കാളിത്തത്തിലൂടെ നമ്മുടെ സാമ്പത്തിക സാമൂഹിക വളർച്ചക്കുതകുന്ന വൈവിധ്യമാർന്നതും സമ്പന്നവുമായ അവസരങ്ങളെക്കുറിച്ച് ഇന്നത്തെ രാഷ്ട്രീയ - സാമൂഹ്യ പശ്ചാത്തലത്തിൽ നമ്മളും ബോധവാന്മാരാകണം.

12. വർഷങ്ങളായി തുടരുന്ന വിവിധ വികസന പദ്ധതികളെ സംബന്ധിച്ച് നാം പുനർവിചിന്തനം ചെയ്യേണ്ടിയിരിക്കുന്നു. പദ്ധതികളുടെ പ്രയോജനം എത്രമാത്രം ജനങ്ങൾക്ക് ലഭ്യമാകുമെന്നത് സംബന്ധിച്ച് ഓരോ പദ്ധതിയെയും വസ്തുനിഷ്ഠ പരിശോധനയ്ക്ക് വിധേയമാക്കേണ്ടതുണ്ട്. സംസ്ഥാനത്തിന് സാമ്പത്തികമോ സാമൂഹ്യമോ ആയി സാംഗത്യമുള്ള പദ്ധതികൾ മാത്രമേ അടുത്ത പഞ്ചവത്സര പദ്ധതിയിൽ നിലനിർത്തുകയുള്ളൂ. അതേസമയം തന്നെ സംസ്ഥാനത്തിന്റെ വികസന ആവശ്യങ്ങൾ കണക്കിലെടുത്തുകൊണ്ട് പരമ്പരാഗതവും നൂതനവുമായ മേഖലകളിൽ പുതിയ വികസന പദ്ധതികൾക്ക് രൂപം നൽകുന്നതാണ്. ചുരുക്കത്തിൽ പുതിയ സഹസ്രാബ്ദത്തിൽ നമ്മുടെ വികസന പദ്ധതികൾ സുഗമമായി പ്രാവർത്തികമാക്കാൻ 'സീറോ ബേസ്ഡ്' സമീപനം കൈക്കൊള്ളുവാൻ ഉദ്ദേശിക്കുന്നു. സംസ്ഥാനത്തിന്റെ വികസനത്തിന് ദിശാബോധം നൽകുന്ന സത്യസന്ധവും, യാഥാർത്ഥ്യബോധമുള്ളതും പുരോഗമനാത്മകവുമായ

ഒന്നായിരിക്കും നമ്മുടെ പത്താം പഞ്ചവത്സര പദ്ധതി രേഖ എന്ന് ഞാൻ പ്രതീക്ഷിക്കുന്നു.

13. സർ, സർക്കാരിന്റെ വിവിധ മേഖലകളിലേക്ക് ഞാൻ എന്റെ ബജറ്റിൽ വകയിരുത്തിയിട്ടുള്ള ചെലവിനങ്ങളെപ്പറ്റി ഇനി വിശദീകരിക്കട്ടെ. ബജറ്റ്, സർക്കാരിന്റെ നയങ്ങളുടെ ചുരുക്കെഴുത്താണ്; സർക്കാർ ചെലവിന്റെ പരിധി, മൂല്യങ്ങൾ, മുൻഗണനാക്രമങ്ങൾ, ഉദ്ദേശ്യലക്ഷ്യങ്ങൾ എന്നിവ ഇതിൽ വിവക്ഷിക്കപ്പെടുന്നു. വികസനത്തിന്റെ പാതയിൽ സംസ്ഥാനത്തിന് ദിശാബോധത്തോടെ അനായാസമായി മുന്നേറുന്നതിന് ബജറ്റും നയങ്ങളും സമന്വയിപ്പിക്കേണ്ടതുണ്ട് . ഈ സാമ്പത്തിക വർഷം ഇനി 9 മാസം മാത്രമേ അവശേഷിക്കുന്നുള്ളൂ. ഈ മഹനീയ സഭ ബജറ്റ് അംഗീകരിച്ചു കഴിയുമ്പോൾ ഈ സാമ്പത്തിക വർഷത്തിൽ നാല് മാസം മാത്രമേ ബാക്കിയുണ്ടാവുകയുള്ളൂ. ഇപ്പോൾ തന്നെ ' വോട്ട് ഓൺ ' അക്കൗണ്ടിന്റെ അടിസ്ഥാനത്തിലുള്ള ചെലവു നടന്നു വരികയാണ്. ഈ അവസരത്തിൽ പരിമിതികളെപ്പറ്റി ഞാൻ മനസ്സിലാക്കുന്നു. എന്തെന്നാൽ പദ്ധതികൾ പരിഷ്കരിക്കുന്നതും ബജറ്റ് ഉടച്ചു വാർക്കുന്നതും പലയിനങ്ങളിലും പണവും മനുഷ്യശേഷിയും പാഴാകുന്നതിന് കാരണമാകുന്നു. സംസ്ഥാനത്തിന്റെ സാമ്പത്തിക സന്തുലിതാവസ്ഥ പരിപൂർണ്ണമായിട്ടല്ലെങ്കിലും വലിയ ഒരളവു വരെ പുനഃസ്ഥാപിക്കുന്നതിനും കാതലായ മേഖലകളിൽ നിക്ഷേപം ഉറപ്പു വരുത്തുന്നതിനും ഉദ്ദേശിച്ചുകൊണ്ടുള്ള എന്റെ പ്രഥമ ബജറ്റിനെ ഒരു 'തിരുത്തൽ ബജറ്റായി" ഞാൻ കാണുന്നു. 2001-2002 വർഷത്തെ ബജറ്റിന്റെ വിവിധ സവിശേഷതകൾ

അവതരിപ്പിക്കുമ്പോൾ ഈ ഒരു ചിന്തയാണ് എന്നെ നയിക്കുന്നത്.

14. കഴിഞ്ഞ കുറെ വർഷങ്ങളായി വാർഷിക പദ്ധതിയുടെ ഭാഗമായി ചെലവിനങ്ങളിൽ വൻതോതിലുള്ള ബുക്ക് അഡ്ജസ്റ്റുമെന്റുകൾ നടന്നതായി ധവളപത്രത്തിൽ വെളിപ്പെടുത്തിയിട്ടുണ്ട്. കഴിഞ്ഞ മൂന്നു വർഷങ്ങളിൽ പൊതുകണക്കിലേക്കുള്ള ഭീമമായ ട്രാൻസ്ഫറുകൾ 1000 കോടി രൂപ വരെയായിരുന്നു. ഇപ്പോഴത്തെ സാമ്പത്തിക പ്രതിസന്ധിയുടെ മൂലകാരണങ്ങളിലൊന്ന് ഈ ബുക്ക് ട്രാൻസ്ഫറുകൾ കൂടിയാണെന്ന് പ്രത്യേകം പറയേണ്ടതില്ലല്ലോ. ഇത്തരത്തിലുള്ള ബുക്ക് ട്രാൻസ്ഫറുകൾ നടത്തിയിട്ടു പോലും 2000-2001 ലെ പദ്ധതി ചെലവ് 2850 കോടി രൂപയിൽ താഴെ മാത്രമാണ് എന്നുള്ളത് സാമ്പത്തിക തകർച്ചയുടെ വ്യാപ്തിയുടെ സൂചനയാണ്. ഇതെല്ലാം കണക്കിലെടുത്ത് യാഥാർത്ഥ്യ-ബോധത്തോടെ ഈ വർഷത്തെ പദ്ധതി അടങ്കൽ 3600 കോടി രൂപയിൽ നിന്ന് 3015 കോടി രൂപയായി പരിമിതപ്പെടുത്തുകയാണ്. ഇതിനു വേണ്ടി പോലും 1000 കോടി രൂപയുടെ അധിക വിഭവ സമാഹരണം ആവശ്യമാണ്. ഈ സഭയിൽ അവതരിപ്പിച്ച ബജറ്റ് രേഖകളിൽ ഇവയിൽ ചിലത് ഉൾപ്പെടുന്നു. ബജറ്റ് പ്രസംഗത്തിൽ ഞാൻ അവതരിപ്പിക്കുന്ന അധിക വിഭവ സമാഹരണ നടപടികൾ വിഭവ ലഭ്യതയിൽ ഉള്ള വിടവ് നികത്താൻ ഉതകും. ഈ സാമ്പത്തിക വർഷം തന്നെ ഈ ലക്ഷ്യം നേടിയെടുക്കുവാൻ ഞാൻ പ്രയത്നിക്കുന്നതാണ്.

<u>വിവര സാങ്കേതിക വിദ്യ</u>

15. വിവര സാങ്കേതിക വിദ്യയെ സംസ്ഥാനത്തിന്റെ സാമ്പത്തിക വളർച്ചക്കുതകുന്ന സുപ്രധാന ഘടകമായി അംഗീകരിക്കേണ്ടതാണ്. ഈ മേഖലയ്ക്ക് 41.95 കോടി രൂപ നീക്കി വയ്ക്കാൻ ഞാൻ ഉദ്ദേശിക്കുന്നു. രാജ്യത്തെ പ്രമുഖ ഐ.റ്റി. ഡെസ്റ്റിനേഷനായി കേരളത്തെ രൂപാന്തരപ്പെടുത്തും. കൊച്ചിയെ ഇതിന്റെ ആസ്ഥാനമായി വികസിപ്പിച്ചെടുക്കുന്നതാണ്. ഏറ്റവും നൂതനമായ ടെലിക്കോം സംവിധാനവും ബന്ധപ്പെട്ട അടിസ്ഥാന സൗകര്യങ്ങളും ലഭ്യമാക്കിക്കൊണ്ടുള്ള ഒരു ലോകോത്തര 'ടെക്നോളജി ഹാബിറ്റാറ്റ്' കൊച്ചിക്കടുത്ത് സ്ഥാപിക്കുന്ന കാര്യവും വിഭാവനം ചെയ്തിട്ടുണ്ട്. ഐ. റ്റി മേഖലയിലെ പ്രതിഭാ കേന്ദ്രങ്ങളിലൂടെ പരിശീലനം ലഭിച്ച ഐ. റ്റി വിദഗ്ധരുടെ ഒരു വിശാല അടിത്തറ കെട്ടിപ്പടുക്കുന്നതിനായിരിക്കും പ്രാമുഖ്യം നൽകുന്നത്. സ്വകാര്യ മേഖലയെ ഈ സംരംഭത്തിൽ സജീവമായി പങ്കെടുക്കാൻ പ്രോൽസാഹിപ്പിക്കും. തിരുവനന്തപുരത്തെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫർമേഷൻ ടെക്നോളജിയിലെ വിഭവശേഷി പ്രയോജനപ്പെടുത്തിക്കൊണ്ട് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ഐ.റ്റി. ശേഷി വർദ്ധിപ്പിക്കുന്നതാണ്. സംസ്ഥാന വ്യാപകമായ ഒരു ബ്രോഡ് ബാൻഡ് ശൃംഖല സ്ഥാപിക്കുന്നതിന് ഈ വർഷം ശ്രദ്ധ കേന്ദ്രീകരിക്കുന്നതാണ്.

16. എല്ലാ ഐ.റ്റി. പാർക്കുകളുടേയും ബന്ധപ്പെട്ട മറ്റു കാര്യങ്ങളുടേയും മേൽനോട്ടം വഹിക്കുന്നതിനുള്ള ഒരു നോഡൽ വകുപ്പായി ഐ.റ്റി. വകുപ്പിനെ മാറ്റിയിട്ടുണ്ട്. തിരുവനന്തപുരത്തെ ടെക്നോപാർക്കിലെ സൗകര്യങ്ങൾ വിപുലീകരിക്കുന്നതാണ്. ഇതിനുവേണ്ടി എന്റെ

ബജറ്റിൽ 8 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. കൂടാതെ കൊച്ചിയിലെ ഹൈടെക് പാർക്കിന്റെ നിർമ്മാണപ്രവർത്തനം ആരംഭിക്കുന്നതിനു വേണ്ടി 2 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്.

17. 2006-ാം ആണ്ടോടെ കേരളത്തിൽ സ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കുന്ന എല്ലാവരും പൂർണ്ണതോതിൽ 'കമ്പ്യൂട്ടർ സാക്ഷരത' നേടുന്ന സ്ഥിതി ഈ സർക്കാർ വിഭാവനം ചെയ്യുന്നു. ഈ ലക്ഷ്യം നേടുന്നതിനായി വിദ്യാലയങ്ങളിലെ പാഠ്യ പദ്ധതിയിൽ കമ്പ്യൂട്ടർ പഠനം കൂടി ഉൾപ്പെടുത്തികൊണ്ടുള്ള ഒരു സ്കീം ഈ വർഷം തന്നെ ആരംഭിക്കുന്നതാണ്. പതിനൊന്നാം ധനകാര്യ കമ്മീഷൻ അവാർഡിൽ ഗ്രാന്റായി ലഭിച്ച 2.42 കോടി രൂപയോടൊപ്പം ഇതിനായി 4.17 കോടി രൂപ കൂടി വകയിരുത്തുന്നു. ഇതിനാവശ്യമായ ബാക്കി ചെലവ് വിവിധ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും പ്രാദേശികമായി പൊതുജനങ്ങളിൽ നിന്നും സമാഹരിക്കാൻ ഉദ്ദേശിക്കുന്നു.

18. വിവര സാങ്കേതിക വിദ്യയുടെ ഗുണഫലങ്ങൾ കേരളത്തിലെ ജനങ്ങൾക്ക് പ്രയോജനകരമായിത്തീരുന്നുവെന്ന് ഉറപ്പു വരുത്താൻ ഇ-ഗവണൻസ് പദ്ധതികൾക്ക് പ്രത്യേക ഊന്നൽ നൽകുന്നതാണ്. രജിസ്ട്രേഷൻ വകുപ്പിലെ കംപ്യൂട്ടർവൽക്കരണം സംസ്ഥാനത്തെ ശേഷിക്കുന്ന മറ്റെല്ലാം ഓഫീസുകളിലേക്കും കൂടി വ്യാപിപ്പിക്കും. ഇതിനു വേണ്ടി ഇടക്കാല ബജറ്റിൽ 5 ലക്ഷം രൂപ വകയിരുത്തിയിരുന്നു. ഇതിനുപുറമെ ഈ ബജറ്റിൽ 50 ലക്ഷം രൂപ ഞാൻ അധികമായി വകയിരുത്തുന്നു.

19. കൊച്ചിയിൽ നിർമ്മാണത്തിലിരിക്കുന്ന ഐ.റ്റി. ഇൻക്യുബേഷൻ കേന്ദ്രത്തിലെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് 50 ലക്ഷം രൂപ നീക്കി വയ്ക്കുന്നു. സംസ്ഥാനത്തെ ഐ.റ്റി. വ്യവസായ രംഗത്തെ അപാര സാദ്ധ്യതകൾ വിപണനം ചെയ്യുന്നതിന് ബജറ്റിൽ 2.50 കോടി രൂപ ഞാൻ വകയിരുത്തുന്നു. കൂടാതെ വികസന പ്രവർത്തികൾക്കായി ഒരു കോടി രൂപ അധികമായി എന്റെ ബജറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

20. ട്രഷറികൾ കംപ്യൂട്ടർവൽക്കരിക്കുന്ന പദ്ധതി പൂർത്തിയാക്കുന്നതിന് 4.10 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിനുപുറമേ, സെക്രട്ടേറിയറ്റും സെക്രട്ടേറിയറ്റ് അനക്സും വികാസ്ഭവനും മറ്റു സർക്കാർ ഓഫീസുകളും തമ്മിൽ ഇലക്ട്രോണിക് ബന്ധം സ്ഥാപിക്കുന്ന വൈഡ് ഏരിയ നെറ്റ് വർക്കിന് വേണ്ടി 2.50 കോടി രൂപയും ഞാൻ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ജനങ്ങളുടെ ആവശ്യങ്ങൾക്കനുസൃതമായി അവയുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനും നവീകരിക്കുന്നതിനും വേണ്ടി 14 ജില്ലാ കളക്ടറേറ്റുകൾ കമ്പ്യൂട്ടർവൽക്കരിക്കുന്നതാണ്. ഇതിനു വേണ്ടി 50 ലക്ഷം രൂപ ഞാൻ വകയിരുത്തുന്നു. ജില്ലകളുമായി മെച്ചപ്പെട്ട വിനിമയത്തിനു വേണ്ടി സെക്രട്ടേറിയറ്റും ജില്ലകളും തമ്മിൽ വീഡിയോ കോൺഫറൻസിംഗ് സംവിധാനം അടുത്ത വർഷം സ്ഥാപിക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നു. ഇതിനായി 50 ലക്ഷം രൂപ ഈ ബജറ്റിൽ വകയിരുത്തുന്നു.

21. താരതമ്യേന മികച്ച ഗ്രാമീണ ആരോഗ്യ കേന്ദ്ര ശൃംഖല സംസ്ഥാനത്ത് നിലവിലുള്ളപ്പോഴും റഫറൽ വൈദ്യ ശുശ്രൂഷ സംവിധാനം അപ്രാപ്യമായ നിരവധി മേഖലകളുമുണ്ട്. അടുത്ത വർഷം ഒരു

പൈലറ്റ് ടെലി – ഹെൽത്ത് പദ്ധതിക്ക് സംസ്ഥാനത്ത് രൂപം നൽകും. ഇതിനായി 50 ലക്ഷം രൂപ നീക്കിവച്ചിട്ടുണ്ട്.

22. വില്പന നികുതി ചെക്ക് പോസ്റ്റുകളുടേയും ഓഫീസുകളുടേയും കംപ്യൂട്ടർവൽക്കരണം പൂർത്തിയാക്കുന്നതിന് 3.08 കോടി രൂപ ഞാൻ വകയിരുത്തിയിട്ടുണ്ട്. മോട്ടോർ വാഹന വകുപ്പിന്റെ കംപ്യൂട്ടർ വൽക്കരണത്തിനായി 2.05 കോടി രൂപ നീക്കി വച്ചിരിക്കുന്നു. മേൽപ്പറഞ്ഞ എല്ലാ വൻകിട പദ്ധതികളും ഈ ധനകാര്യ വർഷത്തിൽ തന്നെ പൂർത്തീകരിക്കുന്നതാണ്.

<u>വിനോദ സഞ്ചാരം</u>

23. സംസ്ഥാനത്ത് പ്രകൃതിദത്തമായ വളരെയേറെ അനുകൂല ഘടകങ്ങൾ ഉള്ള ഒരു മേഖലയാണ് വിനോദ സഞ്ചാരം. സംസ്ഥാനത്തിന്റെ സാമ്പത്തിക രംഗം പുനരുജ്ജീവിപ്പിക്കാനും ഊർജ്ജസ്വലമാക്കാനും വമ്പിച്ച സാദ്ധ്യതകളാണ് ഈ മേഖല നൽകുന്നത്. രാജ്യത്തെ പേരുകേട്ട വിനോദ സഞ്ചാര കേന്ദ്രമായി കേരളം സ്ഥാനം പിടിച്ചു കഴിഞ്ഞു. വിനോദ സഞ്ചാരത്തിനുള്ള വാർഷിക പദ്ധതിക്ക് വേണ്ടി ഈ വർഷം ഞാൻ 39.66 കോടി രൂപ മാറ്റി വയ്ക്കുന്നു. നിലവിലുള്ളതും പുതിയതുമായ നമ്മുടെ എല്ലാ പ്രധാനപ്പെട്ട വിനോദ സഞ്ചാര കേന്ദ്രങ്ങളേയും വികസിപ്പിക്കാൻ സജീവ നടപടികൾ സ്വീകരിക്കുന്നതോടൊപ്പം ഈ മേഖലയിൽ സ്വകാര്യ നിക്ഷേപം പ്രോൽസാഹിപ്പിക്കുന്നതിനും സർക്കാർ ഉദ്ദേശിക്കുന്നു. വിനോദ സഞ്ചാരവുമായി ബന്ധപ്പെട്ട അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് മൊത്തം വിഹിതത്തിന്റെ 58 ശതമാനവും സ്വകാര്യ നിക്ഷേപം

ആകർഷിക്കുന്നതിന് 20 ശതമാനവും വിനിയോഗിക്കുന്നതാണ്.

24. കോവളം, കുമരകം, ഫോർട്ടു കൊച്ചി, മൂന്നാർ എന്നിവിടങ്ങളിൽ പരിവഹനശേഷിയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ മാസ്റ്റർ പ്ലാനോടു കൂടി പ്രത്യേക വിനോദസഞ്ചാര മേഖലകൾ സൃഷ്ടിക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നു. ഇത് നടപ്പിലാക്കാ ൻ ആവശ്യമായ ആർക്കിടെക്ചറൽ മാർഗ്ഗ നിർദ്ദേശങ്ങൾ ഉണ്ടാക്കുകയും ഇത് നടപ്പിലാക്കാൻ ഉള്ള നിയമ പരിരക്ഷ നൽകുകയും ചെയ്യും.

25. വേമ്പനാട്ടു കായലോരത്ത് സർക്കാർ ഒരു ടൂറിസം ഹെറിറ്റേജ് വില്ലേജിന് രൂപം നൽകുന്നതാണ്. കേരളത്തിന്റെ പാരമ്പര്യ തച്ചു ശാസ്ത്രവും, സാംസ്കാരിക കലാ രൂപങ്ങളും കര കൗശല വസ്തുക്കളും സമ്മേളിപ്പിച്ചുകൊണ്ടുള്ള സംസ്ഥാനത്തെ വിനോദസഞ്ചാരാകർഷണകേന്ദ്രങ്ങളുടെ നിരയിൽ നൂതനമായ ഒരു പദ്ധതിയായിരിക്കും ഇത്.

26. " ദൈവത്തിൻെറ സ്വന്തം നാട് " എന്ന തനത് മുദ്ര പതിപ്പിച്ച് കേരള വിനോദ സഞ്ചാരം ലോകത്തിൽ പ്രമുഖ സ്ഥാനം നേടിക്കഴിഞ്ഞു. നാം ആർജ്ജിച്ചു കഴിഞ്ഞ ഈ അംഗീകാരംകൂടുതൽ തീവ്രമായ വിപണന യത്നങ്ങളിലൂടെ മുതലാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നു. വിനോദ സഞ്ചാര വകുപ്പിൻെറ പ്രോൽസാഹന പ്രചരണ പരിപാടികൾക്കുവേണ്ടി 7 കോടി രൂപ ഞാൻ വകയിരുത്തിയിട്ടുണ്ട്. വിനോദ സഞ്ചാര കേന്ദ്രങ്ങളിലെ ഉന്നത നിലവാരമുള്ള വിപണന തന്ത്രങ്ങളും അടിസ്ഥാന സൗകര്യ വികസനവുമായിരിക്കും വിനോദ സഞ്ചാരത്തോടുള്ള നമ്മുടെ സമീപനത്തിൻെറ

സവിശേഷത. കായലുകളിലെ നിലവിലുള്ള വിനോദ ജല സഞ്ചാര മാർഗ്ഗങ്ങളിലെ അടിസ്ഥാന സൗകര്യ വികസനത്തിന് 2.50 കോടി രൂപ നീക്കി വച്ചിട്ടുണ്ട്. ഒരു കാലത്ത് സംസ്ഥാനത്തെ പ്രധാന ജല ഗതാഗത പാതകളായിരുന്നതും എന്നാൽ ഇപ്പോൾ ഉപയോഗ ശൂന്യമായതുമായ ചില തെരഞ്ഞെടുത്ത ജലപാതകളും പുനരുദ്ധരിക്കുന്നതാണ്. പ്രധാനമന്ത്രി അടുത്ത കാലത്ത് സംസ്ഥാനം സന്ദർശിച്ചയവസരത്തിൽ കായൽ വിനോദ സഞ്ചാരത്തിന് നൽകിയ സഹായ വാഗ്ദാനം യാഥാർത്ഥ്യമാക്കിത്തീർക്കുവാൻ കഴിവതെല്ലാം നാം ചെയ്യുന്നതാണ്.

27. വിനോദ സഞ്ചാര കേന്ദ്രങ്ങളിലെ അനിയന്ത്രിതമായ പ്രഹസ്വകാല ചൂഷണത്തിൽ നിന്നുയർന്നു വരുന്ന വികലവും അനഭിലഷണീയവുമായ പരിസ്ഥിതി, സാമൂഹ്യ പ്രശ്നങ്ങൾ തടയുവാൻ ഒരു നിയന്ത്രണ സംവിധാനം കൊണ്ടു വരുന്നതാണ്. സംസ്ഥാനത്തെ ഓരോ വിനോദ സഞ്ചാര കേന്ദ്രത്തിനും ഉൾക്കൊള്ളാൻ കഴിയുന്ന സഞ്ചാരികളുടെ എണ്ണത്തിനനുസൃതമായ വികസനവുമായി ബന്ധപ്പെടുത്തിയായിരിക്കും ഇത് ചെയ്യുന്നത്. കായലോര വിനോദ സഞ്ചാരം വികസിപ്പിക്കുക, വാഗമണ്ണിനെ ഒരു പുതിയ ഹിൽ സ്റ്റേഷനായി വികസിപ്പിക്കുക, കൊച്ചിയിൽ അന്താരാഷ്ട്ര നിലവാരത്തിലുള്ള ഗോൾഫ് കോഴ്സുകൾ നിർമ്മിക്കുക, അന്താരാഷ്ട്ര നിലവാരത്തിലുള്ള ഒരു സ്വാശ്രയ ഹോസ്പിറ്റാലിറ്റി ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുക എന്നിവ ഈ മേഖലയിലെ പുതിയ പദ്ധതികളിൽ ഉൾപ്പെടുന്നു.

28. വിനോദ സഞ്ചാര രംഗത്ത് അത്യാവശ്യം വേണ്ട അടിസ്ഥാന സൗകര്യങ്ങൾ സജ്ജമാക്കുന്നതിനുള്ള

ഡെസ്റ്റിനേഷൻ കേരള പരിപാടിക്ക് 5.50 കോടി രൂപ വകയിരുത്തുന്നു. ചേന്ദമംഗലത്തെ ജൂതപ്പള്ളി, കോട്ടപ്പുറം കോട്ട, പള്ളിപ്പുറം കോട്ട, ചേരമാൻ പറമ്പ് മുതലായ പുരാതന സ്മാരകങ്ങൾ പുനരുദ്ധരിക്കുന്നതും നവീകരിക്കുന്നതുമാണ്. ഇതിനുവേണ്ടി 50 ലക്ഷം രൂപ നീക്കി വച്ചിരിക്കുന്നു. വിനോദ സഞ്ചാര രംഗത്ത് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന് ഇൻസെൻറീവും സബ്സിഡികളും നൽകുന്നതിന് 3 കോടി രൂപ മാറ്റി വച്ചിരിക്കുന്നു. വേളി ടൂറിസം വില്ലേജിലെ സൗകര്യങ്ങൾ വിപുലീകരിക്കാൻ എൻെറ ബജറ്റിൽ 1 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

29. മുംബെയിലെ കേരളഹൗസിൻെറയും, എറണാകുളത്തെ അഡീഷണൽ ഗസ്റ്റ് ഹൗസിൻെറയും പാലക്കാട്ടേയും വൈത്തിരിയിലെയും പുതിയ ഗസ്റ്റ് ഹൗസുകളുടെ നിർമ്മാണം പൂർത്തീകരിക്കുന്നതാണ്. ഇതിനു വേണ്ടി 5.39 കോടി രൂപ ഞാൻ വകയിരുത്തുന്നു.

30. ടൂറിസ്റ്റ് റിസോർട്ട് (കേരള) ലിമിറ്റഡിന് സംസ്ഥാനത്തിലെ സംയുക്ത മേഖല പദ്ധതികളിലും ലാൻറ് ബാങ്ക് പദ്ധതികളിലും നിക്ഷേപം നടത്തുന്നതിനായി 2001-2002 ൽ 2.50 കോടി രൂപ നൽകുന്നതാണ്.. തെന്മല ഇക്കോ ടൂറിസം പദ്ധതി അടുത്ത വർഷം പൂർത്തിയാക്കുന്നതാണ്. ബേക്കൽ റിസോർട്ട്സ് ഡവലപ്മെൻറ് കോർപ്പറേഷൻ മുഖേന സ്വകാര്യ മേഖലയുടെ പങ്കാളിത്തത്തോടെ ബേക്കൽ ഒരു അന്താരാഷ്ട്ര ടൂറിസ്റ്റ് റിസോർട്ട് ആയി വികസിപ്പിക്കും. ഇതിനു വേണ്ടി 1 കോടി രൂപ നീക്കി വച്ചിരിക്കുന്നു

## അധികാര വികേന്ദ്രീകരണം

31. തദ്ദേശ സ്വയംഭരണ ഗവൺമെന്റുകൾക്കുള്ള വിഹിതം കടുത്ത സാമ്പത്തിക ബുദ്ധിമുട്ടുകൾക്കിടയിലും നിലനിർത്താൻ സാധിച്ചു എന്ന് പ്രഖ്യാപിക്കുവാൻ എനിക്ക് സന്തോഷമുണ്ട്. വികേന്ദ്രീകൃത ആസൂത്രണ പ്രക്രിയയുടെ ഗുണഫലങ്ങൾ ഊട്ടി ഉറപ്പിക്കുന്നതിന് കിണഞ്ഞു ശ്രമിക്കും. എന്നാൽ ഈ പ്രക്രിയയിൽ സംഭവിച്ച നയപരമായ പാളിച്ചകൾ തിരുത്തുന്നതാണ്. തദ്ദേശ സ്വയംഭരണ സർക്കാരുകൾക്കു വേണ്ടി 1237.50 കോടി രൂപ ഞാൻ നീക്കി വയ്ക്കുന്നു.

32. യാതൊരു ബാഹ്യ ഇടപെടലുകളും കൂടാതെ തദ്ദേശ സ്ഥാപനങ്ങൾക്ക് സ്വന്തം വികസന മുൻഗണനകൾ ആവിഷ്കരിക്കുന്നതിനും നടപ്പാക്കുന്നതിനുമുള്ള സ്വാതന്ത്ര്യമുണ്ടായിരിക്കുന്നതാണ്. രാഷ്ട്രീയ പരിഗണനകളുടെ അടിസ്ഥാനത്തിൽ രൂപീകൃതമായിട്ടുള്ള വിദഗ്ദ്ധ സമിതികൾ പിരിച്ചുവിട്ട സ്ഥാനത്ത്, പകരം സാങ്കേതിക സഹായ സംവിധാനം ഏർപ്പെടുത്തുന്നതാണ്.

33. തദ്ദേശ സ്വയം ഭരണ സർക്കാരുകളുടെ വിഭവ ശേഷി വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ രണ്ടാം സംസ്ഥാന ധനകാര്യ കമ്മീഷൻ റിപ്പോർട്ടിൻ മേൽ അടിയന്തിരമായി തീരുമാനമെടുക്കുന്നതാണ്. ഇതു മൂലം ആസ്തി പരിപാലനം, ഫണ്ട് അനുവദിക്കൽ, ചുമതലാ നിർണ്ണയം തുടങ്ങിയ മേഖലകളിൽ തദ്ദേശ സ്ഥാപനങ്ങൾ ഇപ്പോൾ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കപ്പെടുന്നതാണ്.

34. ഡച്ച് സർക്കാരിന്റെ സഹായത്തോടെയുള്ള ഡി-സെൻട്രലൈസേഷൻ സപ്പോർട്ട് പ്രോഗ്രാം ഉടൻ തന്നെ ആരംഭിക്കുന്നതാണ്. അധികാര

വികേന്ദ്രീകരണത്തിന് വ്യവസ്ഥാപിതരൂപം നൽകുകയും നിലവിലുള്ള സംവിധാനത്തെ വികസിപ്പിച്ച് പരിപോഷിപ്പിക്കുകയുമാണ് ഈ പദ്ധതി കൊണ്ട് ലക്ഷ്യമിടുന്നത്

**ഊർജ്ജം**

35. ജനങ്ങളുടെ ആശയാഭിലാഷങ്ങൾക്കനുസരിച്ച് ചലനാത്മകമായി പ്രതികരിക്കുന്ന തരത്തിൽ വൈദ്യുതി മേഖല ക്രമീകരിക്കുന്നതാണ്. ഉപഭോക്താവിന്റെ ഉത്തമ താൽപര്യങ്ങൾ സംരക്ഷിച്ചുകൊണ്ട് സാമ്പത്തിക സ്വയംപര്യാപ്തതയുള്ള സ്ഥാപനമായി കേരള സംസ്ഥാന വിദ്യുത്ഛക്തി ബോർഡിനെ മാറ്റിയെടുക്കും. താമസിയാതെ രൂപീകരിക്കുന്ന ഇലക്ട്രിസിറ്റി റഗുലേറ്ററി കമ്മീഷനിലൂടെ വൈദ്യുതി നിരക്കുകൾ ശാസ്ത്രീയവും യുക്തി സഹവുമായി നിശ്ചയിക്കുന്നതാണ്. വാർഷിക പദ്ധതിയിൽ വൈദ്യുതി മേഖലയ്ക്കായി 509 കോടി രൂപ നീക്കി വച്ചിട്ടുണ്ട്.

36. സംസ്ഥാനത്തിന്റെ വൈദ്യുതോല്പാദന ശേഷി വർദ്ധിപ്പിക്കാൻ ജലവിഭവം ഉപയോഗപ്പെടുത്തുന്നതിന് പ്രാധാന്യം നൽകുന്നതാണ്. ജലവൈദ്യുത പദ്ധതികൾക്കായി 44.95 കോടി രൂപ നീക്കി വച്ചിട്ടുണ്ട്. ഈ വർഷം 211.2 മെഗാവാട്ട് വൈദ്യുതി കൂടി സംസ്ഥാന പവർ ഗ്രിഡിലേയ്ക്ക് കൂട്ടിച്ചേർക്കുന്നതാണ്. 34.2 മെഗാവാട്ട് ആകെ ശേഷിയുള്ള മൂന്ന് ചെറുകിട ജലവൈദ്യുത പദ്ധതികളുൾപ്പെടെ പുതിയ വൈദ്യുത നിലയങ്ങൾ കമ്മീഷൻ ചെയ്യും. ഇതിനു പുറമേ 305.15 മെഗാവാട്ട് ശേഷിയുള്ള പുതിയ ജലവൈദ്യുത പദ്ധതികളുടെ പണി നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു. 438 മെഗാ യൂണിറ്റ് (MU) അധിക ഉല്പാദനം ലക്ഷ്യമാക്കി നിലവിലുള്ള

ജലവൈദ്യുതപദ്ധതികൾ വിപുലീകരിക്കുന്നതാണ്. പള്ളിവാസൽ, ചെങ്കുളം, പന്നിയാർ എന്നീ വൈദ്യുത പദ്ധതികളുടെ പുനരുദ്ധാരണവും ആധുനികവൽക്കരണവും ശേഷി വർദ്ധനവും (RMU) ഈ വർഷം പൂർത്തീകരിക്കേണ്ടതാണ്. 300 മെഗാവാട്ട് ശേഷിയുള്ള ശബരിഗിരി പദ്ധതിയുടെ പുനരുദ്ധാരണവും ആധുനിക വൽക്കരണവും ശേഷി വർദ്ധനവും ഈ വർഷം ഏറ്റെടുക്കുന്നതാണ്.

37. സംസ്ഥാനത്തെ പ്രസരണ സംവിധാനം ശക്തിപ്പെടുത്തും. ഈ വർഷം ഇതിനായി 223 കോടി രൂപ മുതൽ മുടക്കുന്നതാണ്. ഈ സാമ്പത്തിക വർഷം 88 സബ്സ്റ്റേഷനുകൾ പൂർത്തീകരിക്കും. വൈദ്യുതി വിതരണ സംവിധാനം മെച്ചപ്പെടുത്തുന്നതിന് 115.03 കോടി രൂപ പ്രത്യേകമായി നീക്കി വച്ചിട്ടുണ്ട്. റവന്യൂ വരുമാനം വർദ്ധിപ്പിക്കുന്നതിനും കാര്യക്ഷമത മെച്ചപ്പെടുത്തുന്നതിനും വേണ്ടി 'സ്പോട്ട് ബില്ലിംഗ്' സമ്പ്രദായം ശക്തിപ്പെടുത്തുന്നതാണ്. വൈദ്യുതി ഉപയോഗം കൂടുതലുള്ള സമയത്തെ തടസ്സങ്ങളും വൈദ്യുതി നിലയ്ക്കലും കുറയ്ക്കുന്നതിന് നിരീക്ഷണത്തിനും നിയന്ത്രണത്തിനുമായി അഞ്ചു ജില്ലകളിൽ 'കൺട്രോൾ റൂമുകൾ ' ഈ വർഷം തുറക്കും. വോൾട്ടേജ് മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതികൾ നടപ്പു വർഷം ത്വരിതപ്പെടുത്തുന്നതാണ്.

38. 'അനർട്ട് ' നടപ്പാക്കുന്ന പാരമ്പര്യേതര ഊർജ്ജ പദ്ധതികൾക്കായി 10 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

<u>വ്യവസായം</u>

39. സംസ്ഥാനത്തിന്റെ ഒമ്പതാം പഞ്ചവത്സര പദ്ധതിയിൽ സ്വകാര്യ മേഖലയുടെ നിക്ഷേപമായി 28900 കോടി രൂപ ലക്ഷ്യമിട്ടിരുന്നു. എന്നാൽ 1997-2001 കാലയളവിൽ പ്രസ്തുത ലക്ഷ്യം പൂർണ്ണമായി കൈവരിക്കുന്നതിന് കഴിഞ്ഞിട്ടില്ല. വ്യവസായ വികസനത്തിൽ സ്വകാര്യ മേഖലയുടെ സജീവ പങ്കാളിത്തം ഉറപ്പാക്കാനുതകുന്ന സമീപനമായിരിക്കും നമ്മുടേത്. ഇത് 1991-ലെ വ്യവസായ നയരേഖയിൽ പ്രതിപാദിച്ചിരുന്ന വീക്ഷണത്തിലും തത്വശാസ്ത്രത്തിലും അധിഷ്ഠിതമായിരിക്കും. കേരളത്തെ 'നിക്ഷേപ സൗഹൃദ' സംസ്ഥാനമാക്കുന്നതിന് പ്രഥമ പരിഗണന നൽകുന്നതായിരിക്കും. ബജറ്റിൽ വ്യവസായ വികസനത്തിന് പദ്ധതി വിഹിതമായി 218.40 കോടി രൂപ ഞാൻ വകയിരുത്തിയിട്ടുണ്ട്. ഇതിൽ 67.96 കോടി രൂപ ഗ്രാമീണചെറുകിട വ്യവസായങ്ങൾക്കുവേണ്ടിയാണ്.

40. സംസ്ഥാനത്തെ അടിസ്ഥാന സൗകര്യ വികസന മേഖലയിൽ,മട്ടാഞ്ചേരി പാലത്തിന്റെ മാതൃകയിൽ 'BOT' പോലെയുള്ള സംവിധാനത്തിലൂടെ, സ്വകാര്യ പങ്കാളിത്തം പൂർണ്ണ മനസ്സോടെ പ്രോത്സാഹിപ്പിക്കും. പ്രവാസി കേരളീയരെയും ദേശീയ അന്തർദേശീയ വിവര സാങ്കേതിക പ്രമുഖരെയും ആകർഷിക്കുന്നതിനു വേണ്ടി ഏലൂർ മുതൽ കൊച്ചി വിമാനത്താവളം വരെ ഒരു 'വ്യാവസായിക ഇടനാഴി' യായി വികസിപ്പിക്കുന്നതാണ്. ഇതിന്റെ സർവ്വേ പോലുള്ള പ്രാരംഭ നടപടികൾ കിൻഫ്ര ഉടനടി ഏറ്റെടുക്കുന്നതാണ്. ഇവിടെ വിവരസാങ്കേതികവിദ്യാ വ്യവസായങ്ങൾ സ്ഥാപിക്കുന്നതിനായിരിക്കും മുൻതൂക്കം നൽകുക.

41. വ്യവസായ സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിനു വേണ്ടി സംസ്ഥാനത്ത് ഒരു പുതിയ ആശയമായ പ്രത്യേക വ്യാവസായിക മേഖലകൾ (Special Industrial Zones – ZIZ) വികസിപ്പിക്കുന്നതാണ്. ഇവിടെ വൈദ്യുതി, വെള്ളം, വാർത്താവിനിമയം എന്നീ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നതാണ്. വ്യാവസായിക പാർക്കുകളിലും വികസന കേന്ദ്രങ്ങളിലും ഈ മേഖലകളിലും നിയമ ചട്ടക്കൂട്ടിലൂടെ ഊഷ്മള ബന്ധങ്ങൾ ഉറപ്പു വരുത്തുന്നതാണ്. പ്രത്യേക വികസന മേഖലകളിൽ കെ.എസ്സ്.ഐ.ഡി.സി., കിൻഫ്ര എന്നീ സ്ഥാപനങ്ങളും സ്വകാര്യ മേഖലയും ചേർന്ന് സംയുക്ത സംരംഭങ്ങൾ സ്ഥാപിക്കുന്നതാണ്.

42. കെ.എസ്സ്.ഐ.ഡി.സി.ക്കു വേണ്ടി 23.34 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. കോഴിക്കോട് 100 കോടി രൂപ ചിലവിൽ ഒരു ഹോളിസ്റ്റിക് ആരോഗ്യ ഗ്രാമം, വിദേശ പങ്കാളിത്തത്തോടെ 100 കോടി രൂപയുടെ ഒരു സാനിട്ടറി-വെയർ പദ്ധതി, 350 കോടി രൂപ ചെലവിൽ ഡി.സി. പവ്വർ പ്രോജക്ട് കാസർഗോഡ് സ്ഥാപിക്കുന്ന 80 മെഗാ വാട്ടിന്റെ വൈദ്യുത പദ്ധതി, കൊച്ചിയിൽ നിന്ന് കാരൂർ വരെയുള്ള പെട്രോനെറ്റ്-സി.സി.കെ. ലിമിറ്റഡി ന്റെ 535 കോടി രൂപയുടെ പെട്രോളിയം പൈപ്പ് ലൈൻ, ഗ്യാസ് അതോറിറ്റി ഓഫ് ഇൻഡ്യയുടെ 1500 കോടി രൂപ മുതൽ മുടക്കുള്ള കൊച്ചി-കായംകുളം, കാസർഗോഡ്-മംഗലാപുരം ഗ്യാസ് പൈപ്പ് ലൈൻ പദ്ധതികൾ, 1500 കോടി രൂപ മുതൽ മുടക്കുള്ള പെട്രോനെറ്റ്- എൽ.എൻ.ജി യുടെ എറണാകുളത്തെ എൽ.എൻ.ജി ടെർമിനൽ എന്നിവയാണ് വിഭാവനം ചെയ്യുന്ന വൻകിട പദ്ധതികൾ. കാസർഗോഡ് വിദേശസഹായത്തോടെ 7000 കോടി രൂപ

മുതൽമുടക്ക് ഉദ്ദേശിക്കുന്ന പെട്രോകെമിക്കൽ വ്യവസായത്തെക്കുറിച്ചുള്ള പദ്ധതി വിലയിരുത്തൽ പഠനം നടന്നു വരുന്നു.

43. എറണാകുളത്തെ കിൻഫ്ര - ഐ.റ്റി.പി.ഒ. കൺവെൻഷൻ സെന്റർ, കൊരട്ടിയിലെയും പത്തനംതിട്ടയിലെയും സംയോജിത അടിസ്ഥാന സൗകര്യ വികസന കേന്ദ്രങ്ങൾ എന്നിവ കിൻഫ്ര യുടെ പുതിയ പദ്ധതിയിൽ ഉൾപ്പെടും. കിൻഫ്ര യ്ക്ക് വേണ്ടി ബജറ്റിൽ 12 കോടി രൂപ ഞാൻ വകയിരുത്തിയിട്ടുണ്ട്.

44. വിവര സാങ്കേതിക വിദ്യയ്ക്ക് പിറകെ ലോകമെമ്പാടും വ്യാവസായിക വിപ്ലവത്തിന്റെ പുതിയ തരംഗങ്ങൾ സൃഷ്ടിക്കാൻ തയ്യാറായി നിൽക്കുകയാണ് ബയോ ടെക്നോളജി മേഖല. എറണാകുളത്തും തിരുവനന്തപുരത്തും കിൻഫ്രായുടെ ആഭിമുഖ്യത്തിൽ സ്ഥാപിക്കാനുദ്ദേശിക്കുന്ന രണ്ടു പുതിയ ബയോടെക്നോളജി പാർക്കുകൾ ഈ രംഗത്ത് സംസ്ഥാനത്തിന് അതുല്യ സ്ഥാനം നേടുന്നതിനുള്ള ചുവടു വയ്പാണ്. ഭക്ഷ്യ സംസ്കരണ വ്യവസായ രംഗത്ത് വിദേശ ആഭ്യന്തര നിക്ഷേപകരെ ആകർഷിക്കുന്നതിനുള്ള പ്രത്യേക ശ്രമങ്ങൾ നടത്തുന്നതാണ്.

45. ചെറുകിട-ഇടത്തരം വ്യവസായങ്ങളെ പ്രോൽസാഹിപ്പിക്കുന്നതിനു വേണ്ടി കേരള ഫിനാൻഷ്യൽ കോർപ്പറേഷന് 13 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. 48000 പേർക്ക് തൊഴിൽ ലഭ്യമാക്കാൻ ലക്ഷ്യമിട്ടുകൊണ്ട് 350 കോടി രൂപയ്ക്കുള്ള വിവിധ പദ്ധതികൾ കെ.എഫ്.സി. ഈ വർഷം നടപ്പിലാക്കുമെന്ന് പ്രതീക്ഷിക്കുന്നു.

വിവിധ സർക്കാർ വകുപ്പുകളിൽ നിന്നും തദ്ദേശ സ്ഥാപനങ്ങളിൽ നിന്നും പെർമിറ്റും ലൈസൻസും താമസം വിനാ ലഭ്യമാക്കി 25,000 ചെറുകിട വ്യവസായ യൂണിറ്റുകൾ രജിസ്റ്റർ ചെയ്യുമെന്നാണ് കരുതുന്നത്.

46. മറ്റ് പ്രധാന ബജറ്റു വിഹിതങ്ങൾ കരകൗശല വ്യവസായത്തിന് 1.17 കോടി രൂപ, കയർ മേഖലയ്ക്ക് 13.37 കോടി രൂപ, ഖാദി ഗ്രാമ വ്യവസായത്തിന് 3.50 കോടി രൂപ, പട്ടുനൂൽ വ്യവസായത്തിന് 2.50 കോടി രൂപ എന്നിവയാണ്. കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷന് 4.58 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. കാപെക്സ്, കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷൻ എന്നിവ കഴിഞ്ഞ ഏതാനും വർഷങ്ങളായി ഭാരിച്ച നഷ്ടം ഉണ്ടാക്കിയിട്ടുണ്ട്. കശുവണ്ടി മേഖലയിൽ യാഥാർത്ഥ്യ ബോധത്തിലധിഷ്ഠിതമായ തന്ത്രം ആവിഷ്ക്കരിക്കേണ്ടതാണ്.

<u>കൃഷിയും ഹോർട്ടികൾച്ചറും</u>

47. സർ, ഗവർണർ ഈ മഹനീയ സഭയെ അഭിസംബോധന ചെയ്ത അവസരത്തിൽ ഈ ഗവൺമെന്റിന്റെ കാർഷികനയത്തിന്റെ വിവിധ വശങ്ങളെക്കുറിച്ച് സാമാന്യം വിശദമായി പരാമർശിച്ചിരുന്നു. അതിനാൽ ഞാൻ അതിവിടെ ആവർത്തിക്കുന്നില്ല. മിക്കവാറും എല്ലാ കാർഷിക വിളകൾക്കും ഈയിടെ ഉണ്ടായ വിലത്തകർച്ചയും പ്രധാന കാർഷിക വിളകളായ നാളികേരം, കുരുമുളക്, കശുവണ്ടി തുടങ്ങിയവയെ പരക്കെ ബാധിച്ച രോഗങ്ങളും നമ്മുടെ കർഷകർക്ക് ഇരുതിയിൽ പ്രഹരമായി എന്നത് നിഷേധിക്കാനാവാത്ത വസ്തുതയാണ്. ഇത് സംസ്ഥാനത്തിന്റെ സമ്പദ് വ്യവസ്ഥയിൽ

ആഴത്തിലുള്ള മുറിപ്പാടുകൾ അവശേഷിപ്പിച്ചു. ഈ അവസ്ഥയിൽ നിന്ന് കര കയറേണ്ടതുണ്ട്.

48. പ്ലാൻ ബജറ്റിൽ കൃഷിക്കു വേണ്ടി ഞാൻ 167.20 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തങ്ങൾക്കു ലഭിക്കുന്ന ഗ്രാന്റിൽ നിന്നും ഈ മേഖലയ്ക്കു വേണ്ടി വകയിരുത്തുന്ന തുകകൾ ഉൾപ്പെടെ സംസ്ഥാനത്തെ കാർഷിക മേഖലയിൽ ഏകദേശം 500 കോടി രൂപയുടെ മുതൽമുടക്ക് ഉണ്ടാകുന്നതാണ്.

49. പുന:സ്ഥാപനം അസാദ്ധ്യമാക്കുന്ന തരത്തിൽ കുറഞ്ഞുകൊണ്ടിരിക്കുന്ന നെൽകൃഷിയും അതുമായി ബന്ധപ്പെട്ട നെൽപ്പാടങ്ങളുടെ പാരിസ്ഥിതികമായ തകർച്ചയും ഒഴിവാക്കാൻ നെൽപ്പാടങ്ങൾ വൻതോതിൽ നികത്തി മറ്റു രീതിയിൽ ഉപയോഗിക്കുന്ന പ്രവണതയ്ക്ക് തടയിടേണ്ടതുണ്ട്. നെല്ലുൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് ഊന്നൽ നൽകിക്കൊണ്ട് ഉൽപ്പാദനക്ഷമത വരുന്ന ഏതാനും വർഷങ്ങൾക്കകം ഹെക്ടറിന് 2.5 ടണ്ണിലധികമായി വർദ്ധിപ്പിക്കുന്നതാണ്. നെൽകൃഷി വികസനത്തിന് 8 കോടി രൂപ വകയിരുത്തുന്നു. കേന്ദ്രസർക്കാരിന്റെ മാക്രോമാനേജ്മെന്റ് പദ്ധതിയിൻ കീഴിൽ നെൽകൃഷിക്ക് 14 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. നെൽകൃഷിക്ക് ഞാൻ മൊത്തം 22.12 കോടി രൂപ നീക്കിവയ്ക്കുന്നു.

50. തെങ്ങുകൃഷി നേരിടുന്ന പ്രശ്നങ്ങളും വെല്ലുവിളികളും സമഗ്രമായി നേരിടുവാൻ പര്യാപ്തമായ ഒരു "കോക്കനട്ട് ടെക്നോളജി മിഷൻ" സംസ്ഥാനത്ത് രൂപീകരിക്കുന്നതാണ്. താങ്ങുവിലയ്ക്ക് അനുസൃതമായി കർഷകരിൽ

നിന്നും നാളികേരം സംഭരിക്കാനുള്ള പരിപാടി ഈ വർഷം ആരംഭിക്കുന്നതാണ്. തെങ്ങിനെ ബാധിച്ച മണ്ഡരി രോഗം ഈ കൃഷിയിൽ നിന്നുള്ള ലാഭത്തെയും തെങ്ങുകൃഷിയെത്തന്നെയും ദോഷകരമായി ബാധിച്ചിട്ടുണ്ട്. മൈറ്റ് വേരു ചീയൽ, മണ്ഡരി തുടങ്ങിയ പകർച്ചവ്യാധികളെ ഉന്മൂലനം ചെയ്യുന്നതിന് ഒരു പ്രത്യേക പരിപാടി നടപ്പിലാക്കുന്നതാണ്. നാളികേര ഉൽപ്പന്നങ്ങളുടെ വൈവിധ്യവൽക്കരണത്തിനും വിപണനത്തിനുമുള്ള ശ്രമത്തിൽ പൊതുമേഖലയിലും സ്വകാര്യ മേഖലയിലുമുള്ള സ്ഥാപനങ്ങളെയും സഹകരിപ്പിക്കും. തെങ്ങ് കൃഷിക്കായി 19.20 കോടി രൂപ ഞാൻ എന്റെ ബജറ്റിൽ മാറ്റിവെയ്ക്കുന്നു.

51. ലോകവ്യാപാര ഉടമ്പടിയുടെ ഫലമായി തുറക്കപ്പെട്ട ഇന്ത്യൻ വിപണി കാർഷികമേഖലയിലുണ്ടാക്കുന്ന പ്രത്യാഘാതത്തെപ്പറ്റി നിരന്തര പഠനം നടത്തുന്നതിന് മികവുറ്റ വിദഗ്ദ്ധൻമാരുടെ ഒരു സ്റ്റാൻഡിംഗ് കമ്മറ്റി രൂപീകരിക്കുന്നതാണ്. ഈ കമ്മിറ്റിയുടെ ശുപാർശകൾ സർക്കാർ വിലയിരുത്തി ലോകവ്യാപാര ഉടമ്പടിയുടെ ദോഷഫലങ്ങൾ നേരിടുകയും, അന്തർദ്ദേശീയ വിപണി പ്രാപ്യമാകുന്നതിലൂടെയുണ്ടാകുന്ന അനുകൂലഘടകങ്ങൾ വേണ്ടവിധം ചൂഷണം ചെയ്യുന്നതുമാണ്. ഈ കമ്മറ്റിയുടെ പ്രവർത്തനത്തിന് നാമമാത്ര തുകയായി 3 ലക്ഷം രൂപ വകയിരുത്തുന്നു.

52. സുഗന്ധദ്രവ്യങ്ങളുടെയും കശുവണ്ടിയുടെയും വിദേശവ്യാപാര സാധ്യത സംസ്ഥാനത്തിന്റെ സാമ്പത്തിക വളർച്ചക്കു വേണ്ടി പൂർണ്ണമായും പ്രയോജനപ്പെടുത്തേണ്ടതാണ്. കുരുമുളകിന്റെയും മറ്റു സുഗന്ധ ദ്രവ്യങ്ങളുടെയും ഉൽപ്പാദനക്ഷമതയും

ഗുണമേന്മയും മറ്റു വിദേശ ഉൽപ്പന്നങ്ങളോട് മത്സരിക്കാൻ പര്യാപ്തമായ രീതിയിൽ മെച്ചപ്പെടുത്തുന്നതിനായിരിക്കും ഊന്നൽ നൽകുക. കശുവണ്ടിക്കൃഷിയിൽ ഉയർന്ന സാന്ദ്രതയിലുള്ള തൈ നടീൽ, ക്ലോണിങ്ങിലൂടെ വികസിപ്പിച്ചെടുത്ത തൈകളുടെ ഉപയോഗം, ഉൽപ്പാദനക്ഷമമല്ലാത്ത തോട്ടങ്ങളുടെ പുനരുജ്ജീവിപ്പിക്കൽ തുടങ്ങിയ നൂതന സാങ്കേതികവിദ്യകൾ വിപുലമായ രീതിയിൽ പ്രയോഗിക്കാൻ ശ്രമിക്കുന്നതാണ്. 6.47 കോടി രൂപ കുരുമുളക് കൃഷി വികസനത്തിനും 5.67 കോടി രൂപ കശുവണ്ടി വികസനത്തിനും ഞാൻ വകയിരുത്തിയിട്ടുണ്ട്.

53. നാഷണൽ വാട്ടർഷെഡ് പ്രോഗ്രാമിനു കീഴിലുള്ള സംസ്ഥാനത്തെ 28 നീർമറി പദ്ധതികൾക്കു വേണ്ടി 13.08 കോടി രൂപ നീക്കി വച്ചിട്ടുണ്ട്.

54. റബ്ബർ കൃഷിക്കാർ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിച്ച് റബ്ബർ കൃഷിക്ക് നമ്മുടെ സംസ്ഥാനത്തിന്റെ സമ്പദ്‌വ്യവസ്ഥയിൽ ഉണ്ടായിരുന്ന സ്ഥാനം പുന:സ്ഥാപിക്കപ്പെടേണ്ടതുണ്ട്. 1.5 ലക്ഷം ടൺ റബ്ബർ രാജ്യത്ത് സ്റ്റോക്കുള്ളപ്പോൾ റബ്ബർ ഇറക്കുമതി ചെയ്യുന്നത് ശക്തമായി എതിർക്കേണ്ടതാണ്. ഏത് ന്യായത്തിന്റെ പേരിലായാലും റബ്ബർ ഇറക്കുമതി ചെയ്യാൻ അനുവദിക്കരുതെന്ന് ഇന്ത്യാ ഗവൺമെന്റിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. റോഡുകൾക്കുവേണ്ടിയും പുതിയ വ്യവസായങ്ങൾക്കു വേണ്ടിയും റബ്ബർ ഉപയോഗിക്കുന്നത് പ്രോത്സാഹിപ്പിക്കുന്നതാണ്. ലോകവ്യാപാര ഉടമ്പടിയുടെ പുനർകൂടിയാലോചനയിലൂടെ റബ്ബറിനെ ആഗോള വ്യാപാരത്തിനുള്ള ഒരു കാർഷികോൽപ്പന്നമായി അംഗീകരിപ്പിക്കേണ്ടതാണ്. സർ, റബ്ബറിന്റെ വില

കർഷകർക്ക് ലാഭകരമല്ലാത്ത അവസ്ഥയിൽ തുടരുകയാണെങ്കിൽ ആവശ്യമായ വിഭവം സമാഹരിച്ച് കമ്പോള ഇടപെടലിലൂടെ റബ്ബർ കർഷകർക്ക് ആശ്വാസം പകരാൻ സർക്കാർ പ്രതിജ്ഞാബദ്ധമാണെന്ന് ഞാൻ ഈ സഭയ്ക്ക് ഉറപ്പ് നൽകുന്നു. റബ്ബറിന്റെ നികുതി നിരക്ക് 4% ൽ നിന്നും വർദ്ധിപ്പിക്കുന്നതല്ല. 5 ഹെക്ടറിൽ താഴെയുള്ള റബ്ബർ കർഷകരെ കാർഷികാദായ നികുതിയിൽ നിന്നും ഒഴിവാക്കിയിരിക്കുകയാണ്. 20 ഹെക്ടർ വരെയുള്ള റബ്ബർ, കാപ്പിത്തോട്ടങ്ങളെ തുടർന്നും കാർഷികാദായ നികുതിയിൽ നിന്നും ഒഴിവാക്കുന്നതാണ്.

55. ഹരിതസംഘങ്ങളുടെ പ്രവർത്തനം പുനഃക്രമീകരിച്ച് തെരഞ്ഞെടുക്കപ്പെട്ട സ്ഥലങ്ങളിലേക്ക് കൂടി വ്യാപിപ്പിക്കുന്നതാണ്. പുഷ്പഫലങ്ങളുടേയും പച്ചക്കറികളുടേയും വിപണനം കേരളാ ഹോർട്ടികൾച്ചറൽ പ്രോഡക്ട്സ് ഡെവലപ്പ്മെന്റ് കോർപ്പറേഷനിലൂടെയും തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾ വഴിയും ഏറ്റെടുക്കുന്നതാണ്. നാളികേരം, പഴവർഗ്ഗങ്ങൾ, പച്ചക്കറികൾ, സുഗന്ധവ്യഞ്ജനങ്ങൾ എന്നിവയിൽ നിന്നുള്ള മൂല്യ വർദ്ധിത ഉൽപ്പന്നങ്ങളുടെ വികസനത്തിനും വിപണനത്തിനുമായിരിക്കും പ്രാധാന്യം നൽകുക. ഹോർട്ടികൾച്ചറിനു വേണ്ടി ഞാൻ 7.60 കോടി രൂപ എന്റെ ബജറ്റിൽ മാറ്റി വയ്ക്കുന്നു.

56. ചെറുകിട ഇടത്തരം കർഷകർക്ക് പ്രയോജനം ഉറപ്പുവരുത്തക്കവണ്ണം വിള ഇൻഷുറൻസ് പദ്ധതി പരിഷ്കരിക്കുന്നതാണ്. ഈ പദ്ധതിയുടെ നടത്തിപ്പ് ഒരു സ്വയംഭരണ സ്ഥാപനത്തെ

ഏൽപ്പിക്കുന്നതാണ്. ഇതിലേക്കായി ഒരു കോടി രൂപ വകയിരുത്തുന്നു.

<u>മൃഗ സംരക്ഷണവും ക്ഷീരവികസനവും</u>

57. മൃഗ സംരക്ഷണ ക്ഷീരവികസന മേഖലകളിലെ സേവനത്തിന്റെ കാര്യക്ഷമത മെച്ചപ്പെടുത്തിയും, സങ്കര ബീജസങ്കലന കേന്ദ്രങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തിയും ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതാണ്. മൃഗസംരക്ഷണ ക്ഷീരവികസന മേഖലകളിൽ നിലവിലുള്ള അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതാണ്. ഉല്പാദനത്തിലെ വർദ്ധനവ് കൈകാര്യം ചെയ്യുന്നതിന് കേരളാ കോ–ഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷന്റെ സംസ്കരണശേഷി വർദ്ധിപ്പിക്കുന്നതാണ്. സഹകരണമേഖലയിലും സ്വകാര്യമേഖലയിലും കൂടുതൽ വില്പന കേന്ദ്രങ്ങൾ പ്രോത്സാഹിപ്പിച്ച് ഡയറി കോ–ഓപ്പറേറ്റീവുകളുടെ മാർക്കറ്റ് ഷെയർ വർദ്ധിപ്പിക്കുന്നതാണ്. മൃഗ സംരക്ഷണ ക്ഷീര വികസന മേഖലയിൽ, വാർഷിക പദ്ധതിയിൽ ഉൾക്കൊള്ളിച്ച് 35.25 കോടി രൂപ ഞാൻ എന്റെ ബജറ്റിൽ വകയിരുത്തുന്നു.

58. ചുരുങ്ങിയത് 15,000 കർഷകർക്കെങ്കിലും ശാസ്ത്രീയ കന്നുകാലി-കോഴി വളർത്തലിൽ പരിശീലനം നൽകുന്നതാണ്. ഈ പദ്ധതിക്കായി 60 ലക്ഷം രൂപ വകയിരുത്തുന്നു. എല്ലാ ക്ഷീരകർഷകർക്കും ബാധകമാകത്തക്കവിധത്തിൽ, ഫാം ഇൻഫർമേഷൻ ബ്യൂറോയുടെ ആഭിമുഖ്യത്തിൽ കാമധേനു ഇൻഷുറൻസ് പദ്ധതി പ്രാമുഖ്യം നൽകി നടപ്പാക്കും.

59. ഊർജ്ജിതമായ മൃഗ സംരക്ഷണ പരിപാടിയിലൂടെ അകിടുവീർക്കൽ രോഗം തടയാനുള്ള ഊർജ്ജിത ശ്രമം നടത്തും. മൃഗസംരക്ഷണ സേവനങ്ങൾ

മെച്ചപ്പെടുത്തുന്നതിനായി പദ്ധതിയിനത്തിൽ 13.20 കോടി രൂപ ഉൾക്കൊള്ളിച്ചിട്ടുണ്ട്. രണ്ട് അത്തരം ഗ്രാമങ്ങളോ ഒരു പ്രദേശമോ ദത്തെടുത്ത് കൊണ്ട് ഊർജ്ജിത ക്ഷീരോൽപ്പാദന പദ്ധതി നടപ്പാക്കുന്നതാണ്. പ്രത്യേക കന്നുകാലി വികസന പദ്ധതിക്കായി 5.25 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്. ഗ്രാമ പഞ്ചായത്തുകളിൽ തീറ്റപ്പുൽ നേഴ്സറി സ്ഥാപിക്കുക, പാലിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനായി ജില്ലകളിലെ ഡയറി ക്വാളിറ്റി കൺട്രോൾ ലാബൊറട്ടറികൾ ശക്തിപ്പെടുത്തുക എന്നിവയാണ് ഈ മേഖലയിൽ ഗവൺമെന്റ് പങ്കാളിത്തം ഉറപ്പാക്കാനുതകുന്ന മറ്റു ഘടകങ്ങൾ. പ്രാദേശിക സ്വയംഭരണസ്ഥാപനങ്ങളുടെയും ക്ഷീര സഹകരണ സ്ഥാപനങ്ങളുടെയും സജീവ പങ്കാളിത്തത്തോടെ, സഞ്ചരിക്കുന്ന കൃത്രിമ ബീജസങ്കലനയൂണിറ്റുകളും . കറവയന്ത്രങ്ങളും ഉപയോഗിക്കുന്നതിനാവശ്യമായ പൈലറ്റ് പദ്ധതികൾ വ്യാപകമാക്കും. ക്ഷീരസഹകരണ സംഘങ്ങൾ ശക്തിപ്പെടുത്തുന്നതിനായി 70 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

60. കേരള ലൈവ് സ്റ്റോക്ക് ഡവലപ്പ്മെന്റ് ബോർഡിന്റെ പ്രവർത്തനത്തിനായി 3 കോടി രൂപ മാറ്റി വച്ചിരിക്കുന്നു. വയനാട്ടിലെ വെറ്റിനറി കോളേജിനായി 2.5 കോടി രൂപയും ഉൾക്കൊള്ളിച്ചിട്ടുണ്ട്.

<u>മത്സ്യബന്ധനം</u>

61. മത്സ്യത്തൊഴിലാളികളുടെ ക്ഷേമത്തിനു മുൻതൂക്കം നൽകുന്ന തരത്തിൽ തൊഴിലവസരങ്ങൾ പ്രയോജനപ്പെടുത്തുന്ന ഒരു സമീപനമാണ് മത്സ്യമേഖലയിൽ നാം സ്വീകരിക്കാനുദ്ദേശിക്കുന്നത്. മത്സ്യത്തൊഴിലാളി സ്ത്രീകൾക്കായി 15 കോടി

രൂപയുടെ എസ്റ്റിമേറ്റുള്ള വൻതോതിലുള്ള ഒരു സ്വയം തൊഴിൽ പദ്ധതി ഏർപ്പെടുത്തും. മത്സ്യത്തൊഴിലാളി സ്ത്രീകളെ സ്വയം സഹായ ഗ്രൂപ്പുകളായി തിരിക്കുകയും മത്സ്യബന്ധനവുമായി ബന്ധപ്പെട്ട സാമ്പത്തിക പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിനു അധികാരപ്പെടുത്തുന്നതുമാണ്. സർക്കാർ വിഹിതമായി 1 കോടി രൂപ ഇതിനായി നീക്കിവച്ചിരിക്കുന്നു.

62. പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്കായി എൻ.സി.ഡി.സി. സഹായം ഉപയോഗിച്ച് ഒരു സംയോജിത മത്സ്യബന്ധനവികസന പദ്ധതിയ്ക്ക് രൂപം നൽകും. ഏഴു സ്ഥലങ്ങളിൽ പുതിയ ഫിഷ് ലാൻഡിംഗ് സെന്ററുകൾ നിർമ്മിക്കും. നാമമാത്ര തുകയായി 11 ലക്ഷം രൂപ ഇതിനായി നീക്കിവെച്ചിരിക്കുന്നു. മത്സ്യത്തൊഴിലാളികൾക്ക് മത്സ്യത്തൊഴിലാളി ക്ഷേമനിധിയിൽ നിന്നും കൂടുതൽ ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിനു നടപടി കൈക്കൊള്ളും.

63. മുതലപ്പൊഴി, കായംകുളം,പൊന്നാനി,തലായി എന്നിവിടങ്ങളിലെ മത്സ്യബന്ധന തുറമുഖങ്ങളുടെ നിർമ്മാണം പൂർത്തീകരിക്കും. കൊയിലാണ്ടിയിൽ പുതിയ ഒരു മത്സ്യ ബന്ധന തുറമുഖം നിർമ്മിക്കുന്നതിനുള്ള നിർമ്മാണ പ്രവർത്തനം ആരംഭിക്കും. ബജറ്റിൽ ഈ നിർമ്മാണപ്രവൃത്തികൾക്കായി 10.84 കോടി രൂപാ ഉൾപ്പെടുത്തിയിട്ടുണ്ട്.

64. പുതുക്കിയ ബജറ്റിൻ പ്രകാരം പദ്ധതിയിനത്തിൽ ഈ മേഖലക്കു 74.40 കോടി രൂപ ലഭിക്കുന്നതാണ്.

## വനവും വന്യജീവി സംരക്ഷണവും

65. പുതുക്കിയ ബജറ്റിൽ വന വന്യജീവി സംരക്ഷണ മേഖലയ്ക്കായി 61 കോടി രൂപ ഞാൻ ഉൾക്കൊള്ളിച്ചിട്ടുണ്ട്. വനങ്ങളുടെ നിദാനമായ പരിരക്ഷണത്തിനുതകുന്ന മാനേജ്മെന്റ്, വനവിഭവങ്ങളുടെ പരിരക്ഷ, പരിസ്ഥിതി സംരക്ഷണം എന്നിവയിൽ ഊന്നൽ നൽകും.

66. വനവിഭവങ്ങളുടെ വർദ്ധനവിന് 14.17 കോടിയും വനവിഭവശേഷി വർദ്ധിപ്പിക്കുന്നതിനായി 7.10 കോടി രൂപയും, ഞാൻ വകയിരുത്തുന്നു. വിദേശ സഹായ പദ്ധതിയായ കേരള ഫോറസ്ട്രി പ്രോജക്ടിനായി ഞാൻ 32 കോടി രൂപാ ബജറ്റിൽ ഉൾക്കൊള്ളിച്ചിരിക്കുന്നു.

## പട്ടിക ജാതി - പട്ടിക വർഗ്ഗ ക്ഷേമം

67. സംസ്ഥാനം സാമ്പത്തിക ബുദ്ധിമുട്ടുകൾ നേരിടുകയാണെങ്കിൽ കൂടി, പട്ടിക ജാതി പട്ടിക വർഗ്ഗ വിഭാഗത്തിനായുള്ള ചെലവുകളിൽകുറവു വരുന്നതല്ലെന്ന കാര്യം സർക്കാർ ഉറപ്പു വരുത്തും. പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമത്തിനായി മൊത്തം 335 കോടി രൂപ വകയിരുത്തിയിരിക്കുന്നു. ഇത് സംസ്ഥാനത്തിന്റെ മൊത്തം വാർഷിക പദ്ധതിയുടെ 11.11 ശതമാനമാണ്.

68. പ്രത്യേക ഘടക പദ്ധതിക്കായി ഈ വർഷം 277 കോടി രൂപ നീക്കി വെച്ചിട്ടുണ്ട്. പട്ടികവർഗ്ഗക്കാരുടെ ഉന്നമനത്തിനായി 58 കോടി രൂപയും വകയിരുത്തിയിരിക്കുന്നു. പട്ടിക ജാതി -പട്ടിക വർഗ്ഗക്കാരുടെ പാർപ്പിട പദ്ധതിക്കായി ബജറ്റിൽ 22.33 കോടി രൂപ വകയിരുത്തിയിരിക്കുന്നു

69. ഈ മഹനീയ സഭയുടെ മുമ്പാകെ ഗവർണ്ണർ നടത്തിയ പ്രസംഗത്തിൽ പട്ടികജാതി-പട്ടികവർഗ്ഗക്കാരെ സംബന്ധിച്ച കാര്യങ്ങളിൽ സർക്കാരിന്റെ നയങ്ങളും പദ്ധതികളും അവലോകനം ചെയ്യുവാനായി ഒരു കമ്മീഷനെ നിയമിക്കുന്നുവെന്നു പ്രഖ്യാപിക്കുകയുണ്ടായി. ഈ കമ്മീഷന്റെ പ്രാരംഭപ്രവർത്തനങ്ങൾക്കായി 3 ലക്ഷം രൂപാ നീക്കി വയ്ക്കുന്നു.

70. പട്ടികജാതി-പട്ടിക വർഗ്ഗക്കാരുടെ സാമൂഹ്യ സാമ്പത്തിക വികസന ചരിത്രത്തിന്റെ ഈ ഘട്ടത്തിൽ പട്ടികജാതി-പട്ടിക വർഗ്ഗ വിദ്യാർത്ഥികളുടെയും യുവജനങ്ങളുടെയും ബൗദ്ധികവും കായികവുമായ കഴിവുകളെ പരിപോഷിപ്പിക്കേണ്ടത് അനിവാര്യമാണ് എന്ന കാര്യം സർക്കാരിനറിവുള്ളതാണ്. സംരംഭക സഹായ പദ്ധതികൾ, വ്യവസായങ്ങളിലും വ്യാപാര വാണിജ്യങ്ങളിലും പട്ടികജാതി -പട്ടിക വർഗ്ഗ യുവജനങ്ങൾക്ക് മാനേജ്മെന്റ് കഴിവുകൾ വളർത്താനുതകുന്ന കോഴ്സുകളും പരിശീലനങ്ങളും കമ്പ്യൂട്ടറും വിവരസാങ്കേതിക വിദ്യയുമായി ബന്ധപ്പെട്ട് തെരഞ്ഞെടുത്ത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ കൂടി നൽകുന്ന പരിശീലനം എന്നിങ്ങനെ വിവിധ പദ്ധതി പ്രകാരം സാധ്യമാക്കാവുന്നതാണ്.

71. പട്ടികജാതി-പട്ടികവർഗ്ഗക്കാരുടെ ഉന്നത വിദ്യാഭ്യാസത്തിനും ഗവേഷണത്തിനു മുതകുന്ന ഒരു ദേശീയ സ്ഥാപനമായി വികസിപ്പിച്ചെടുക്കാവുന്ന തരത്തിൽ പട്ടികജാതി -പട്ടിക വർഗ്ഗക്കാർക്കു മാത്രമായി ഒരു സെന്റർ ഓഫ് എക്സലൻസ് സ്ഥാപിക്കുവാനായി 2.5 കോടി രൂപാ ഞാൻ ബജറ്റിൽ ഉൾക്കൊള്ളിക്കുന്നു.

പട്ടികജ്ജാതി -പട്ടിക വർഗ്ഗ വിദ്യാർത്ഥികളെ ദേശീയ ശാസ്ത്ര-സാങ്കേതിക-മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ടുകളിൽ വിവരസാങ്കേതിക വിദ്യയിൽ പരിശീലനത്തിനയയ്ക്കുന്നതിനായി 25 ലക്ഷം രൂപാ വകയിരുത്തിയിട്ടുണ്ട്. പട്ടികവർഗ്ഗക്കാരുടെ പാരമ്പര്യ കഴിവുകളും തൊഴിലുകളും വികസിപ്പിച്ച് പരമ്പരാഗത അറിവും വൈദഗ്ദ്ധ്യവും പരിരക്ഷിക്കുകയെന്ന ഉദ്ദേശത്തോടെ ഒരു കേന്ദ്രം ഈ വർഷം ആരംഭിക്കുന്നതാണ്.

72. ഇടുക്കി, കാസർഗോഡ്, കോഴിക്കോട് എന്നിവിടങ്ങളിൽ പട്ടികജ്ജാതിക്കാർക്കായി മൂന്നു മാതൃകാ റസിഡൻഷ്യൽ സ്കൂളുകളും പുനലൂർ, ഇടുക്കി, കോട്ടയം എന്നിവിടങ്ങളിൽ പട്ടികവർഗ്ഗക്കാർക്കായി മൂന്നു റസിഡൻഷ്യൽ സ്കൂളുകളും ഈ വർഷം ആരംഭിക്കുന്നതാണ്. ഇതിനായി 11.00 കോടി രൂപാ മാറ്റി വക്കാൻ എനിക്ക് അതിയായ സന്തോഷമുണ്ട്.

<u>ഭവന നിർമ്മാണം</u>

73. കേരളാ സ്റ്റേറ്റ് ഹൗസിംഗ് ബോർഡ് കഴിഞ്ഞ അഞ്ചു വർഷക്കാലം കൊണ്ട് സാമ്പത്തികമായി തകർക്കപ്പെട്ടിരിക്കുകയാണ്. ക്രമരഹിതമായ കടമെടുപ്പും അങ്ങനെ സ്വരൂപിച്ച ഫണ്ട് വക മാറ്റി ചെലവഴിച്ചതുമാണ് ഇതിന്റെ പ്രധാന കാരണം. ബോർഡിന് മുഖ്യമായി വായ്പ നൽകുന്ന സ്ഥാപനമായ ഹഡ്കോയ്ക്ക് 202 കോടി രൂപ തിരിച്ചടക്കാനുണ്ട്. ഈ സ്ഥിതിയിൽ നിന്നും കര കയറുന്നതിനും ബോർഡിനെ ഒരു അടച്ചുപൂട്ടൽ ഭീഷണിയിൽ നിന്നും രക്ഷിച്ചെടുക്കുന്നതിനുമുള്ള മാർഗ്ഗങ്ങൾ ആരാഞ്ഞുകൊണ്ടിരിക്കുകയാണ്.

74. എന്റെ ബജറ്റിൽ ഭവനനിർമ്മാണത്തിനു വേണ്ടി ഞാൻ 41.50 കോടി രൂപ വകയിരുത്തുന്നു. ഇതിൽ

30 കോടി രൂപ മൈത്രി ഭവനനിർമ്മാണ പദ്ധതിയുടെ കുടിശ്ശിക തീർക്കുന്നതിനു വേണ്ടിയാണ്.

75. തിരുവനന്തപുരം ജില്ലയിലെ ആക്കുളത്തെയും എറണാകുളത്തെ തൃപ്പൂണിത്തുറയെയും ദേശീയ അന്തർദേശീയ ധനകാര്യസ്ഥാപനങ്ങളുടെ ധനസഹായത്തോടു കൂടി ഉപഗ്രഹനഗരങ്ങളായി വികസിപ്പിക്കുന്നതാണ്.

76. കേരള സ്റ്റേറ്റ് നിർമ്മിതി കേന്ദ്രം 100 പഞ്ചായത്തുകളിൽ സ്വയം തൊഴിൽ കേന്ദ്രങ്ങൾ തുടങ്ങുന്നതാണ്. ഈ കേന്ദ്രങ്ങളിൽ തൊഴിൽരഹിതരായ യുവതിയുവാക്കളെ കെട്ടിടനിർമ്മാണ വസ്തുക്കളുടെ ഉൽപ്പാദനത്തിൽ പരിശീലനം നൽകുന്നതാണ്.

77. മുനിസിപ്പൽ പ്രദേശങ്ങളിൽ വീടു വയ്ക്കാൻ പ്ലോട്ടുകൾക്കു വേണ്ടി രജിസ്റ്റർ ചെയ്തിട്ടുള്ളവർക്ക് പ്ലോട്ടുകൾ അനുവദിക്കുന്നതിനും അതിനുവേണ്ടി ധനകാര്യസ്ഥാപനങ്ങളിൽ നിന്നും വായ്പാ സൗകര്യം ലഭ്യമാക്കുന്നതിനും പുതിയ ഒരു പദ്ധതി ഈ വർഷം ആരംഭിക്കുന്നതാണ്.

<u>ഗ്രാമവികസനവും പഞ്ചായത്തുകളും</u>

78. ഈ പുതുക്കിയ ബജറ്റിൽ ഗ്രാമവികസനത്തിനും പഞ്ചായത്തിനുമായി ഞാൻ 64.23 കോടി രൂപ നീക്കി വയ്ക്കുന്നു. ഇതിൽ 43.24 കോടി രൂപ ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതികൾക്കു വേണ്ടി മാത്രമായും 20.99 കോടി രൂപ സാമൂഹ്യവികസനത്തിനും പഞ്ചായത്തുകൾക്കും വേണ്ടിയുമാണ്.

79. മൊത്തം വിഹിതത്തിൽ 17.43 കോടി രൂപ അട്ടപ്പാടി തരിശു ഭൂമി വികസന- പരിസ്ഥിതി സംരക്ഷണ പ്രോജക്ടിനു വേണ്ടിയാണ്.

80. ചെറുകിട സംരംഭങ്ങൾ ദാരിദ്ര്യ നിർമ്മാർജ്ജനത്തിനനുയോജ്യമായ ഉപാധിയാണെന്ന് കുടുംബശ്രീ പദ്ധതി സാക്ഷ്യപ്പെടുത്തുന്നു. ഈ പരീക്ഷണം ദേശീയ അന്തർദേശീയതലത്തിൽ പ്രശംസ പിടിച്ചു പറ്റിയിട്ടുണ്ട്. ഈ വർഷം ഈ പരിപാടി പിന്നാക്കജില്ലകളായ കാസർകോടും വയനാട്ടിലും മറ്റു ജില്ലകളിലെ 50 പഞ്ചായത്തുകളിലും വ്യാപിപ്പിക്കുന്നതാണ്. 10 കോടി രൂപ ഈ സ്കീമിനായി ഞാൻ വകയിരുത്തുന്നു.

81. തദ്ദേശസ്വയംഭരണ ഗവൺമെന്റുകളുടെ കമ്പ്യൂട്ടർവൽക്കരണ പരിപാടിയിൽ കീഴിൽ ഇൻഫർമേഷൻ കേരള് മിഷന്റെ സംസ്ഥാനതല പ്രവർത്തനങ്ങൾക്കായി ഞാൻ ഒരു കോടി രൂപ വകയിരുത്തുന്നു.

<u>നഗരവികസനം</u>

82. എന്റെ ഈ പുതുക്കിയ ബജറ്റിൽ നഗരവികസനത്തിന് വാർഷിക പദ്ധതിയിൽ 28.96 കോടി രൂപ നീക്കി വച്ചിരിക്കുന്നു. ബ്രിട്ടനിലെ അന്താരാഷ്ട്ര വികസന വകുപ്പിന്റെ (DFID), സഹായത്തോടുകൂടി കൊച്ചി കോർപ്പറേഷനിൽ നടപ്പിലാക്കിയ കൊച്ചി നഗര ദാരിദ്ര്യനിർമ്മാർജ്ജന പദ്ധതിക്കു വേണ്ടി 8.80 കോടി രൂപ വകയിരുത്തിയിരിയ്ക്കുന്നു.

83. മുനിസിപ്പാലിറ്റികളിൽ നടപ്പിലാക്കിയ 75% കേന്ദ്രാവിഷ്കൃത പദ്ധതിയായ സുവർണ ജയന്തി

ഷഹാരി റോസ്ഗാർ യോജനയ്ക്കു വേണ്ടി ഞാൻ 1.50 കോടി രൂപ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

84. ദേശീയ ചേരിനിർമ്മാർജ്ജന പദ്ധതി 58 പ്രധാന നഗര ചേരികളിൽ ഈ വർഷവും തുടരും.

<u>തീരദേശ വികസന അതോറിറ്റി</u>

85. അടിസ്ഥാന സൗകര്യങ്ങളും മറ്റു പ്രാഥമിക സൗകര്യങ്ങളും വേണ്ട രീതിയിൽ ലഭിക്കാത്തതിനാൽ സംസ്ഥാനത്തെ തീര പ്രദേശങ്ങളിൽ താമസിക്കുന്ന ജനങ്ങൾ നേരിടുന്ന ബുദ്ധിമുട്ടുകളെയും പ്രയാസങ്ങളെയും കുറിച്ച് സർക്കാരിന് ബോധ്യമുണ്ട്. ശുദ്ധജല വിതരണം, ഭവന നിർമ്മാണം, ശുചീകരണം, ആരോഗ്യ പരിപാലനം എന്നിവ ഉൾപ്പെടെ സംസ്ഥാനത്തെ തീരദേശത്തിന്റെ സമഗ്ര വികസനത്തിന് ഒരു തീര ദേശ വികസന അതോറിറ്റി സർക്കാർ രൂപീകരിക്കാനുദ്ദേശിക്കുന്നതായി പ്രഖ്യാപിക്കാൻ എനിക്കു അതിയായ സന്തോഷമുണ്ട്. ഈ അതോറിറ്റി രൂപീകരിക്കുന്നതിനാവശ്യമായ പ്രാഥമിക ചെലവുകൾക്കായി 1.00 കോടി രൂപ ഞാൻ വകയിരുത്തുന്നു.

<u>മലയോര വികസന അതോറിറ്റി</u>

86. സംസ്ഥാനത്തെ മലയോരപ്രദേശങ്ങളുടെ സാമ്പത്തിക വളർച്ചക്ക് ഗതാഗതവും ശുദ്ധജല വിതരണവും പോലുള്ള അടിസ്ഥാന സൗകര്യങ്ങളുടെ കുറവ് മുൻകാലങ്ങളിൽ തടസ്സമായിട്ടുണ്ട്. മലയോര പ്രദേശങ്ങളുടെ വികസനത്തിന് ഒരു സമഗ്ര മുന്നേറ്റം സൃഷ്ടിക്കുവാൻ ഉദ്ദേശിക്കുന്നതായി പ്രസ്താവിക്കുന്നതിൽ എനിക്കു സന്തോഷമുണ്ട്.

ഇതിനുവേണ്ടി ഒരു മലയോര വികസന അതോറിറ്റി രൂപീകരിക്കുമെന്നു ഞാൻ പ്രഖ്യാപിക്കുന്നു. ഇതിലേക്കായി 1 കോടി രൂപ ഞാൻ ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിരിക്കുന്നു.

87. നമ്മുടെ സംസ്ഥാനത്തെ മലയോര പ്രദേശങ്ങളെ തമ്മിൽ ബന്ധപ്പെടുത്തുന്ന ഒരു റോഡ് ശൃംഖലയുടെ അഭാവം ദീർഘകാലമായി അനുഭവപ്പെട്ടു വരുന്നു. സ്വകാര്യ മേഖലയുടെ പങ്കാളിത്തത്തോടെ ഒരു മലയോര ഹൈവേയുടെ നിർമ്മാണം ആരംഭിക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നു എന്നു പ്രഖ്യാപിക്കുവാൻ എനിക്കു അതിയായ സന്തോഷമുണ്ട്. ഇതിനു വേണ്ടി 50 ലക്ഷം രൂപ നീക്കി വയ്ക്കുന്നു.

88. ഭാരതത്തിലെ പ്രസിദ്ധമായ തീർത്ഥാടന കേന്ദ്രങ്ങളിൽ ശബരിമലയുടെ സാമൂഹ്യവും മതപരവും സാമ്പത്തികവുമായ പ്രാധാന്യത്തെക്കുറിച്ച് സർക്കാരിന് ബോധ്യമുണ്ട്. ശബരിമലയുടെ വികസനത്തിനു വേണ്ടി ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നു. ഈ ആവശ്യത്തിനു വേണ്ടി വരുന്ന വനഭൂമിക്കു പകരമായി വനവൽക്കരണ പരിപാടി നടപ്പാക്കുന്നതിന് നമ്മുടെ പൊതു സ്ഥലം പകരം നൽകുന്നതിന് തയ്യാറാണ്. ഈ പദ്ധതിയുടെ പ്രാരംഭ ചെലവുകൾക്കായി 1.00 കോടി രൂപ മാറ്റി വച്ചിരിക്കുന്നതായി പ്രഖ്യാപിക്കുവാൻ എനിക്കു അതിയായ സന്തോഷമുണ്ട്.

<u>സഹകരണം</u>

89. സംസ്ഥാന സർക്കാരിന്റെ വെയ്സ് ആൻഡ് മീൻസ് മാനേജ്മെന്റിനുവേണ്ടി സഹകരണമേഖലയുടെ 1000 കോടി രൂപ ട്രഷറിയിൽ

തടഞ്ഞുവയ്ക്കപ്പെട്ടതിനാൽ കഴിഞ്ഞ മൂന്നു വർഷമായി സഹകരണ മേഖല അനുഭവിയ്ക്കുന്ന ഗുരുതരമായ വിഭവദൗർലഭ്യത്തെക്കുറിച്ച് ഞാൻ ബോധവാനാണ്. സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെട്ടാലുടൻ ഈ തുക മടക്കി നൽകുന്നതിന് നാം ആത്മാർത്ഥമായി യത്നിക്കും.

90. പരിയാരം മെഡിക്കൽ കോളേജ് പുനരുദ്ധരിക്കുകയും അവിടത്തെ വിദ്യാർത്ഥികളുടെ താൽപര്യങ്ങൾ സംരക്ഷിക്കുകയും ചെയ്യും. കൊച്ചി മെഡിക്കൽ കോളേജിന് അതിന്റെ അക്കാഡമിക് പ്രവർത്തനങ്ങൾ തുടരാൻ കഴിയുന്ന ഒരു അന്തരീക്ഷം സൃഷ്ടിക്കുന്നതാണ്. പ്രൊഫഷണൽ വിദ്യാഭ്യാസത്തിനായുള്ള സഹകരണ ഏജൻസി (CAPE) യുടെ കീഴിലുള്ള എഞ്ചിനീയറിംഗ് കോളേജുകൾക്ക് അവയുടെ അക്കാഡമിക് പ്രവർത്തനങ്ങൾ തുടരാനുള്ള സഹായം ചെയ്യുന്നതാണ്.

91. സംസ്ഥാന സഹകരണമേഖലക്കു വേണ്ടി 62 കോടി രൂപ ഞാൻ വകയിരുത്തിയിട്ടുണ്ട്. നടപ്പുവർഷം എൻ.സി.ഡി.സി. യിൽ നിന്ന് 35.40 കോടി രൂപയുടെ സഹായം പ്രതീക്ഷിക്കുന്നു.

<u>റോഡുകൾ</u>

92. റോഡുകൾക്കും പാലങ്ങൾക്കുമായി 136.71 കോടി രൂപ പദ്ധതി ഇനത്തിലും 309.50 കോടി രൂപ പദ്ധതിയേതര ഇനത്തിലും വകയിരുത്തിയിട്ടുണ്ട്. സംസ്ഥാന ഹൈവേകൾക്കായി 22 കോടി രൂപയും, പ്രധാന ജില്ലാറോഡുകൾക്ക് 33 കോടി രൂപയും, മറ്റു ജില്ലാ റോഡുകൾക്ക് 14 കോടി രൂപയും നീക്കിവച്ചിട്ടുണ്ട്. ഇതിന് പുറമേ സംസ്ഥാനഹൈവേകളിലെ പാലങ്ങൾക്കും

കലുങ്കുകൾക്കുമായി 7 കോടി രൂപയും, പ്രധാന ജില്ലാ റോഡുകളിലെ പാലങ്ങൾക്കും കലുങ്കുകൾക്കുമായി 9.71 കോടി രൂപയും മറ്റു ജില്ലാറോഡുകളുടെ പാലങ്ങൾക്കും കലുങ്കുകൾക്കുമായി 2.50 കോടി രൂപയും ഞാൻ ഉൾപ്പെടുത്തിയിട്ടുണ്ട്.

93. ലോകബാങ്ക് സഹായത്തോടെ കേരളാ സ്റ്റേറ്റ് ട്രാൻസ്പോർട്ട് പ്രോജക്ടിന്റെ കീഴിൽ ഏറ്റെടുത്തിട്ടുള്ള 400 കിലോമീറ്റർ ദൈർഘ്യമുള്ള സ്റ്റേറ്റ് ഹൈവേ - മേജർ ജില്ലാ റോഡുകളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ സർക്കാർ ഈ വർഷം തുടങ്ങുന്നതാണ്. ഇതിന്റെ പ്രാരംഭപ്രവർത്തനങ്ങൾക്കായി 27.75 കോടി രൂപ ഞാൻ നീക്കി വയ്ക്കുന്നു. റെയിൽവേയുടെ പങ്കാളിത്തത്തോടെ റോഡ്സ്&ബ്രിഡ്ജസ് കോർപ്പറേഷൻ റെയിൽവെ മേൽപ്പാലങ്ങളുടെ ഒരു ശൃംഖല സംസ്ഥാനത്ത് നിർമ്മിക്കുന്നതാണ്. നടപ്പു വർഷം 20 റെയിൽവെ മേൽപ്പാലങ്ങളുടെ പണി ഏറ്റെടുത്തു പൂർത്തിയാക്കുന്നതാണ്. ഏറെക്കാലമായി നടപ്പിലാക്കാൻ കഴിയാതിരുന്ന ആലുവ-അങ്കമാലി നാലു വരി പാതയുടെ പണി ഈ വർഷം തന്നെ ആരംഭിക്കുന്നതാണ്.

94. റോഡ് നിർമ്മാണരംഗത്ത് മുടക്കേണ്ട വൻ നിക്ഷേപം പരിഗണിക്കുമ്പോൾ സർക്കാരുകൾക്ക് - കേന്ദ്രമാകട്ടെ സംസ്ഥാനമാകട്ടെ - ബഡ്ജറ്റ് വിഹിതത്തിലൂടെ മാത്രം ഇതിന് സാമ്പത്തിക സഹായം നൽകാനാവില്ല. അതിനാൽ റോഡ് നിർമ്മാണത്തിലും പരിപാലനത്തിലും സ്വകാര്യ മേഖലയെ സജീവമായി പങ്കെടുപ്പിക്കുന്നതാണ്.

95. സമീപഭാവിയിൽ തന്നെ 'ഹൈ സ്പീഡ് ആക്സസ് കൺട്രോൾഡ് മോട്ടോർ വേ' യുടെ രൂപരേഖ സംസ്ഥാനജനതയുടെ മുന്നിൽ അവതരിപ്പിക്കും. സംസ്ഥാന ഗതാഗത ശൃംഖലയുടെ കേന്ദ്ര അച്ചുതണ്ടായി ഇത് വർത്തിക്കും. പ്രസ്തുത പദ്ധതിയുടെ സമീപന രേഖ തയ്യാറാക്കുന്നതിനായി 2 ലക്ഷം രൂപ ടോക്കൺ വിഹിതമായി ഞാൻ വകയിരുത്തുന്നു.

96. ശബരിമലയിലേക്കുള്ള റോഡുകൾ, ഈ പുണ്യ സ്ഥലം സന്ദർശിക്കുന്ന തീർത്ഥാടകരുടെ സൗകര്യം ഉറപ്പു വരുത്തുന്ന രീതിയിൽ അടിയന്തിരമായി അറ്റകുറ്റപ്പണികൾക്ക് വിധേയമാക്കേണ്ടതാണെന്ന വസ്തുത എനിക്ക് ബോധ്യമുള്ളതാണ്. ഇതിനായി 5 കോടി രൂപ ഞാൻ വകയിരുത്തുന്നു.

97. നബാർഡിൽ നിന്നുള്ള ആർ.ഐ.ഡി.എഫ് പദ്ധതി പ്രകാരം ഗ്രാമീണ റോഡുകൾക്കായി ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് ഈ പ്രോജക്ടുകൾക്കുള്ള വിഹിതം 100 കോടിയായി വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്ന വിവരം ഈ സഭയെ ഞാൻ അറിയിക്കുകയാണ്.

## <u>ഗതാഗതം (തുറമുഖങ്ങളും വിമാനത്താവളങ്ങളും ഉൾപ്പടെ)</u>

98. റോഡുകളും ഉൾനാടൻ ജലഗതാഗത പാതകളും മറ്റു ഗതാഗത മാർഗങ്ങളും പരസ്പരം ബന്ധിപ്പിക്കുന്ന സമഗ്രമായ ഒരു ഗതാഗത ശൃംഖല സൃഷ്ടിക്കുക എന്നതാണ് ഗതാഗത മേഖലയെകുറിച്ചുള്ള സർക്കാരിന്റെ കാഴ്ചപ്പാട്. റോഡുകൾ, പാലങ്ങൾ, ഉൾനാടൻ ജലപാതകൾ എന്നിവയൊഴിച്ചുള്ള ഗതാഗത മേഖലയ്ക്കായി 36.24 കോടി രൂപ ഞാൻ നീക്കിവച്ചിട്ടുണ്ട്.

99. സ്വകാര്യമേഖലയിൽ നിന്ന് സമാഹരിക്കുന്ന ഫണ്ട് ഉപയോഗിച്ച് സംസ്ഥാനത്തെ തുറമുഖങ്ങൾ വികസിപ്പിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. വിഴിഞ്ഞം, അഴീക്കൽ തുറമുഖങ്ങളുടെ മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനും ഇൻവെസ്റ്റിഗേഷനും വേണ്ടി 25 ലക്ഷം രൂപ ഞാൻ വകയിരുത്തുന്നു. തുറമുഖങ്ങളുടെ വികസനത്തിനായി 7.79 കോടി രൂപ ഞാൻ നീക്കി വക്കുന്നു

100. മോട്ടോർ വാഹന വകുപ്പിന്റെ കമ്പ്യൂട്ടറൈസേഷൻ പദ്ധതിയെക്കുറിച്ച് ഇതിനകം തന്നെ പരാമർശിച്ചിട്ടുണ്ട്. വകുപ്പ് ചുമത്തുന്ന പെർമിറ്റുകളും ഫീസുകളും യുക്തി സഹമാക്കാനുള്ള നടപടികൾ സ്വീകരിക്കും. അമിത വേഗത പരിശോധിക്കുന്നതിനുള്ള റഡാർ സിസ്റ്റത്തിന് 21 ലക്ഷം രൂപയും വാഹന മലിനീകരണം പരിശോധിക്കുന്നതിനുള്ള എക്സോസ്റ്റ് ഗ്യാസ് അനലൈസറുകൾക്ക് 40 ലക്ഷം രൂപയും ഞാൻ വകയിരുത്തുന്നു. വിഭവ ലഭ്യതക്കനുസരണമായി കൂടുതൽ ബസ്സുകൾ നിരത്തിലിറക്കി കെ.എസ്സ്.ആർ.ടി.സി. ബസ്സുകളുടെ എണ്ണം വർദ്ധിപ്പിക്കുന്നതാണ്. സംസ്ഥാന ജലഗതാഗത വകുപ്പിനെ ഉടച്ചു വാർത്ത് ആധുനികവൽക്കരിക്കുകയും വകുപ്പിന്റെ വാർഷിക നഷ്ടം ഗണ്യമായി കുറക്കുവാൻ സഹായകരമാകുമാറ് ഇന്ധനക്ഷമതയുള്ള ബോട്ടുകൾ ലഭ്യമാക്കുകയും ചെയ്യും.

101. തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളത്തിന് 10 കോടി രൂപ എന്റെ ബജറ്റിൽ ഞാൻ നീക്കി വയ്ക്കുന്നു.

ഉൾനാടൻ ജലഗതാഗതം

102. പുതുക്കിയ ഈ ബജറ്റിൽ, ഉൾനാടൻ ജലഗതാഗത മേഖലക്കായി 12.33 കോടി രൂപ ഞാൻ വകയിരുത്തിയിട്ടുണ്ട്. കോട്ടി-കോട്ടപ്പുറം ജലപാത, സുൽത്താൻ കനാൽ പദ്ധതി, എന്നിവയുടെ നടന്നു വരുന്ന പണികളും കോട്ടി-വളപട്ടണം-പറശ്ശിനിക്കടവ് ബോട്ട് റൂട്ട് പുനരുദ്ധാരണ പ്രവർത്തനങ്ങളും പൂർത്തീകരിക്കുന്നതാണ്.

103. ആലപ്പുഴ-കോട്ടയം, ആലപ്പുഴ-ചങ്ങനാശ്ശേരി, കോട്ടയം-വൈക്കം ജലപാതകൾക്കായി 60 കോടി രൂപയുടെ ലോകബാങ്ക് സഹായം പ്രതീക്ഷിക്കുന്നു.

ജലസേചനം

104. സർക്കാർ രൂപം നൽകിയ 'ആവശ്യാധിഷ്ഠിത സമീപന' ത്തിലൂന്നിയ ജലനയത്തിന്റെ സുപ്രധാന ഘടകങ്ങൾ ജലസംരക്ഷണത്തെയും നീർമറി പ്രദേശവ്യാപനത്തെയും പരസ്പരം ബന്ധപ്പെടുത്തുക എന്നതാണെന്ന വിവരം ബഹു: ഗവർണർ ഈ സഭയിൽ നടത്തിയ പ്രസംഗത്തിൽ വ്യക്തമാക്കിയിരുന്നു. 1994 ൽ തയ്യാറാക്കിയ സംയോജിത ജലസേചന ബില്ലിന്റെ ചട്ടക്കൂടിൽ നിന്ന്കൊണ്ട് രൂപം നൽകുന്ന 'ഇറിഗേഷൻ ആന്റ് വാട്ടർ മാനേജുമെന്റ് ബിൽ' നടപ്പു വർഷം തന്നെ നിലവിൽ വരുന്നതാണ്.

105. പദ്ധതി - പദ്ധതിയേതര വിഹിതത്തിലൂടെ ജലസേചന മേഖലയ്ക്ക് 361.26 കോടി രൂപയുടെ വിഹിതം ഈ ബജറ്റിൽ ഞാൻ വകയിരുത്തുന്നു. പണി പുരോഗമിച്ചുകൊണ്ടിരിക്കുന്ന പദ്ധതികളുടെ പൂർത്തീകരണത്തിന് മുന്തിയ പരിഗണന നൽകുന്നതാണ്. എ.ഐ.ബി.പി. പദ്ധതിക്കു കീഴിൽ കേന്ദ്ര സർക്കാരിന്റെ സഹായം

മൂവാറ്റുപുഴ ഇറിഗേഷൻ പദ്ധതിക്കു ലഭിക്കുമെന്നു പ്രതീക്ഷിക്കുന്നു. ഈ പദ്ധതിയുടെ പ്രവർത്തനം ത്വരിതപ്പെടുത്തുന്നതിന് 45 കോടി രൂപയുടെ വിഹിതം ഞാൻ മാറ്റിവയ്ക്കുന്നു. എ.ഐ.ബി.പി. പ്രോഗ്രാമിൽ നിന്നുള്ള സഹായം ലക്ഷ്യമാക്കി കല്ലട പദ്ധതിയും പൂർത്തീകരിക്കുന്നതാണ്. 38 കോടി രൂപ ഈയിനത്തിൽ നീക്കി വച്ചിട്ടുണ്ട്. ഇടമലയാർ പദ്ധതി ത്വരിതപ്പെടുത്തുവാൻ 16 കോടി രൂപ എന്റെ ബജറ്റിൽ ഞാൻ വകയിരുത്തിയിട്ടുണ്ട്.

106. പണി നടന്നുകൊണ്ടിരിക്കുന്ന പഴശ്ശി ജലസേചന പദ്ധതി, കാരാപ്പുഴ പദ്ധതി, കണക്കൻകടവ് പദ്ധതി, ബാണാസുര സാഗർ പദ്ധതി, ചമ്രവട്ടം ബ്രിഡ്ജ്-കം-റഗുലേറ്റർ പദ്ധതി, അട്ടപ്പാടി വാലി പദ്ധതി, തൃത്താല ബ്രിഡ്ജ്-കം-റഗുലേറ്റർ പദ്ധതി എന്നിവയുടെ പണികൾ ത്വരിതപ്പെടുത്തുന്നതാണ്.

107. ക്ലാസ് I,II വിഭാഗം ചെറുകിട ജലസേചന പദ്ധതികളും ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളും നടപ്പിലാക്കുന്നതിന് നബാർഡിൽ നിന്നും കിട്ടാവുന്നത്ര ധനസഹായം നേടിയെടുക്കുന്നതാണ്. ഉപരിതല ജലഗതാഗത പദ്ധതികൾക്കായി 27 കോടി രൂപ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

108. ജലസേചന പദ്ധതികളുടെ ശരിയായ പരിപാലനത്തിനു പ്രാധാന്യം നൽകുന്നതാണ്. ഇതിനായി സംസ്ഥാനത്തെ വൻകിട ജലസേചന പദ്ധതികളിൽ ജലവിഭവപുനരുദ്ധാരണ – പരിപോഷണ പദ്ധതിയ്ക്ക് 8 കോടി രൂപ പ്രത്യേകം മാറ്റിവച്ചിരിയ്ക്കുന്നു. കൊച്ചിൻ റിഫൈനറിക്കുള്ള ജലവിതരണം സുഗമമാക്കുന്നതിനായുള്ള മഞ്ഞുമ്മേൽ, പാതാളം റഗുലേറ്ററുകളുടെ നിർമ്മാണം പൂർത്തീകരിക്കും.

109. ദശലക്ഷക്കണക്കിന് ഭക്തജനങ്ങൾ ഒരുമിച്ചു കൂടുന്ന ശബരിമല തീർത്ഥാടന കേന്ദ്രത്തിൽ വൃത്തിയും വെടിപ്പുമുള്ള അന്തരീക്ഷം ഉറപ്പു വരുത്തുന്നതിൽ സർക്കാർ മുന്തിയ പരിഗണന നൽകുമെന്ന് പ്രഖ്യാപിക്കുന്നു. അത് നമ്മുടെ സർക്കാരിന്റെ കടമയാണ്. പമ്പാ നദിയുടെ സംരക്ഷണത്തിനും ശുചീകരണത്തിനും പ്രാമുഖ്യം നൽകുന്ന ഒരു ദ്വിവൽസര പദ്ധതിക്ക് ഈ വർഷം തന്നെ തുടക്കം കുറിക്കുന്നതാണ്. ഇതിന്റെ പ്രാരംഭ ചെലവിനായി 1 കോടി രൂപ ഞാൻ വകയിരുത്തുന്നു.

110. സംസ്ഥാനത്തുടനീളം ചെക്ക്ഡാമുകളുടേയും സബ് സർഫസ് ഡാമുകളുടേയും ഒരു ശൃംഖല നിർമ്മിക്കുന്നതിനുള്ള 25 കോടി രൂപ മൊത്തം ചെലവു വരുന്ന പദ്ധതി അടുത്ത മൂന്നു മാസത്തിനുള്ളിൽ നബാർഡിനു സമർപ്പിക്കുന്നതാണ്.

111. കേരളത്തിലെ 20 നദികളുടെ കര സംരക്ഷണത്തിനായി നദികളുടെ കരസംരക്ഷണ പദ്ധതി പ്രകാരം 38.75 കോടി രൂപ കേന്ദ്ര ഗവൺമെന്റിൽ നിന്നും സഹായധനം ആവശ്യപ്പെടുന്നതാണ്. പതിനൊന്നാം ധനകാര്യകമ്മീഷൻ കടലാക്രമണ നിരോധന പദ്ധതികൾക്കായി സംസ്ഥാനത്തിന് 50 കോടി രൂപ ശുപാർശ ചെയ്തിട്ടുണ്ട്. ഇതിനു പുറമെ ദേശീയ അതിർത്തി സംരക്ഷണത്തിന്റെ ഭാഗമായി കടൽഭിത്തി നിർമ്മാണത്തിനും, പുനർനിർമ്മാണത്തിനും വേണ്ടിയുള്ള പദ്ധതിക്കു കേന്ദ്രസഹായം ആവശ്യപ്പെടുന്നതാണ്. എന്റെ പുതുക്കിയ ബഡ്ജറ്റിൽ വെള്ളപ്പൊക്ക-തീരദേശ മാനേജുമെന്റിനു വേണ്ടി വാർഷിക പദ്ധതിയിൽ 17 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

112. ആലപ്പുഴയിലെ ചരിത്ര പ്രാധാന്യമുള്ള കനാലുകളുടെ ശുചീകരണത്തിനും പുനരുദ്ധാരണത്തിനുമായി ഒരു പ്രത്യേക പദ്ധതി പ്രഖ്യാപിക്കുവാൻ ഞാനീ അവസരം വിനിയോഗിക്കുന്നു. ഇത് ഈ പ്രദേശത്തിന്റെ വിനോദ സഞ്ചാരത്തിനും സാമ്പത്തിക വികസനത്തിനും ഉത്തേജനം നൽകുന്നതാണ്. ഇതിലേക്കായി 50 ലക്ഷം രൂപ നാമ മാത്ര വിഹിതമായി ഉൾപ്പെടുത്തുന്നു.

113. ഭൂഗർഭ ജലവികസനത്തിന് വാർഷിക പദ്ധതിയിൽ 13 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

<u>ശുദ്ധജലവിതരണവും ശുചീകരണവും</u>

114. എന്റെ ബജറ്റിൽ ഈ മേഖലക്ക് മൊത്തത്തിൽ 208.27 കോടി രൂപ ലഭിക്കുന്നതാണ്. എല്ലാവർക്കും കുടിവെള്ളം എന്ന പദ്ധതിക്കു മാത്രമായി 32 കോടി രൂപ നീക്കി വച്ചിട്ടുണ്ട്. മുഴുവൻ ജനങ്ങൾക്കും കുടിവെള്ളം ലഭ്യമാക്കുന്നതിന് സംസ്ഥാന സർക്കാർ നിശ്ചയദാർഢ്യത്തോടെ പ്രവർത്തിക്കുന്നതാണ്. ഈ മേഖലക്കു വേണ്ടി 37 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഗ്രാമീണ ജനതയുടെ 55 ശതമാനവും നഗര ജനതയുടെ 78 ശതമാനവും മാത്രമാണ് നിലവിൽ ശുദ്ധജല വിതരണ പദ്ധതികളുടെ പ്രയോജനം ലഭിക്കുന്നത്. അടുത്ത അഞ്ചു വർഷത്തിനുള്ളിൽ ഇത് യഥാക്രമം 80 ശതമാനമായും 90 ശതമാനമായും ഉയർത്തികൊണ്ടു വരാൻ ഉദ്ദേശിക്കുന്നു.

115. ഇതിലേക്കായി ഈ മേഖലക്കുവേണ്ടി കേന്ദ്രാവിഷ്കൃത പദ്ധതി, ത്വരിത ഗ്രാമീണ/നഗര ശുദ്ധജലവിതരണ പദ്ധതി, ടെക്നോളജി മിഷൻ, എൽ.ഐ.സി., ഹഡ്കോ എന്നിവയിൽ നിന്നും

ലഭിക്കുന്ന എല്ലാ സഹായധനവും വിനിയോഗിക്കുന്നതാണ്. എൽ.ഐ.സി., ഹഡ്കോ പദ്ധതികളിൽ കൂട്ടു നിക്ഷേപത്തിന് 27.5 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. സാമൂഹ്യ ശുദ്ധജല വിതരണ–പരിസര ശുചീകരണ പദ്ധതികളുടെ സഹായത്തിനായി ലോക ബാങ്കും നെതർലാൻഡ് സർക്കാരുമായുള്ള ചർച്ചകൾ പുരോഗമിച്ചു വരുന്നു. ലോക ബാങ്ക് സഹായത്തോടെ സംസ്ഥാനത്തിന്റെ നാലു ജില്ലകളിൽ നടപ്പിലാക്കി വരുന്ന ഗ്രാമീണ ശുദ്ധജല വിതരണപദ്ധതിയുടെ പരീക്ഷിക്കപ്പെടുന്ന അടിസ്ഥാന തത്വങ്ങൾ പരിഷ്കരിക്കുകയും വ്യാപിപ്പിക്കുകയും ചെയ്യുന്നതാണ്. കേരള ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതിക്കു വേണ്ടി 5 കോടി രൂപവകയിരുത്തിയിട്ടുണ്ട്. ഈ ഏജൻസികളുമായി നടക്കുന്ന ചർച്ചകളുടെ അടിസ്ഥാനത്തിൽ ധനസഹായം ലഭിക്കുന്നതിലേക്കായി 20 കോടി രൂപ സംസ്ഥാന വിഹിതമായി (counter part fund) വകയിരുത്തുവാൻ ഞാൻ ഉദ്ദേശിക്കുന്നു.

116. കൊച്ചി നഗരത്തിലെ ശുദ്ധജലവിതരണ പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കുന്നതാണ്. കേന്ദ്രസർക്കാരിന്റെ ധനസഹായത്തോടെ കൊല്ലം,കാസർഗോഡ് ജില്ലകളിൽ സാമൂഹികാടിസ്ഥാനത്തിലുള്ള പുതിയ ശുദ്ധജലവിതരണ പദ്ധതികൾ നടപ്പിലാക്കുന്നതാണ്. ദീർഘകാലമായി വിവാദങ്ങളിൽപ്പെട്ടുഴലുന്ന ഒ.ഇ.സി.എഫ്. സഹായ ശുദ്ധജലവിതരണ പദ്ധതികൾ പുനരുജ്ജീവിപ്പിക്കുന്നതിന് സർക്കാർ പ്രതിജ്ഞാബദ്ധമാണ്. സുതാര്യമായ ഒരു ചട്ടക്കൂട്ടിൽ നിന്നുകൊണ്ടായിരിക്കും ഈ പദ്ധതി നടപ്പാക്കുന്നത്. ഇത് ചെയ്താലുടനെ ഭൂമി ഏറ്റെടുക്കുന്നതുൾപ്പെടെയുള്ള ഈ പദ്ധതിയുടെ

പ്രാരംഭ ചെലവുകൾക്കായി ഞാൻ 20 കോടി രൂപ അധികം വകയിരുത്തുന്നതാണ്.

117. പദ്ധതിയിനത്തിൽ പ്രധാന മലിന ജല നിവാരണ ജോലികൾക്കായി ഞാൻ 21 കോടി രൂപ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ഇതിൽ 15 കോടി രൂപ തിരുവനന്തപുരത്തെ മലിനജലനിവാരണ സംവിധാനം മെച്ചപ്പെടുത്തുന്ന ജോലികൾ പൂർത്തിയാക്കാനാണ്. തലസ്ഥാന നഗരിയിലെ തമ്പാനൂർ, കിഴക്കേക്കോട്ട തുടങ്ങിയ താഴ്ന്നപ്രദേശങ്ങളിൽ ഉണ്ടാകാറുള്ള സ്ഥിരമായ വെള്ളപ്പൊക്ക പ്രശ്നം ഫലപ്രദമായി തടയാൻ കഴിയുമെന്ന കാര്യത്തിൽ സർക്കാരിന് ശുഭപ്രതീക്ഷയാണുള്ളത്.

<u>വിദ്യാഭ്യാസം</u>

118. എന്റെ പുതുക്കിയ ബജറ്റിൽ വിദ്യാഭ്യാസത്തിനുള്ള വിഹിതം 2958.55 കോടി രൂപയാണ്. വാർഷിക പദ്ധതി പ്രകാരം പൊതുവിദ്യാഭ്യാസത്തിനു നീക്കിവച്ചിരിക്കുന്നത് 78.77 കോടി രൂപയാണ്. ഫണ്ടിന്റെ ലഭ്യത നോക്കാതെ വളരെ കൊട്ടിഘോഷിച്ച് പ്രീഡിഗ്രി വേർപെടുത്തി പ്ലസ് ടു സമ്പ്രദായം നടപ്പിലാക്കിയത്, ഈ സർക്കാരിനു കൈമാറിയ ബാധ്യതകളിൽ ഒന്നാണ്. പ്ലസ്ടു സംവിധാനത്തിനു വേണ്ടി ഈ ബജറ്റിൽ ഞാൻ 40 കോടി രൂപ വകയിരുത്തുന്നു. ഹയർസെക്കണ്ടറി സമ്പ്രദായത്തെ ആശ്രയിക്കുന്ന ആയിരക്കണക്കിന് വിദ്യാർത്ഥികളോടു നീതി പുലർത്താൻ ഏർപ്പെടുത്തേണ്ടുന്ന സൗകര്യങ്ങളുടെ വ്യാപ്തിയെക്കുറിച്ച് നാം ബോധവാൻമാരാണ്. എന്നാൽ സർ, ഇതിന് വിവേകസമാഹരണം നടത്തുന്നതിനുള്ള ബുദ്ധിമുട്ടുകൾ തരണം ചെയ്യാൻ കഴിയുമെന്ന് എനിക്ക് ആത്മവിശ്വാസമുണ്ട് .

119. സാമൂഹ്യ സാമ്പത്തിക പുരോഗതി കൈവരിക്കുന്നതിന് സുപ്രധാന ഘടകമായ സാർവത്രിക ഹയർ സെക്കണ്ടറി വിദ്യാഭ്യാസമെന്ന ലക്ഷ്യം യാഥാർഥ്യമാക്കുവാൻ സർക്കാരിനെ സഹായിക്കുന്നതിന് ഹയർ സെക്കണ്ടറി തലത്തിലും കോളേജു തലത്തിലും സ്വാശ്രയ സ്ഥാപനങ്ങളെ പ്രോത്സാഹിപ്പിക്കുന്നതാണ്. പുതുതായി ആരംഭിച്ച കോഴ്സുകൾക്ക് വേണ്ടി എന്റെ ബഡ്ജറ്റിൽ 1.33 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

120. സാങ്കേതിക വിദ്യയുടെ നാനാശാഖകളും കൈവരിക്കുന്ന ദ്രുതഗതിയിലുള്ള വികസനത്തിന്റെ പശ്ചാത്തലത്തിൽ സംസ്ഥാനത്തെ സാങ്കേതിക വിദ്യാഭ്യാസത്തിന്റെ ഗുണമേന്മ വർദ്ധിപ്പിക്കാനുതകുന്ന നിരന്തര പരിശ്രമത്തിന്റെ ആവശ്യകതയെക്കുറിച്ച് സർക്കാരിനു പരിപൂർണ്ണ ബോധ്യമുണ്ട്. അതിനാൽ ഒരു സാങ്കേതിക സർവ്വകലാശാല സ്വകാര്യ പങ്കാളിത്തത്തോടെ സംസ്ഥാനത്ത് ആരംഭിക്കുന്നതിന്റെ സാദ്ധ്യതകളെക്കുറിച്ച് സർക്കാർ ആരായുന്നതാണ്.

121. വിദേശ ഏജൻസികളുടേയും ഇന്ത്യാ ഗവൺമെന്റിന്റെയും സഹായത്തോടെ തിരുവനന്തപുരം എഞ്ചിനീയറിംഗ് കോളേജും തൃശ്ശൂർ എഞ്ചിനീയറിംഗ് കോളേജും ഐ.റ്റി. രംഗത്തെ സെന്റേഴ്സ് ഓഫ് എക്സലൻസ് ആയി പ്രഖ്യാപിക്കുന്നതാണ്. എൽ.ബി.എസ്സ്. സെന്ററിന്റെ ആഭിമുഖ്യത്തിൽ ഒരു പുതിയ എഞ്ചിനീയറിംഗ് കോളേജ് പെരിന്തൽമണ്ണയിൽ ഈ വർഷം ആരംഭിക്കുന്നതാണ്. വാർഷിക പദ്ധതിയിൽ 46.65 കോടി രൂപ സാങ്കേതിക വിദ്യാഭ്യാസത്തിനു വകയിരുത്തിയിട്ടുണ്ട്. ഇതിൽ 10.77 കോടി രൂപ പുതുതായി ആരംഭിച്ച അഞ്ചു

എഞ്ചിനീയറിംഗ് കോളേജുകളുടെ വികസനത്തിനു വേണ്ടികൂടിയാണ്.

122. തിരുവനന്തപുരം, തൃശ്ശൂർ, കണ്ണൂർ എഞ്ചിനീയറിംഗ് കോളേജുകളിലെയും കോട്ടയത്തെ രാജീവ് ഗാന്ധി ടെക്നോളജി ഇൻസ്റ്റിറ്റ്യൂട്ടിലെയും ബി.ടെക്, എം.ടെക് കോഴ്സുകൾക്ക് ഏ.ഐ.സി.റ്റി.ഇ യുടെ അംഗീകാരം തേടുന്നതാണ്.

123. മൂന്നാം സാങ്കേതിക വിദ്യാഭ്യാസ പദ്ധതിയിൻ കീഴിൽ ലോക ബാങ്കിന്റെ സഹായത്തോടെ തെരഞ്ഞെടുക്കപ്പെട്ട പോളി ടെക്നിക്കുകളിൽ സെന്റേഴ്സ് ഓഫ് എക്സലൻസ് തുറക്കുന്നതാണ്. 1993-94 ൽ പോളിടെക്നിക്കുകളായി ഉയർത്തപ്പെട്ട എട്ട് ടെക്നിക്കൽ ഹൈസ്കൂളുകളിലെ അടിസ്ഥാന സൗകര്യങ്ങൾ ഈ വർഷം ശക്തിപ്പെടുത്തുന്നതാണ്.

124. കഴിഞ്ഞ നാലു വർഷമായി ഡി.പി.ഇ.പി യുടെ പശ്ചാത്തലത്തിൽ നടപ്പിലാക്കി വരുന്ന സ്കൂൾ പാഠ്യ പദ്ധതി വിദ്യാഭ്യാസ വിദഗ്ദ്ധരും, പൊതുപ്രവർത്തകരും അധ്യാപകരും, സാമൂഹ്യ ശാസ്ത്രജ്ഞരും ഉൾപ്പെട്ട ഒരു വിദഗ്ദ്ധ സമിതിയെക്കൊണ്ട് പുന:പരിശോധിപ്പിക്കുന്നതാണ്. ഈ സംരംഭത്തിലൂടെ ഉദ്ദേശിക്കുന്നത് വിദ്യാഭ്യാസത്തെ സാമൂഹികമായി കൂടുതൽ പ്രസക്തിയുള്ളതും സ്വീകാര്യവുമാക്കുക എന്നതാണ്. ബജറ്റിൽ ഡി.പി.ഇ.പി ക്കു വേണ്ടി 3.3 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

125. സംസ്ഥാനത്തെ എല്ലാ വിദ്യാലയങ്ങളിലും ആവശ്യമായ സൗകര്യങ്ങളും മാന്യമായ സാഹചര്യങ്ങളും അഞ്ചുവർഷക്കാലയളവിനുള്ളിൽ

ലഭ്യമാക്കുന്നതിന് ഒരു 'സമഗ്ര സ്കൂൾ വികസന പദ്ധതിക്ക് രൂപം നൽകുന്നതാണ്. പൊതു വിദ്യാഭ്യാസ ഡയറക്ടറേറ്റിൽ പ്രാഥമിക ചിലവിനു വേണ്ടി 2 ലക്ഷം രൂപ വകയിരുത്തുന്നു.

126. തൊഴിലധിഷ്ഠിത വിദ്യാഭ്യാസ നയങ്ങൾ സംബന്ധിച്ച് സർക്കാരിനു ഉപദേശം നൽകുന്നതിനു വേണ്ടി ഒരു സംസ്ഥാനതല 'വൊക്കേഷണൽ എഡ്യൂക്കേഷണൽ കൗൺസിൽ' രൂപീകരിക്കുന്നതാണ്. ആയതിലേക്ക് 2 ലക്ഷം രൂപ വകയിരുത്തുന്നു.

<u>ആരോഗ്യം</u>

127. പൊതുജനങ്ങൾക്ക് മെച്ചപ്പെട്ട രീതിയിൽ ആരോഗ്യ സേവനം പ്രദാനം ചെയ്യുന്നതിനായിരിക്കും ഊന്നൽ. ജില്ലാ താലൂക്ക് ആശുപത്രികളിലെയും സാമൂഹ്യ ആരോഗ്യ കേന്ദ്രങ്ങളിലെയും അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കേണ്ടതുണ്ട്. അതിനായി പുറമെയുള്ള സാമ്പത്തിക സഹായ കേന്ദ്രങ്ങളിൽ നിന്നുള്ള സഹായധനവും ഉപയോഗിയ്ക്കുന്നതാണ്. ആരോഗ്യ മേഖലയ്ക്കായി 753 കോടി രൂപ എന്റെ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. വാർഷിക പദ്ധതികൾക്കുള്ള 55.53 കോടി രൂപയും ഇതിലുൾപ്പെടുന്നു.

128. സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് 19.16 കോടി രൂപ ഞാൻ നീക്കി വയ്ക്കുന്നു. മെഡിക്കൽ കോളേജ് ആശുപത്രികളുടെ സേവന സൗകര്യങ്ങൾ വിപുലമായ രീതിയിൽ പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതിന് ഇവ ക്രമേണ റഫറൽ ആശുപത്രികളായി മാറ്റുന്നതാണ്. ഈ വർഷം പ്രവർത്തനം ആരംഭിക്കുന്ന 'ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ്

ഡയബെറ്റിസിന് 15 ലക്ഷം രൂപ വകയിരുത്തുന്നു. തിരുവനന്തപുരത്ത് ആരംഭിക്കാനുദ്ദേശിക്കുന്ന പുതിയ 'ഡ്രഗ് ടെസ്റ്റിംഗ് ലബോറട്ടറിക്ക്' 5 ലക്ഷം രൂപ നാമമാത്ര തുകയായി ഉൾക്കൊള്ളിക്കുന്നു.

129. പകർച്ചവ്യാധിയിനത്തിൽപ്പെടാത്ത രോഗങ്ങളുടെ വ്യാപനം സംസ്ഥാനം നേരിടുന്ന ഗുരുതരമായ ഭീഷണിയാണ്. ഇത്തരം രോഗബാധ മുൻകൂട്ടി നിർണ്ണയിക്കുന്നതിനും അതിന്റെ വ്യാപനം ഫലപ്രദമായി തടയുന്നതിനും വേണ്ടി തെരഞ്ഞെടുക്കപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ പൊതുജന ആരോഗ്യ പരിപാലന പരിപാടി ആരംഭിക്കുന്നതാണ്. ഈ സംരംഭത്തിന്റെ പ്രാരംഭപ്രവർത്തനങ്ങൾക്ക് 10 ലക്ഷം രൂപ ഞാൻ വകയിരുത്തുന്നു.

130. ഗുരുതരമായ രോഗങ്ങളാൽ ദുരിതമനുഭവിക്കുന്ന രോഗികൾക്ക് 'ഹെൽത്ത് കാർഡ് സിസ്റ്റം' ഏർപ്പെടുത്തുന്നതാണ്. ഇതിനായി 10 ലക്ഷം രൂപ മാറ്റി വയ്ക്കുന്നു.

131. തിരുവനന്തപുരത്തും കണ്ണൂരുമുള്ള ആയുർവേദ മെഡിക്കൽ കോളേജുകളിൽ ആവശ്യത്തിന് അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തിക്കൊണ്ട് അവയെ 'സെന്റർ ഓഫ് എക്സലൻസ്' ആയി മാറ്റുന്നതാണ്. ഇതിനായി 50 ലക്ഷം രൂപ മാറ്റി വയ്ക്കുന്നതായി സന്തോഷപൂർവ്വം അറിയിക്കുന്നു.

**ഭക്ഷ്യവും പൊതുവിതരണവും**

132. ഭക്ഷ്യ ധാന്യങ്ങളുടെയും പഞ്ചസാരയുടെയും വിതരണം പരിമിതപ്പെടുത്തുന്ന കേന്ദ്ര സർക്കാരിന്റെ നയങ്ങളെ അസന്ദിഗ്ദ്ധമായ ഭാഷയിൽ തള്ളിപ്പറയുന്നതിൽ നാമെല്ലാവരും

ഒറ്റക്കെട്ടായി നിൽക്കും എന്ന കാര്യത്തിൽ എനിക്ക് ഉറപ്പുണ്ട്. ദാരിദ്ര്യ രേഖയ്ക്കു താഴെയുള്ളവരെ കണ്ടെത്തുന്നതിൽ കേന്ദ്രം കൈക്കൊണ്ടിരിക്കുന്ന തികച്ചും യുക്തി രഹിതമായ മാനദണ്ഡം നമുക്ക് അസ്വീകാര്യമാണ്. എന്നാൽ ആശങ്കയുണ്ടാക്കുന്ന കാര്യം, പാവപ്പെട്ടവരുടെ ക്ഷേമത്തിന് പൊതു വിതരണ സമ്പ്രദായത്തിനുള്ള സുപ്രധാന സ്ഥാനം അംഗീകരിക്കുന്ന കാര്യത്തിൽ, സാമാന്യജനങ്ങളിൽ നിന്നും അകന്നുപോയ കേന്ദ്ര സർക്കാർ പരാജയപ്പെട്ടിരിക്കുന്നു എന്ന വസ്തുതയാണ്. ഭക്ഷ്യ സുരക്ഷാ സംവിധാനം പോലും സ്വകാര്യവൽക്കരിക്കുന്നതും, ഭക്ഷ്യ ധാന്യ സംഭരണം സംസ്ഥാനങ്ങളുടെ ചുമലിലാക്കുന്ന വിവേകരഹിതമായ ആശയങ്ങൾ ഇന്ന് കേന്ദ്ര സർക്കാരിന്റെ നയ രൂപീകരണ വിദഗ്ദ്ധന്മാരുടെ പ്രഖ്യാപനങ്ങളിൽ മുഴങ്ങിക്കേൾക്കുന്നു. നമ്മുടെ സംസ്ഥാനത്തും രാജ്യത്തിന്റെ ഇതര ഭാഗങ്ങളിലുമുള്ള ജനകോടികളെ ബാധിക്കുന്ന പ്രശ്നത്തോടുള്ള കേന്ദ്ര സർക്കാരിന്റെ ഒട്ടും അനുഭാവ പൂർണ്ണമല്ലാത്ത സമീപനത്തെ കൂട്ടായി എതിർക്കാൻ നമുക്ക് ദൃഢ പ്രതിജ്ഞ ചെയ്യാം.

133. നമ്മുടെ രൂക്ഷമായ സാമ്പത്തിക പ്രതിസന്ധിക്കിടയിലും പൊതു വിതരണ സമ്പ്രദായം നിലനിർത്തുന്നതിനും, സംസ്ഥാന സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ കമ്പോള ഇടപെടൽ നടപടികൾക്കുമായി 161 കോടി രൂപ പുതുക്കിയ ബജറ്റിൽ ഞാൻ ഉൾക്കൊള്ളിച്ചിട്ടുണ്ട്. സർ, സംസ്ഥാനത്തെ പൊതു വിതരണ സമ്പ്രദായം സുശക്തമായി നിലനിർത്തുന്നതിനാവശ്യമായ അധിക വിഭവ സമാഹരണം നടത്തുവാൻ നമുക്ക് സാധിക്കുമെന്ന് എനിയ്ക്കുറപ്പുണ്ട്.

134. സംസ്ഥാന സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ കമ്പോള ഇടപെടൽ ശക്തമാക്കുന്നതിന്റെ ഭാഗമായി 20 മാവേലി മെഡിക്കൽ സ്റ്റോറുകൾ കൂടി ഈ വർഷം ആരംഭിക്കുന്നതാണ്. സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ 17 പുതിയ എൽ.പി.ജി. വിതരണ കേന്ദ്രങ്ങൾ കൂടി തുടങ്ങും. ഇന്ന് ഈ സഭയ്ക്ക് മുമ്പാകെ അവതരിപ്പിച്ച 'പൊതുവിതരണ' ധനാഭ്യർത്ഥനയിൽ വകയിരുത്തിയിട്ടുള്ള 161 കോടി രൂപയിൽ 50 കോടി രൂപ സിവിൽ സപ്ലൈസ് കോർപ്പറേഷന് നീക്കിവച്ചിട്ടുള്ളതാണ്.

<u>പോലീസ്</u>

135. നമ്മുടെ സംസ്ഥാനത്തെ ജനങ്ങൾക്ക് പരമപ്രധാനമായ മൗലികാവകാശങ്ങൾ ഉറപ്പു വരുത്താൻ കഴിയാത്തിടത്തോളം, സാമൂഹ്യ സാമ്പത്തിക പുരോഗതിയെക്കുറിച്ചുള്ള പ്രസംഗങ്ങളെല്ലാം വെറും വിൺവാക്കായി മാറും. നിഷ്പക്ഷമായി കാര്യക്ഷമതയോടെ പ്രവർത്തിക്കുന്ന ആധുനിക പോലീസ് സേനയിലൂടെയല്ലാതെ നമുക്ക് മേൽ പറഞ്ഞ ലക്ഷ്യം പ്രാപിക്കാൻ കഴിയില്ല. കുറ്റാന്വേഷണത്തിലും കുറ്റകൃത്യങ്ങൾ തടയുന്നതിലും സാങ്കേതിക വിദ്യയുടെ ഉപയോഗം കാലാനുസൃതമായിരിക്കണം. ഈ കാഴ്ചപ്പാടിലധിഷ്ഠിതമായിരിക്കും പോലീസ് വകുപ്പിന്റെ ഈ വർഷത്തെ നവീകരണ പരിപാടികൾ.

136. പോലീസ് സേനയുടെ നവീകരണത്തിനായി 20 കോടി രൂപ ഞാൻ വകയിരുത്തിയിട്ടുണ്ട്. പതിനൊന്നാം ധനകാര്യ കമ്മീഷൻ അവാർഡു പ്രകാരം, നിലവാരം മെച്ചപ്പെടുത്തൽ പദ്ധതിയിലുൾപ്പെടുത്തി, ഉപകരണങ്ങൾ

വാങ്ങാനായി 1.84 കോടി രൂപ ഞാൻ വകയിരുത്തിയിട്ടുണ്ട്. കൂടാതെ, പോലീസ് വകുപ്പിൽ കംപ്യൂട്ടറുകളും ടെലികമ്മ്യൂണിക്കേഷൻ ഉപകരണങ്ങളും വാങ്ങുന്നതിന് 72.50 ലക്ഷം രൂപയും നീക്കി വച്ചിട്ടുണ്ട്. പതിനൊന്നാം ധനകാര്യ കമ്മീഷൻ അവാർഡ് പ്രകാരം 2.78 കോടി രൂപ പോലീസ് സ്റ്റേഷൻ കെട്ടിടങ്ങളുടെ നിർമ്മാണത്തിനും നവീകരണത്തിനുമായി വകയിരുത്തിയിട്ടുമുണ്ട്.

റവന്യൂ ഭരണം

137. പ്രകൃതി ക്ഷോഭങ്ങൾ നേരിടുന്നതിനുള്ള സംസ്ഥാനത്തിന്റെ തയ്യാറെടുപ്പ് മെച്ചപ്പെടുത്തുന്നതിന്, സമഗ്രമായ ജില്ലാതല അത്യാഹിത മാനേജ്മെന്റ് പദ്ധതികൾ ജില്ലാഭരണകൂടങ്ങൾ തയ്യാറാക്കുന്നതാണ്. അപകടസാധ്യതയുള്ള സ്ഥലങ്ങൾ കണ്ടെത്തുക, നിരീക്ഷണ വിധേയമാക്കുക, അപകടം മുൻകൂട്ടി പ്രവചിക്കുക, ആവശ്യമായ സുരക്ഷാനടപടികൾ സ്വീകരിക്കുക എന്നിവ ഈ പദ്ധതിയിൽ ഉൾപ്പെടും. കഴിഞ്ഞ വർഷം സംസ്ഥാനത്തിന്റെ പല ഭാഗങ്ങളിലും അനുഭവപ്പെട്ട ഭൂചലനങ്ങളുടെ വെളിച്ചത്തിൽ ഇതിന് പ്രാധാന്യമേറുന്നു.

138. ജില്ലാ,താലൂക്ക് തലങ്ങളിലെ റവന്യൂ ഭരണം കമ്പ്യൂട്ടർവൽക്കരിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തുന്നതാണ്. ഇതിനു വേണ്ടി കേന്ദ്രസർക്കാരിൽ നിന്ന് സാധ്യമായ എല്ലാ സഹായവും ഉറപ്പു വരുത്താനും സംസ്ഥാന സർക്കാർ ശ്രമിക്കുന്നതാണ്. അടിത്തട്ടിലുള്ള കമ്പ്യൂട്ടർവൽക്കരണത്തിന്റെ ആദ്യപടിയായി 100 വില്ലേജുകളിൽ ഈ വർഷം ഇത് നടപ്പാക്കുന്നതാണ്. രേഖകളുടെ കാലാനുസൃത പരിഷ്കരണം, രേഖകൾക്കു വേണ്ടിയുള്ള

അപേക്ഷകളിൻമേൽ താമസംവിനാ തീർപ്പു കൽപ്പിക്കുന്നതിനുള്ള സംവിധാനം, ഭൂരേഖകൾ സംബന്ധിച്ച വിവരങ്ങളുടെ സുതാര്യത എന്നിവ ഇതിലൂടെ ഉറപ്പു വരുത്തുന്നതാണ്.

139. ലാന്റ് മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ടിലെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതും ഓഫീസർമാർക്കും പുതുതായി നിയമിക്കപ്പെടുന്നവർക്കുമായി പ്രാരംഭകോഴ്സുകളും കമ്പ്യൂട്ടർ പരിശീലനവും ഏർപ്പെടുത്തുന്നതാണ്. ഇതിനു വേണ്ടി എന്റെ ബജറ്റിൽ 15.24 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

140. കേരളാ ലാന്റ് അസൈൻമെന്റ് റൂളുകളിൽ ആവശ്യമായ ഭേദഗതികൾ വരുത്തുന്നതും 1.1.1977 ന് മുമ്പ് വനഭൂമി കൈവശം വച്ചിരുന്ന അർഹരായ എല്ലാ കൃഷിക്കാർക്കും പട്ടയം നൽകുന്നതിന് ഒരു തീവ്രപരിപാടി നടപ്പിലാക്കുന്നതുമാണ്. മറ്റു വിഭാഗങ്ങളിൽപ്പെട്ടവർക്കും ഈ വർഷം ഒരു ലക്ഷം പട്ടയങ്ങൾ വിതരണം ചെയ്യുന്നതാണ്.

## സാമൂഹ്യ ക്ഷേമം

141. അനാഥാലയങ്ങൾക്കും വൃദ്ധസദനങ്ങൾക്കുമുള്ള കുടിശ്ശിക ഗ്രാന്റ് കൊടുത്തു തീർക്കുന്നതിന് 3 കോടി രൂപ വകയിരുത്തിയിട്ടുള്ള വിവരം സന്തോഷപൂർവം അറിയിക്കുന്നു.

142. വികലാംഗ പെൻഷൻ, വിധവാ പെൻഷൻ, വാർധ്യക്യ കാല പെൻഷൻ എന്നിവയുടെ കുടിശ്ശിക തീർക്കുന്നതിന് 5 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

## തൊഴിൽ

143. ആറു മാസത്തിനകം സമഗ്രമായ ഒരു തൊഴിൽ നയം തയ്യാറാക്കി പ്രസിദ്ധീകരിക്കുന്നതാണ്. തൊഴിലാളി

യൂണിയനുകൾ, തൊഴിൽ ഉടമകൾ, വിദ്യാഭ്യാസ വിചക്ഷണൻമാർ, മറ്റു വിവിധ മേഖലകളിലെ പ്രഗത്ഭർ എന്നിവരുമായി ചർച്ചകൾ നടത്തും. ഇതിലേക്കായി ഒരു ലക്ഷം രൂപ വകയിരുത്തുന്നു.

144. കൊച്ചിയിലും കോഴിക്കോട്ടും റീജിയണൽ പ്രൊഫഷണൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ ആരംഭിക്കാൻ ടോക്കൺ തുകയായി ഒരു ലക്ഷം രൂപ ഉൾപ്പെടുത്തിയിട്ടുണ്ട്.

## പ്രവാസി കേരളീയർ

145. പ്രവാസി കേരളീയർക്കായി "നോർക്കായുടെ" ആഭിമുഖ്യത്തിൽ ഡൽഹി കേരളാഹൗസിൽ ആരംഭിക്കുന്ന സെല്ലിന്റെ ഭരണ ചെലവിലേക്കായി 2 ലക്ഷം രൂപ ഉൾപ്പെടുത്തുന്നു.

## പൊതുഭരണം

146. കേന്ദ്രസർക്കാർ പത്രപ്രവർത്തകർക്കായി ഒരു ക്ഷേമനിധി പ്രഖ്യാപിച്ചിട്ടുണ്ട്. സംസ്ഥാനത്തെ പത്രപ്രവർത്തകർക്കും ഒരു ക്ഷേമ നിധി ആരംഭിക്കുവാൻ ഉദ്ദേശിക്കുന്ന വിവരം പ്രഖ്യാപിക്കാൻ എനിക്കു സന്തോഷമുണ്ട്. ഇതിലേക്കായി 5 ലക്ഷം രൂപ ഞാൻ വകയിരുത്തുന്നു.

147. പുതുതായി രൂപീകരിക്കപ്പെട്ട പാർലമെന്ററികാര്യ വകുപ്പിന് 5 ലക്ഷം രൂപ ഞാൻ മാറ്റി വക്കുന്നു.

148. വാണിജ്യ നികുതി വകുപ്പിന് തിരുവനന്തപുരത്ത് കെട്ടിട സമുച്ചയം നിർമ്മിക്കുന്നതിനു വേണ്ടി നാമമാത്ര തുകയായി 10 ലക്ഷം രൂപ വകയിരുത്തുന്നു.

149. സംതൃപ്തമായ ഒരു സിവിൽ സർവ്വീസിനു മാത്രമേ സാധാരണക്കാരുടെ ക്ഷേമത്തിനു വേണ്ടി പ്രവർത്തിക്കുവാൻ കഴിയൂ. ജീവനക്കാരെ വേർതിരിച്ചു കാണുകയും വിവേചനത്തോടെ പെരുമാറുകയും ചെയ്തിരുന്ന കാലഘട്ടം അവസാനിച്ചിരിക്കുന്നു. സ്വതന്ത്രവും നീതിപൂർവ്വകവുമായി കൃത്യനിർവ്വഹണം നടത്താനുള്ള സാഹചര്യമൊരുക്കും. സാമ്പത്തിക പ്രതിസന്ധി തരണം ചെയ്യുന്നതുൾപ്പെടെയുള്ള സർക്കാരിന്റെ എല്ലാ പ്രവർത്തനങ്ങളിലും ജീവനക്കാരുടെ പരിപൂർണ്ണ സഹകരണം തേടുന്നതാണ്. ജീവനക്കാർക്ക് ലഭിക്കേണ്ടിയിരുന്ന 4 ഗഡു ക്ഷാമബത്ത കുടിശ്ശികയാക്കിയിട്ടാണു മുൻ ഗവൺമെന്റ് അധികാരമൊഴിഞ്ഞത്. ജീവനക്കാർക്കും പെൻഷൻകാർക്കും അർഹതപ്പെട്ട ആനുകൂല്യങ്ങൾ എത്രയും വേഗം നൽകുന്നതിൽ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. സാമ്പത്തിക പ്രതിസന്ധിക്കെതിരെയുള്ള പോരാട്ടത്തിനിടയിലും ഇതിനു മുൻഗണന നൽകുന്നതാണ്.

150. <u>നിയമസഭാ സാമാജികരുടെ പ്രത്യേക വികസന ഫണ്ട്</u>

സംസ്ഥാനത്ത് നിയോജക മണ്ഡലാടിസ്ഥാനത്തിൽ ഒരു പുതിയ വികസന പദ്ധതി ആരംഭിക്കുന്ന വിവരം പ്രഖ്യാപിക്കുന്നതിൽ എനിയ്ക്ക് അതിയായ സന്തോഷമുണ്ട്. പാർലമെന്റ് അംഗങ്ങളുടെ പ്രാദേശിക വികസന സ്കീമിന്റെ മാതൃകയിലായിരിക്കുമിത്. ഓരോ എം.എൽ.എ. യ്ക്കും 25.00 ലക്ഷം രൂപ വീതം മൊത്തം 35.00 കോടി രൂപ ഇതിനു വേണ്ടി വകയിരുത്തുന്നു.

## പൊതു-സ്വകാര്യ മേഖലാ പങ്കാളിത്തത്തിലൂടെ മൂലധന നിക്ഷേപം

### സ്വകാര്യ മേഖലയെ പങ്കെടുപ്പിക്കാനുള്ള നിയമ നിർമ്മാണം

151. സ്വകാര്യ മേഖല വഴി മുതൽമുടക്ക് സാദ്ധ്യമാക്കുന്നതിനുതകും വിധം ജനങ്ങൾ മുൻകൈയെടുക്കുന്നതിലൂടെ നമ്മുടെ സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്താനാകുമെന്ന് നാം വിശ്വസിക്കുന്നു. പൊതു അടിസ്ഥാന സൗകര്യങ്ങൾ ശക്തിപ്പെടുത്തുന്നതിനും വ്യാവസായിക വളർച്ചക്കും സ്വകാര്യമേഖലയുടെ പങ്കാളിത്തം പ്രത്യേകിച്ച് സ്വാഗതം ചെയ്യപ്പെടും.

152. വിവിധ മേഖലകളിൽ കൂടുതൽ മുതൽമുടക്ക് ആകർഷിക്കുന്നതു വഴി സംസ്ഥാനത്തെ മൊത്തം നിക്ഷേപത്തിന്റെ തോത് വർദ്ധിപ്പിക്കാനായിരിക്കും സ്വകാര്യ പങ്കാളിത്തത്തിലൂടെ സർക്കാർ ആദ്യം ലക്ഷ്യമിടുന്നത്. രണ്ടാമതായി, സ്വകാര്യ പൊതുമേഖലാ പങ്കാളിത്തത്തിലൂടെ പുതിയ ആസ്തികൾ ആർജ്ജിക്കുന്നതിനും പഴയവ മാറ്റിയെടുക്കാനുമുള്ള സർക്കാരിന്റെ കഴിവ് -ഭൗതിക പുനരുദ്ധാരണ പദ്ധതികൾ- നല്ലൊരളവിൽ മെച്ചപ്പെടുത്താനും സാധിക്കും എന്നുള്ളതാണ്. മൂന്നാമത്, ഇങ്ങനെയൊരു പങ്കാളിത്തം മൂലം അടിസ്ഥാന സൗകര്യവുമായി ബന്ധപ്പെട്ട പൊതു സേവന രംഗത്തെ കാര്യശേഷി വർദ്ധിപ്പിക്കാനും സാധിക്കും. പ്രധാനമായും മൂന്നു വിധത്തിലാണ് ഇത് ചെയ്യാനുദ്ദേശിക്കുന്നത്

- നിർമ്മിച്ച് പ്രവർത്തിപ്പിച്ച് കൈമാറ്റം ചെയ്യുന്ന (BOT) പദ്ധതികൾ.
- പ്രവർത്തന/ മേൽനോട്ട കരാറുകൾ

153. വികസനത്തിൽ സ്വകാര്യ മേഖലയുടെ പങ്കാളിത്തത്തിന്റെ കാര്യക്ഷമത അതുമായി ബന്ധപ്പെട്ട അനുവാദ നിയന്ത്രണ സംവിധാനത്തെ ആശ്രയിച്ചായിരിക്കും. അതിൽ ചട്ടക്കൂടായി വർത്തിക്കുന്ന ബി.ഒ/ ബി.ഒ. ടി. യുടെ ഒരു സ്വകാര്യ മേഖല പങ്കാളിത്ത ആക്റ്റ് കൊണ്ടുവരാൻ സർക്കാർ ഉദ്ദേശിക്കുന്നു. സേവനദായകർക്ക് ന്യായമായ ലാഭം ഉറപ്പാക്കുന്നതിനും നഷ്ട സാദ്ധ്യത നീതിയുക്തമായി പങ്കിടുന്നതിനും ഈ നിർദ്ദിഷ്ട നിയമനിർമ്മാണം ഉതകും. ഗുണഭോക്താക്കളിൽ ഉത്തരവാദിത്വ ബോധം വളർത്തുന്നതിനും അടിസ്ഥാന സൗകര്യങ്ങൾ നിലനിർത്തുന്നതിനും അവശ ജനവിഭാഗങ്ങൾക്ക് ആനുകൂല്യം നിഷേധിക്കാത്ത തരത്തിൽ ന്യായമായ സേവനം ഉറപ്പുവരുത്തുന്നതിനും ഇതു സഹായകമാകും. ഇപ്രകാരം ചെയ്യുമ്പോൾത്തന്നെ അന്തർദേശീയ പ്രവർത്തന ശൈലികളിൽ നിന്നും ഉരുത്തിരിഞ്ഞു വരുന്ന വിവിധ സാദ്ധ്യതകൾ സർക്കാർ സജീവമായി പരിക്ഷിക്കും. പ്രത്യേകിച്ചും സ്വകാര്യ മേഖലയിൽ നിന്നും കുറഞ്ഞ അളവിലെങ്കിലും ഒരു നിശ്ചിത വിഹിതം ഉറപ്പു വരുത്തുകയോ അല്ലെങ്കിൽ ലാഭത്തിന്റെ ഒരു വിഹിതം ക്ലോ-ബാക്ക് സംവിധാനത്തിലൂടെ ഖജനാവിലേയ്ക്കു തിരിച്ചെത്തിയ്ക്കുകയോ ചെയ്യും.

154. അടുത്ത മൂന്നു മാസത്തിനുള്ളിൽ പൊതുകാര്യ പങ്കാളിത്തത്തിനുള്ള പദ്ധതി തയ്യാറാക്കാൻ,

അടിസ്ഥാന സൗകര്യ സേവനമൊരുക്കുന്ന സർക്കാരിന്റെ എല്ലാ വകുപ്പുകളോടും ആവശ്യപ്പെടുന്നതാണ്.

## നിക്ഷേപ വളർച്ചാ നിധി

155. പ്രവാസി കേരളീയരിൽ നിന്ന് സമാഹരിക്കുന്ന തുക ഉപയോഗിച്ച് സർക്കാർ ഒരു വ്യവസായ വളർച്ചാ നിധി ആരംഭിക്കുന്നതാണ്. ഈ യത്നത്തിൽ പ്രവാസി കാര്യ വകുപ്പു ഗണ്യമായ ഒരു പങ്കു വഹിക്കുന്നതാണ്. ഈ വ്യവസായ വികസന നിധി ധനകാര്യ സ്ഥാപനങ്ങളാൽ നിയന്ത്രിക്കപ്പെടുന്നതും മൂലധന നിക്ഷേപത്തിനു മാത്രമായി ഉപയോഗിക്കുന്നുവെന്ന് ഉറപ്പു വരുത്തുന്നതുമാണ്. തുടക്കമെന്ന നിലയിൽ, സംസ്ഥാനത്തു നഷ്ടത്തിലോടുന്ന പൊതുമേഖലാ സ്ഥാപനങ്ങളെ പുനഃസംഘടിപ്പിക്കുന്നതിനായി സ്വകാര്യ മേഖലാ നിക്ഷേപങ്ങൾ ലഭ്യമാക്കുന്നതിന് ഈ വികസന നിധി വിനിയോഗിക്കും. പ്രായോഗിക പദ്ധതികൾക്ക് ധന സഹായം നൽകുന്ന കാര്യത്തിൽ " ഓൺ–ടാപ്പ്" (On –tap) രീതിയിലുള്ള സൗകര്യം ഈ നിധിയിൽ നിന്നും ലഭിക്കുന്നതാണ്.

156. സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുവാനായി കടം വാങ്ങിയ ഫണ്ട് വകമാറ്റി ചെലവഴിച്ചതു കാരണം അടിസ്ഥാന സൗകര്യ വികസന പ്രോജക്ടുകൾക്ക് ധനസഹായം നൽകാനുള്ള ലക്ഷ്യത്തോടാരംഭിച്ച കേരള അടിസ്ഥാന സൗകര്യ വികസന ഫണ്ടിന് അതിന്റെ പ്രവർത്തനങ്ങൾ ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല. വ്യവസായ വളർച്ചാ നിധിയുടെ പ്രവർത്തനങ്ങൾക്കു സഹായകരമാകുന്ന ഒരു സഹായ സ്ഥാപനത്തിന്റെ നിലയിലേയ്ക്കു വളർത്തുന്നതിനാവശ്യമായ വ്യതിയാനങ്ങൾ അടിസ്ഥാന സൗകര്യ വികസന നിധിയുടെ ഘടനയിൽ വരുത്തുന്നതാണ്.

<u>വിദ്യാഭ്യാസ പ്രതിഭാ കേന്ദ്രങ്ങൾ</u>

157. ജൈവ സാങ്കേതിക വിദ്യ, വിവര സാങ്കേതിക വിദ്യ തുടങ്ങി പുതുതായി വളർന്നു വരുന്ന പ്രൊഫഷണൽ മേഖലകളിൽ വിദ്യാഭ്യാസ പ്രതിഭാകേന്ദ്രങ്ങൾ പ്രോത്സാഹിപ്പിക്കുകയെന്നുള്ളത് ഈ സർക്കാരിന്റെ നയമാണ്. എം.ബി.എ/ബി.ബി.എ വിദ്യാഭ്യാസത്തിനുള്ള 'സെന്റർ ഫോർ മാനേജ്മെന്റ്', നിയമ സർവ്വകലാശാലയായി രൂപാന്തരപ്പെടുത്താവുന്ന തലത്തിലുള്ള ഒരു ലാ ഇൻസ്റ്റിറ്റ്യൂട്ട്, നെഴ്സിംഗ് മെഡിക്കൽ കോളേജുടക്കം വിവിധ പാരാ മെഡിക്കൽ മേഖലകൾ ഉൾക്കൊള്ളുന്ന പാരാ മെഡിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് എന്നീ സ്ഥാപനങ്ങൾ സംസ്ഥാനത്ത് ആരംഭിക്കുന്നതിനുള്ള സ്വകാര്യ മേഖലയുടെ ആഭിമുഖ്യ പ്രകടനം ഈ വർഷം നാം ക്ഷണിക്കുന്നതാണ്. ഈ സ്ഥാപനങ്ങൾക്കാവശ്യമായ എല്ലാ അനുമതിപത്രങ്ങളും കാലവിളംബം കൂടാതെ നൽകുന്നതാണ്. പ്രായോഗികമായ ജൈവ സാങ്കേതിക വിദ്യാ പദ്ധതികൾക്ക് സഹായം നൽകുന്നതിനും രാജീവ് ഗാന്ധി സെന്റർ ഫോർ ബയോ ടെക്നോളജിയുടെ കുടക്കീഴിൽ ഒരു ജൈവ സാങ്കേതിക വിദ്യാവിഭാഗം ആരംഭിക്കുന്നതിനും സ്വകാര്യ കമ്പനികളുടെ സഹായം തേടുന്നതാണ്. ഈ രണ്ടു കേന്ദ്രങ്ങളും ഇത്തരം സ്ഥാപനങ്ങൾക്കു വേണ്ട ദേശീയ അന്തർദ്ദേശീയ നിലവാരം പുലർത്തുന്നവയായിരിക്കും.

158. കെ.എസ്.ഐ.ഡി.സി. സംസ്ഥാനത്ത് വിവിധ രംഗങ്ങളിൽ സെന്റേഴ്സ് ഓഫ് എക്സലൻസ്

സ്ഥാപിക്കുന്നതാണ്. ഇതിന്റെ ആദ്യപടിയായി ഇഞ്ചിനീയറിംഗിനും മെഡിക്കൽ വിദ്യാഭ്യാസത്തിനുമായി ഒരു സെന്റർ ഫോർ എക്സലൻസ് സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നു.

**തൊഴിൽ നിയമ നിർമ്മാണം**

159. തൊഴിലാളികളുടെ ക്ഷേമവും നിയമപരമായ അവകാശങ്ങളും സംരക്ഷിക്കുന്നതോടൊപ്പം 'അട്ടിമറിയെന്നും' 'നോക്കുകൂലിയെന്നുമുള്ള' രൂപത്തിൽ പ്രത്യക്ഷപ്പെട്ടിരിക്കുന്ന മോശമായ തൊഴിൽ രീതികളിൽ നിന്നും വീട്ടുടമസ്ഥരെയും നിക്ഷേപകരെയും സംരക്ഷിക്കുന്നതിന് നിയമനിർമ്മാണം കൊണ്ടുവരാൻ സർക്കാർ ഉദ്ദേശിക്കുന്നു. ഈ നിയമ നിർമ്മാണം കേരളത്തെ ഒരു നിക്ഷേപ സൗഹൃദ സംസ്ഥാനമാക്കുന്നതിനും സംസ്ഥാനത്ത് മുതൽമുടക്കാനുദ്ദേശിക്കുന്നവരുടെ മനസ്സിലെ ആശങ്ക അകറ്റുന്നതിനും ഉപകരിക്കും.

റവന്യൂ നിർദ്ദേശങ്ങൾ

160. സംസ്ഥാനത്തിന്റെ സാമ്പത്തികസ്ഥിതിയെക്കുറിച്ച് ധവളപത്രം പുറപ്പെടുവിക്കുമ്പോൾ സാമ്പത്തിക പ്രതിസന്ധി തരണം ചെയ്യുന്നതിന് സാധാരണ ജനങ്ങൾക്ക് ഭാരമാകാത്ത തരത്തിൽ റവന്യൂ വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമെന്ന് പ്രഖ്യാപിച്ചിരുന്നു. എന്റെ റവന്യൂ നിർദ്ദേശങ്ങൾ ഇനിപ്പറയുന്നവയാണ്.

161. ഇക്കഴിഞ്ഞ ജൂലായ് 5–ാം തീയതി ഡൽഹിയിൽ വച്ചു നടന്ന സംസ്ഥാന മുഖ്യമന്ത്രിമാരുടെയും ധനകാര്യമന്ത്രിമാരുടെയും യോഗത്തിൽ 1.4.2002 മുതൽ എല്ലാ സംസ്ഥാനങ്ങളിലും മൂല്യവർധിത നികുതി (Value Added Tax) നടപ്പിലാക്കണമെന്ന് തീരുമാനിക്കുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ നമുക്കും സംസ്ഥാനത്ത്

മൂല്യവർധിത നികുതി നടപ്പിലാക്കുന്നതിനു വേണ്ട തയ്യാറെടുപ്പുകൾ നടത്തേണ്ടിയിരിക്കുന്നു. ഈ സാഹചര്യത്തിൽ സെൻറർ ഫോർ ടാക്സേഷൻ സ്റ്റഡീസിൻെറ പ്രവർത്തനം വിപുലപ്പെടുത്തുന്നതാണ് എല്ലാ ഘട്ടങ്ങളിലും നികുതി ചുമത്തുകയും മുൻഘട്ടങ്ങളിൽ നൽകിയ നികുതിക്ക് കിഴിവനുവദിക്കുകയും ചെയ്യുന്ന ഘടനയാണ് മൂല്യ വർധിത നികുതിക്കുള്ളത്. ഇപ്രകാരം കിഴിവനുവദിക്കുന്നതു മൂലം നികുതി നടപ്പിലാക്കുന്ന ആദ്യ വർഷങ്ങളിൽ വരുമാനത്തിൽ കുറവനുഭവപ്പെടുമെന്നാണ് കണക്കാക്കപ്പെടുന്നത്. ഈ കുറവ് നികത്തുന്നതിന് നികുതിയുടെ അടിത്തറ വിപുലീകരിക്കുകയാണ് പ്രധാനമാർഗ്ഗം.

162. നിലവിലുള്ള വിൽപ്പന നികുതി നിയമ പ്രകാരം വാർഷിക വിറ്റു വരവ് ഒരു ലക്ഷം രൂപയോ അതിന് മുകളിലോ ഉള്ള എല്ലാ വ്യാപാരികളും രജിസ്ട്രേഷൻ എടുക്കാൻ ബാധ്യസ്ഥരാണ്. വാർഷിക വിറ്റുവരവ് രണ്ടു ലക്ഷമോ അതിലധികമോ ഉള്ള എല്ലാ വ്യാപാരികൾക്കും നികുതി ബാധ്യതയുണ്ട്. എന്നാൽ സംസ്ഥാനത്ത് ഇതുവരെ ഒന്നേകാൽ ലക്ഷത്തോളം വ്യാപാരികൾ മാത്രമാണ് നിയമപ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ളത്. ആദായ നികുതി നൽകുന്ന ലക്ഷക്കണക്കിന് വ്യാപാരികൾ വില്പന നികുതി നിയമ പ്രകാരം രജിസ്റ്റർ ചെയ്യാതെ നികുതി ബാധ്യതയിൽ നിന്നൊഴിഞ്ഞു നിൽക്കുന്നതായി വാണിജ്യ നികുതി വകുപ്പ് കണ്ടെത്തിയിട്ടുണ്ട്. നിയമപ്രകാരം രജിസ്റ്റർ ചെയ്യാതിരിക്കുന്നതും നികുതി നൽകാതിരിക്കുന്നതും കുറ്റകരവും പ്രോസിക്യൂഷൻ ഉൾപ്പെടെയുള്ള ശിക്ഷാനടപടികൾക്ക് വിധേയവുമാണ്. ഈ വിഭാഗത്തിൽപ്പെടുന്ന വ്യാപാരികളെ സൗഹാർദ്ദത്തിൻെറ പാതയിലൂടെ

നിയമത്തിന്‍ കീഴില്‍ കൊണ്ടുവരുന്നതിനുള്ള ഒരു പദ്ധതി നടപ്പാക്കാനുദ്ദേശിക്കുന്നു. 1.4.2001 ല്‍ വില്പന നികുതി രജിസ്ട്രേഷന്‍ എടുക്കാന്‍ ബാധ്യതയുള്ളവരും എന്നാല്‍ ഇതുവരെ രജിസ്ട്രേഷന്‍ എടുത്തിട്ടില്ലാത്തവരുമായ വ്യാപാരികള്‍ക്കായി 'Fast Track Registration' എന്ന പദ്ധതി നടപ്പാക്കുന്നതാണ്. സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളില്‍ ഇതിനായി പ്രത്യേകം ക്യാമ്പുകള്‍ സംഘടിപ്പിക്കുന്നതും അവിടെ വച്ചു വ്യാപാരികളില്‍ നിന്ന് അപേക്ഷകള്‍ സ്വീകരിക്കുന്നതും സത്വരം രജിസ്ട്രേഷന്‍ നല്‍കുന്നതുമാണ്. മുന്‍ വര്‍ഷങ്ങളിലെ വ്യാപാരത്തെ സംബന്ധിച്ചിടത്തോളം ഈ വിഭാഗത്തില്‍ വരുന്ന വ്യാപാരികള്‍ നല്‍കുന്ന റിട്ടേണുകള്‍ അനുസരിച്ചുള്ള നികുതി അവര്‍ നല്‍കേണ്ടതാണ്. പിഴയോ പലിശയോ മുന്‍വര്‍ഷങ്ങളിലെ രജിസ്ട്രേഷന്‍ ഫീസോ ഈടാക്കുന്നതല്ല. രജിസ്ട്രേഷന്‍ ഫീസായി കുറഞ്ഞത് 1000 രൂപ ഈടാക്കുന്നതാണ്. ഇതിന് പുറമേ ജാമ്യ സംഖ്യയായി 2000 രൂപയും അടയ്ക്കേണ്ടതാണ്. ഇതു വഴി 5 കോടി രൂപയുടെ അധിക വരുമാനം പ്രതീക്ഷിക്കുന്നു.

163. വിദേശ മദ്യത്തിന്റെ നികുതി 85 ശതമാനം ല്‍ നിന്ന് 90 ശതമാനം ആയും ബിയര്‍, വൈന്‍ എന്നിവയുടെ നികുതി 55 ശതമാനം ല്‍ നിന്ന് 60 ശതമാനം ആയും ഉയര്‍ത്താനുദ്ദേശിക്കുന്നു. 74 കോടി രൂപയുടെ അധിക വരുമാനം പ്രതീക്ഷിക്കുന്നു.

164. പെട്രോളിയം ഉല്‍പ്പന്നങ്ങള്‍ (പെട്രോള്‍, ഡീസല്‍, പാചകവാതകം), വിദേശ മദ്യം(ബിയറും വൈനും ഉള്‍പ്പെടെ) എന്നിവയൊഴിച്ചുള്ള സാധനങ്ങളുടെ നികുതിയിന്‍മേല്‍ 15 ശതമാനം അധിക വില്‍പ്പന നികുതിയായി 31.03.2002 വരെ ഈടാക്കുന്നതാണ്.

225 കോടി രൂപയുടെ അധിക വരുമാനം പ്രതീക്ഷിക്കുന്നു.

165. പെട്രോളിയം ഉൽപ്പന്നങ്ങൾ വിദേശമദ്യം മൂന്നാം പട്ടികയിൽ വരുന്ന സാധനങ്ങൾ, കേന്ദ്ര വില്പന നികുതി നിയമം 14-ാം വകുപ്പിൽ വരുന്ന സാധനങ്ങൾ എന്നിവയൊഴിച്ചുള്ള സാധനങ്ങളുടെ നികുതി വിധേയമല്ലാത്ത ഘട്ടങ്ങളിലെ വിറ്റു വരവിൻ മേൽ 1.5 ശതമാനം വിറ്റു വരവ് നികുതി (Turnover Tax) 31.03.2002 വരെ ഈടാക്കുന്നതാണ്. 30 ലക്ഷം രൂപയോ അതിൽ കൂടുതലോ വിറ്റു വരവുള്ള വ്യാപാരികൾക്കായിരിക്കും ഇത് ബാധകമാവുക. വിറ്റുവരവു നികുതി ഈടാക്കി വരുന്ന ഇനങ്ങൾക്ക് ഇത് ബാധകമായിരിക്കില്ല. 90 കോടി രൂപയുടെ അധിക വരുമാനം പ്രതീക്ഷിക്കുന്നു.

166. ലേലത്തിൽ വിൽക്കുന്ന കാപ്പിയുടെ മേൽ ആ ഘട്ടത്തിൽത്തന്നെ നികുതി ചുമത്താനുദ്ദേശിക്കുന്നു.

167. നികുതി കോമ്പൗണ്ട് ചെയ്യുന്ന സ്വർണ്ണ വ്യാപാരികൾ ബ്രാഞ്ചു തുടങ്ങുന്ന പക്ഷം ബ്രാഞ്ചിന് നൽകേണ്ട നികുതി പ്രധാന വ്യാപാരസ്ഥലത്തിനു ബാധകമായ നികുതിയുടെ 25 ശതമാനം മാത്രമാണ്. ഇത് പല വ്യാപാരികളും ദുരുപയോഗം ചെയ്യുന്നതുമൂലം കനത്ത നികുതി നഷ്ടം സംഭവിക്കുന്നുണ്ട്. ഇതു തടയാനായി വിൽപ്പന നികുതി നിയമം 7-ാം വകുപ്പ് പ്രകാരം നികുതി കോമ്പൗണ്ട് ചെയ്യുന്നതിന് ബ്രാഞ്ചിനെ പ്രത്യേക യൂണിറ്റായി കണക്കാക്കുന്നതാണ്. അതായത് ബ്രാഞ്ചു തുടങ്ങുന്ന വർഷം അതിന് 7-ാം വകുപ്പ് പ്രകാരം നികുതി കോമ്പൗണ്ട് ചെയ്യാൻ അർഹതയുണ്ടായിരിക്കുന്നതല്ല. കോമ്പൗണ്ടിംഗ് നികുതി നിരക്ക് മുൻവർഷത്തെ നികുതിയുടെ 120

ശതമാനം എന്നത് 150 ശതമാനം എന്നാക്കി മാറ്റുന്നതുമാണ്. 5 കോടി രൂപയുടെ അധിക വരുമാനം പ്രതീക്ഷിക്കുന്നു

168. സിൽക്ക് സാരിയിൻമേൽ 4 ശതമാനം നികുതി ചുമത്തുന്നതാണ്. 5 കോടി രൂപ അധിക വരുമാനം പ്രതീക്ഷിക്കുന്നു.

169. കരിങ്കൽ ചല്ലി നിർമ്മാണ യൂണിറ്റുകൾക്കായുള്ള കോമ്പൗണ്ടിംഗ് നികുതി മെഷീനുകളുടെ ഉല്പാദന ശേഷിക്കാനുപാതികമല്ല. ഇത് കണക്കിലെടുത്തു നികുതി നിരക്ക് ഇനിപ്പറയുന്ന രീതിയിൽ പരിഷ്കരിക്കാനുദ്ദേശിക്കുന്നു:

| | |
|---|---|
| മെഷീൻ സൈസ് 30.48 cmx22.86 cm | പ്രതി വർഷം 75000 രൂപ (ഓരോ മെഷീനും) |
| 30.48 cmx 22.86 cm നു മുകളിൽ 40.64 cm x 22.86 cm വരെ | പ്രതി വർഷം 150000 രൂപ (ഓരോ മെഷീനും) |
| 40.64 cmx 22.86 cm ന് മുകളിൽ | പ്രതി വർഷം 300000 രൂപ (ഓരോ മെഷീനും) |

പ്രൈമറി ക്രഷറിനേയും കോമ്പൗണ്ടിംഗ് നികുതി തുക നിശ്ചയിക്കുന്നതിന് കണക്കിലെടുക്കുന്നതാണ്. അഞ്ചു കോടി രൂപ അധിക വരുമാനം പ്രതീക്ഷിക്കുന്നു

170. മെഡിക്കൽ പ്രാക്ടീഷണർമാർ അവരുടെ രോഗികൾക്ക് നൽകുന്ന മരുന്നിന് നികുതിയൊഴിവ് നൽകിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ പല ആശുപത്രികളും രോഗികൾക്ക് വിൽക്കുന്ന മരുന്നിന് നികുതി നൽകുന്നില്ല. ഇതു മൂലമുണ്ടാകുന്ന നികുതി നഷ്ടം ഒഴിവാക്കാൻ ഇതു സംബന്ധമായ വിജ്ഞാപനത്തിൽ വേണ്ട വ്യക്തത വരുത്തുന്നതാണ്. 5 കോടി രൂപ അധിക വരുമാനം പ്രതീക്ഷിക്കുന്നു.

171. കോൺട്രാക്ട് അടിസ്ഥാനത്തിൽ അച്ചടി നടത്തുന്ന പ്രിന്റിംഗ് പ്രസ്സുകൾക്കുള്ള നികുതിയൊഴിവ് പിൻവലിക്കാൻ ഉദ്ദേശിക്കുന്നു. 50 ലക്ഷം രൂപ അധിക വരുമാനം പ്രതീക്ഷിക്കുന്നു.

172. റൊട്ടിയും ബണ്ണും അയൽ സംസ്ഥാനങ്ങളിൽ നികുതി വിധേയമാണ്. അതിനാൽ ബ്രാൻഡു ചെയ്ത റൊട്ടിയ്ക്കും ബണ്ണിനും 4 ശതമാനം നികുതി ചുമത്തുന്നതാണ്. 5 കോടി രൂപയുടെ അധിക വരുമാനം ഞാൻ പ്രതീക്ഷിക്കുന്നു.

173. സംസ്ഥാനത്തെ ഡിസ്റ്റിലറികൾ ബിവറേജസ് കോർപ്പറേഷനു വിൽക്കുന്ന മദ്യത്തിന്റെ വിറ്റു വരവിനെ സംബന്ധിച്ച് വില്പന നികുതി നിയമം 5(2C) വകുപ്പിലുള്ള (മുൻപ് 5 (2A) വകുപ്പ്) അവ്യക്തത മാറ്റുന്നതിന് പ്രസ്തുത വകുപ്പിൽ വേണ്ട വിശദീകരണം ഉൾപ്പെടുത്തുന്നതാണ്. ഇതിന് മുൻകാല പ്രാബല്യം നൽകുന്നതാണ്. 25 കോടി രൂപയുടെ അധിക വരുമാനം പ്രതീക്ഷിക്കുന്നു.

174. ജൈവ വളത്തിന്റെ നിർവ്വചനം സംബന്ധിച്ചുള്ള അവ്യക്തത നീക്കുന്നതിനായി വിൽപ്പന നികുതി

നിയമം 3-ാം പട്ടികയിലെ പ്രസക്തമായ ഇനത്തിൽ ആവശ്യമായ വിശദീകരണം ഉൾപ്പെടുത്തുന്നതാണ്.

175. വില്പന നികുതി വെട്ടിപ്പ് വ്യാപകമാണ്. ഇത് നിയമാനുസൃതം വ്യാപാരം ചെയ്യുന്ന വ്യാപാരികളുടെ ഉത്തമ താത്പര്യത്തെയും റവന്യൂ വരുമാനത്തെയും പ്രതികൂലമായി ബാധിക്കുന്നു. ഇതു തടയേണ്ടത് പൊതു താത്പര്യത്തിന് അത്യാവശ്യമാണ്. വ്യാപാരത്തെപ്പറ്റിയുള്ള ശരിയായ വിവരങ്ങൾ ശേഖരിക്കുന്നതിനും അത് ശരിയായ രീതിയിൽ പ്രയോജനപ്പെടുത്തുന്നതിനും രജിസ്റ്റർ ചെയ്ത വ്യാപാരികൾക്ക് മെച്ചപ്പെട്ട സേവനം കാഴ്ച വയ്ക്കുന്നതിനും ഉദ്ദേശിച്ച് ചെക്ക് പോസ്റ്റുകൾ ഉൾപ്പെടെ വാണിജ്യ നികുതി വകുപ്പ് കമ്പ്യൂട്ടറൈസ് ചെയ്യുന്നതിനുള്ള പ്രവർത്തനം ത്വരിതഗതിയിൽ നടന്നു വരുന്നു. പൈലറ്റ് പ്രോജക്ട് ഈ ആഗസ്റ്റ് മാസം തന്നെ കമ്മീഷൻ ചെയ്യാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. നികുതി വെട്ടിപ്പ് കർശനമായി തടയുന്നതിനായി വാണിജ്യ നികുതി വകുപ്പിലെ ഇന്റലിജൻസ് ഇൻവെസ്റ്റിഗേഷൻ വിഭാഗങ്ങളുടെ പ്രവർത്തനം ഊർജ്ജിതപ്പെടുത്തുന്നതും ഇൻവെസ്റ്റിഗേഷൻ വഴി നികുതി വെട്ടിപ്പ് കർശനമായി തടയുന്നതുമാണ്. ഒരു വ്യാപാരിക്കും ക്ലേശങ്ങളുണ്ടാവുന്നില്ലെന്നുറപ്പു വരുത്തിക്കൊണ്ട് കടകളും ഗോഡൗണുകളും ക്രമമായി പരിശോധിക്കുന്നതാണ്.

176. ബില്ലില്ലാതെയും നികുതി ഈടാക്കാതെയും നടത്തുന്ന വ്യാപാരം പൊതു താൽപര്യത്തിന് എതിരാണ്. മാത്രമല്ല ഇവ വിവിധ ഉപഭോക്തൃ സംരക്ഷണ നിയമപ്രകാരം ഉപഭോക്താക്കൾക്കുള്ള ന്യായമായ അവകാശങ്ങൾ ഹനിക്കുന്നുമുണ്ട്. അതിനാൽ നികുതി വെട്ടിപ്പിന് പ്രേരിപ്പിക്കുന്നത്

വില്പനനികുതി നിയമ പ്രകാരം കുറ്റകരമാക്കുന്നതിനും നികുതി വെട്ടിപ്പ് വ്യാപകമായ വിലക്കൂടുതലുള്ള ചില പ്രത്യേക ചരക്കുകളുടെ കാര്യത്തിൽ വാങ്ങൽ ബിൽ സൂക്ഷിക്കുന്നതിനുള്ള ബാധ്യത ഉപഭോക്താവിന് നൽകുന്നതിനും നിയമത്തിൽ വ്യവസ്ഥ ചെയ്യുന്നതാണ്.

177. നികുതിയടയ്ക്കുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതാണ്. ചെല്ലാൻ ഫാറം quadruplicate ആക്കുന്നതുമാണ്. ചെല്ലാൻ ഫാറത്തിൽ വില്പന നികുതി ഉദ്യോഗസ്ഥന്റെ മേലൊപ്പ് വേണ്ടെന്ന് വയ്ക്കുന്നതുമാണ്. വിവിധ നികുതികൾ അടയ്ക്കേണ്ട ഹെഡ് ഓഫ് അക്കൗണ്ട് എല്ലാം വ്യാപാരികളെയും അറിയിക്കുന്നതാണ്.

178. വർദ്ധിച്ചു വരുന്ന വില്പന നികുതി കാർഷികാദായ നികുതി കുടിശ്ശിക കുറച്ചുകൊണ്ടു വരുന്നതിനും കോടതികളിലും ട്രൈബ്യൂണലിലും കെട്ടിക്കിടക്കുന്ന കേസുകൾ തീർക്കുന്നതിനും പ്രസ്തുത നിയമങ്ങളുടെ കീഴിൽ ഈ വർഷത്തേക്ക് ഒരു സെറ്റിൽമെന്റ് കമ്മീഷൻ രൂപീകരിക്കുന്നതാണ്. ജില്ലാ ജഡ്ജിയുടെ റാങ്കിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥനായിരിക്കും അതിന്റെ അധ്യക്ഷൻ.

179. വിവര സാങ്കേതിക വിദ്യയുടെ വികസനത്തിന് സർക്കാർ എല്ലാ പ്രോൽസാഹനവും നൽകി വരുന്നു. കേന്ദ്ര ഗവൺമെന്റിന്റെ ഐ.റ്റി. പോളിസിയിൽ ഉൾപ്പെടുത്തിയിട്ടുള്ള എല്ലാ ഇനങ്ങളുടേയും വില്പന നികുതി എട്ടു ശതമാനത്തിൽ നിന്നും നാലു ശതമാനമായി കുറവുചെയ്യുന്നതാണ്. 5 കോടി രൂപയുടെ നഷ്ടം പ്രതീക്ഷിക്കുന്നു.

180. കാർഷികാദായനികുതി, വില്പന നികുതി, ആഢംബര നികുതി, പ്രവേശന നികുതി, മണിലെൻഡേഴ്സ് നിയമം എന്നീ നിയമങ്ങൾ പ്രകാരം സമർപ്പിക്കുന്ന എല്ലാ അധികാരപത്രങ്ങൾക്കും 25 രൂപയുടെ കോർട്ട്ഫീസ് സ്റ്റാമ്പ് നിർബന്ധമാക്കും. 15 ലക്ഷം രൂപ അധികവരുമാനം പ്രതീക്ഷിക്കുന്നു

181. അന്യരാജ്യങ്ങളിൽ നിന്നിറക്കുമതി ചെയ്ത് അന്യസംസ്ഥാനങ്ങളിലേക്ക് കൊണ്ടു പോകുന്ന ചരക്കുകളുടെ കാര്യത്തിൽ വില്പന നികുതി നിയമ പ്രകാരം വാങ്ങേണ്ട transit pass ആദ്യത്തെ ചെക്ക് പോസ്റ്റിൽ നിന്നോ തുറമുഖത്തിന് ഏറ്റവും അടുത്തുള്ള ആഫീസിൽ നിന്നോ വാങ്ങുന്നതിന് അനുവദിക്കുന്നതിനായി നിയമത്തിൽ വ്യവസ്ഥ ചെയ്യുന്നതാണ്. ട്രാൻസിറ്റ് പാസിൽ സംസ്ഥാനത്തിന് പുറത്തേക്ക് കടക്കുന്ന ചെക്ക്പോസ്റ്റിന്റെപേര് രേഖപ്പെടുത്തുന്നതിനും വ്യവസ്ഥ ചെയ്യുന്നതാണ്.

182. കാർഷികരംഗം നേരിടുന്ന പ്രതിസന്ധി തരണം ചെയ്യുന്നതിന് കർഷകരെ സഹായിക്കുന്നതിനായി കമ്പനികളൊഴിച്ചുള്ള എല്ലാ കാർഷികാദായ നികുതിദായകരെയും ഒരു വർഷത്തേയ്ക്ക് കാർഷികാദായ നികുതിയിൽ നിന്നൊഴിവാക്കുന്നു. ഇത് 2001-02 അക്കൗണ്ടിംഗ് വർഷത്തേയ്ക്ക് ബാധകമായിരിയ്ക്കും. 8 കോടി രൂപയുടെ നഷ്ടം പ്രതീക്ഷിക്കുന്നു.

183. കാർഷികാദായ നികുതി വില്പനനികുതി നിയമങ്ങളിൻ കീഴിൽ അപ്പീലിൻമേലുള്ള ഉത്തരവ് പുറപ്പെടുവിയ്ക്കുമ്പോൾ അപ്പീലിനാധാരമായ ഉത്തരവ് അസ്ഥിരപ്പെടുത്തി പുന: പരിശോധനയ്ക്കയയ്ക്കുന്നതിന് അപ്പലേറ്റ് അസിസ്റ്റന്റ് കമ്മീഷണർക്കുള്ള അധികാരം

എടുത്തു കളയുന്നതും അപ്പലേറ്റ് ട്രൈബ്യൂണൽ സ്റ്റേ അനുവദിക്കുന്ന കേസുകളിൽ പ്രസ്തുത അപ്പീലുകളുടെ അവസാന തീർപ്പ് ആറു മാസത്തിനുള്ളിൽ നടത്തണമെന്നും അല്ലാത്ത പക്ഷം സ്റ്റേ ഉത്തരവ് അസ്ഥിരപ്പെടുമെന്നും വ്യവസ്ഥ ചെയ്യുന്നതാണ്.

184. കേരളാ മണി ലെന്റേഴ്സ് നിയമത്തിൻ കീഴിൽ മണിലെന്റർ നിയമാനുസൃത പലിശയെക്കാൾ കൂടുതൽ ഈടാക്കുന്ന പക്ഷം അപ്രകാരം ഈടാക്കിയ കൂടുതൽ പലിശ സർക്കാരിലേക്കു കണ്ടുകെട്ടുന്നതിനും കടക്കാരന് തിരിച്ചു നൽകുന്നതിനും വ്യവസ്ഥചെയ്യുന്നതും പ്രസ്തുത നിയമ പ്രകാരം ഡെപ്യൂട്ടി കമ്മീഷണറുടെ ഉത്തരവിൻമേൽ ഗവൺമെന്റിനുള്ള റിവിഷൻ അധികാരം വാണിജ്യ നികുതി കമ്മീഷണർക്കു നൽകുന്നതുമാണ്. വിവിധ കുറ്റങ്ങൾക്ക് ചുമത്താവുന്ന പരമാവധി പിഴ 5000 രൂപയെന്നുള്ളത് 25000 രൂപയായി ഉയർത്തുന്നതാണ്. 25 ലക്ഷം രൂപയുടെ അധിക വരുമാനം പ്രതീക്ഷിക്കുന്നു.

185. ആഡംബര നികുതി (Luxury Tax) നിയമത്തിൻ കീഴിൽ നികുതി നൽകുന്നതിനു കാലതാമസം വരുത്തിയാൽ പലിശയീടാക്കാൻ വ്യവസ്ഥയില്ല. വില്പന നികുതി നിയമം 23(3) ന്റെ മാതൃകയിൽ ആഡംബര നികുതി നിയമത്തിൻ കീഴിൽ പലിശയീടാക്കുന്നതിന് വ്യവസ്ഥ ചെയ്യുന്നതാണ്.

186. ബാർ ഹോട്ടലുകൾക്കുള്ള വിറ്റു വരവ് നികുതി 5% ൽ നിന്ന് 10 ശതമാനം ആയി ഉയർത്തുന്നതാണ്. 10 കോടി രൂപയുടെ അധിക വരുമാനം പ്രതീക്ഷിക്കുന്നു. ബാറുകൾക്കുള്ള ലൈസൻസ് ഫീസ് 13 ലക്ഷം രൂപയിൽ നിന്ന് 15 ലക്ഷം

രൂപയായി ഉയർത്തുന്നതാണ്. 9.5 കോടി രൂപയുടെ അധിക വരുമാനം പ്രതീക്ഷിക്കുന്നു.

187. 40 ലക്ഷം രൂപയും അതിൻമേലും വിറ്റുവരവുള്ള വ്യാപാരികളുടെ കണക്കുകൾ audit ചെയ്യണമെന്ന വ്യവസ്ഥ നിലവിലുണ്ട്. 15 ലക്ഷം രൂപയിൽ കൂടുതലും 40 ലക്ഷം രൂപയിൽ കുറവും വിറ്റുവരവുള്ള വ്യാപാരികളുടെ റിട്ടേൺ സെയിൽസ് ടാക്സ് പ്രാക്ടീഷണർ, ചാർട്ടേർഡ് അക്കൗണ്ടന്റ് ഇവരിലാരെങ്കിലും പരിശോധിച്ച് സർട്ടിഫൈ ചെയ്യണമെന്നത് നിർബന്ധമാക്കും. വില്പന നികുതി നിയമത്തിൽ ഇതിനുവേണ്ട വ്യവസ്ഥ ഉൾക്കൊള്ളിക്കുന്നതാണ്.

188. സംസ്ഥാനത്തെ ലോട്ടറി വിതരണക്കാർക്കും സ്റ്റോക്കിസ്റ്റുകൾക്കും സർക്കാർ ഒരു ലൈസൻസ് ഫീസ് ഈടാക്കാൻ ഉദ്ദേശിക്കുന്നു.

| | |
|---|---|
| 1. പ്രതിദിന ലോട്ടറി | ഓരോ നറുക്കെടുപ്പിനും 10,000 രൂപ |
| 2. പ്രതിവാര ലോട്ടറി | ഓരോ നറുക്കെടുപ്പിനും 20,000 രൂപ |
| 3. ദ്വൈവാര ലോട്ടറി | ഓരോ നറുക്കെടുപ്പിനും 25,000 രൂപ |
| 4. പ്രതിമാസ ലോട്ടറി | ഓരോ നറുക്കെടുപ്പിനും 50,000 രൂപ |
| 5. ബംപർ, സൂപ്പർ ബംപർ, ഉൽസവ ബംപർ | ഓരോ നറുക്കെടുപ്പിനും 1,00,000 രൂപ |
| 6. മെഗാബംപർ | ഓരോ നറുക്കെടുപ്പിനും 3,00,000 രൂപ |

ഇതുവഴി അഞ്ചു കോടി രൂപയുടെ അധികവരുമാനം പ്രതീക്ഷിക്കുന്നു.

**<u>സാമ്പത്തിക സ്ഥിതി സംഗ്രഹം</u>**

189. സർ, ബജറ്റ് അവതരണത്തിന്റെ തുടക്കത്തിൽ നാം അഭിമുഖീകരിക്കുന്ന സാമ്പത്തിക യാഥാർഥ്യങ്ങളെപ്പറ്റി സംക്ഷിപ്തമായി ഞാൻ പ്രതിപാദിച്ചിരുന്നു. പത്താം കേരള നിയമസഭയിൽ അവതരിപ്പിച്ച ഇടക്കാല ബജറ്റിൽ 2001-2002 ലെ റവന്യൂ കമ്മി 2532.42 കോടി രൂപയും 2000-01 ൽ 3231.77 കോടി രൂപയും ആയിരുന്നു. ഈ കമ്മി നികത്തുന്നതിനാവശ്യമായ വിഭവ സമാഹരണം നടത്തുന്നതിൽ സർക്കാർ പരാജയപ്പെട്ടു എന്നത് 2001 ഫെബ്രുവരിക്ക് ശേഷമുണ്ടായ സാമ്പത്തിക തകർച്ച വ്യക്തമാക്കുന്നു. താങ്ങാനാവുന്ന തലത്തിൽ റവന്യൂ കമ്മി പരിമിതപ്പെടുത്തുന്നതാണ് വിവേകം എന്നു ഞാൻ കരുതുന്നു. മന്ത്രിസഭയിലെ എന്റെ സഹപ്രവർത്തകരുടെ സഹകരണത്തോടെ ദുർച്ചെലവ് ഒഴിവാക്കി ചെലവ് ചുരുക്കുന്നതാണ്. ഞാൻ ചെലവാക്കുന്ന ഓരോ രൂപയും നമ്മുടെ സംസ്ഥാനത്തിന് പ്രയോജനകരമാകുന്നതിനു വേണ്ടിയായിരിക്കും. റവന്യൂ പിരിവിൽ ശക്തമായ ഒരു തിരിച്ചു വരവുണ്ടാകുമെന്ന് ഞാൻ പ്രത്യാശിക്കുന്നു. തകർച്ചയിൽ നിന്ന് കര കയറാനുള്ള ഏറ്റവും സുരക്ഷിതമായ പോംവഴി ഇതാണെന്ന് ഞാൻ കരുതുന്നു. സംസ്ഥാനം ധനവിനിയോഗത്തിൽ അമിതമായി കടത്തെ ആശ്രയിക്കാതെ പൊതുകടം കുറച്ചു കൊണ്ടു വരികയും വരും വർഷം പൊതു കടത്തിന്റെ വർദ്ധനവിലുള്ള തോത് നിയന്ത്രിക്കുകയും ചെയ്യും.

190. റവന്യൂ വരുമാനം 10626.17 കോടി രൂപയായും റവന്യൂ ചെലവ് 12991.26 കോടി രൂപയായും

പുതുക്കി നിശ്ചയിക്കുന്നു. ഇതിൻ പ്രകാരം റവന്യൂ കമ്മി 2365.09 കോടി രൂപയായി കുറഞ്ഞിരിയ്ക്കുന്നു. ഈ സാമ്പത്തിക വർഷം ആരംഭിച്ചത് 585.37 കോടി രൂപയുടെ R.B.I. ഓവർ ഡ്രാഫ്റ്റിലൂടെയായിരുന്നു. 2000–01 ലെ സാമ്പത്തിക പ്രതിസന്ധി ഇതിൽ പ്രതിഫലിക്കുന്നു. എന്റെ പുതുക്കിയ ബജറ്റിൽ മൊത്തം കമ്മി 140.68 കോടി രൂപയാണ്. ഞാൻ 178.26 കോടി രൂപയുടെ അധികചെലവ് പ്രഖ്യാപിച്ചിട്ടുണ്ട്. 456.40 കോടി രൂപയുടെ അധിക വിഭവ സമാഹരണം വിഭാവനം ചെയ്യുന്നു. എന്നിരുന്നാലും 447.91 കോടി രൂപയുടെ കമ്മി അവശേഷിക്കും. സംസ്ഥാനത്തിന്റെ ധനസ്ഥിതി സംബന്ധിച്ച ധവളപത്രത്തിലൂടെ നിരവധി പരിഹാര മാർഗ്ഗങ്ങൾ ജനങ്ങളുടെ പരിഗണനയ്ക്കായി അവതരിപ്പിക്കപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുന്നതിനുള്ള പല നിർദ്ദേശങ്ങളും സമൂഹത്തിന്റെ വിവിധ വിഭാഗങ്ങളിൽ നിന്ന് ലഭിച്ചിട്ടുണ്ട്. ഈ നിർദ്ദേശങ്ങളിന്മേൽ നല്ലൊരളവുവരെ അഭിപ്രായ സമന്വയം ഉണ്ടാകുമെന്ന കാര്യത്തിൽ എനിയ്ക്ക് ആത്മവിശ്വാസമുണ്ട്. കൂടുതൽ വിഭവ സമാഹരണത്തിലൂടെയും ചെലവു ചുരുക്കൽ നടപടികളിലൂടെയും ഈ കമ്മി നികത്താൻ സാധിക്കുമെന്ന് ഞാൻ പ്രത്യാശിക്കുന്നു.

191. മൊത്തത്തിലുള്ള രൂപം ചുവടെ ചേർക്കുന്നു. :-

<u>2001-2002 ലെ പുതുക്കിയ ബജറ്റ് എസ്റ്റിമേറ്റ് (രൂപ കോടിയിൽ)</u>

| | |
|---|---|
| റവന്യൂ വരവ് | 10626.17 |
| റവന്യൂ ചെലവ് | 12991.26 |
| റവന്യൂ കമ്മി | (-)2365.09 |
| മൂലധന ചെലവ് | 680.01 |
| വായ്പകളും മുൻകൂറുകളും (തനി) | (-)192.19 |
| പൊതുകടം (തനി) | 2346.72 |
| പൊതു കണക്ക് (തനി) | 749.89 |
| ആകെ കമ്മി | (-)140.68 |
| വർഷാരംഭ രൊക്ക ബാക്കി | (-)585.37 |
| ഇപ്പോൾ പ്രഖ്യാപിച്ച അധികച്ചെലവ് | 178.26 |
| അധിക വിഭവ സമാഹരണം | 456.40 |
| വർഷാന്ത്യ രൊക്കം ബാക്കി | (-)447.91 |

192. ജനാധിപത്യ വ്യവസ്ഥിതി സാധാരണ ജനങ്ങളുടെ സാമ്പത്തിക ഐശ്വര്യത്തിനുതകുന്ന ഭരണ സമ്പ്രദായമാണെന്ന കാര്യം അവിതർക്കിതമാണ്. സ്വയം തിരുത്തുന്ന ഒരു ഭരണ സംവിധാനമാണെന്നുള്ളതാണ് ഇതിന്റെ വലിയ കരുത്ത്. ഈ തിരുത്തൽ പ്രക്രിയ പ്രധാനമായും തെരഞ്ഞെടുപ്പ് സംവിധാനത്തിലൂടെയാണ് പ്രാവർത്തിക മാക്കപ്പെടുന്നത്. ഇത് തന്നെയാണ് നമ്മുടെ സർക്കാരിനെ അധികാരത്തിലേറ്റിയത്. ഇതേ സംവിധാനം തന്നെയാണ് കേരള ജനതയുടെ പ്രതീക്ഷക്കൊത്തുയരുവാൻ നമ്മെ ബാധ്യസ്ഥ രാക്കുന്നത്.

193. സംസ്ഥാനത്തിന്റെ സമ്പദ്‌വ്യവസ്ഥ ഇന്ന് ഒരു ഉപരോധത്തിന്റെ പിടിയിലാണ് എന്നതിൽ സംശയമില്ല. എന്നാൽ, സംസ്ഥാനത്തിന്റെ തകർന്നു

തരിപ്പണമായ സാമ്പത്തിക സ്ഥിതിയിൽ നിന്നും നമുക്ക് മുന്നേറേണ്ടതുണ്ട്. നമുക്കൊരു സാമ്പത്തിക നവോത്ഥാനത്തിന് ആരംഭം കുറിക്കാം. ഇതിനായി മഹാകവി കുമാരനാശാൻ ഉജ്ജ്വലമായ വാക്കുകളിൽ ചേതോഹരമായി നിർവ്വചിച്ച നിസ്സീമമായ ശുഭാപ്തി വിശ്വാസം മുറുകെപ്പിടിച്ചുകൊണ്ടു അചഞ്ചലമനസ്സായി ലക്ഷ്യത്തിലേക്ക് നീങ്ങേണ്ട താണെന്ന് എനിക്കറിയാം.

സ്ഫുടതാരകൾ കൂരിരുട്ടിലു-
ണ്ടിടയിൽ ദ്വീപുകളുണ്ടു സിന്ധുവിൽ
ഇട തീർപ്പതിനേകമഹതു വ-
ന്നിടയാമത്തു മഹാവിപത്തിലും

ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ മാർഗ്ഗ നിർദ്ദേശവും മന്ത്രിസഭയിലെ മറ്റു സഹപ്രവർത്തകരുടെ അകമഴിഞ്ഞ സഹകരണവും എനിക്ക് കരുത്ത് പകരുന്നു. കഴിഞ്ഞ അഞ്ചു വർഷക്കാലത്തെ തെറ്റുകൾ തിരുത്തുകയും നഷ്ടപ്പെട്ട അവസരങ്ങൾ വീണ്ടെടുക്കുകയും വേണം. പക്ഷേ, ഇതെല്ലാം തന്നെ ഏറ്റവും ചുരുങ്ങിയ കാലയളവിനുള്ളിൽ ചെയ്തു തീർക്കേണ്ടതുണ്ട്. ചലനാത്മകവും ഊർജ്ജസ്വലവുമായ ഒരു മോഹന സങ്കൽപ്പത്തെ നാം പുൽകും. നിശ്ചയദാർഢ്യത്തിന്റെയും ശുഭ പ്രതീക്ഷയുടെയും ഒരു ദർശനം - വിധിക്ക് നിസ്സഹായമായി കീഴടങ്ങുന്നതിന് പകരം ബുദ്ധിപൂർവം തിരഞ്ഞെടുത്ത ഒരു ദർശനം. ജനതക്ക് സർക്കാരിനോടുള്ള മതിപ്പ് വീണ്ടെടുത്ത് സദ്ഭരണത്തിന്റെ ആധിപത്യം പുന:സ്ഥാപിക്കുക തന്നെ ചെയ്യും.

194. ഈ ഒരു പ്രത്യാശ നിങ്ങളോരോരുത്തർക്കും പകർന്നു നൽകിക്കൊണ്ട്, 2001-2002 ലെ പുതുക്കിയ ബജറ്റും, ആഗസ്റ്റ് 1 മുതൽ നവംബർ 30 വരെയുള്ള നാലു മാസത്തെ വോട്ട് ഓൺ അക്കൗണ്ടും ഞാൻ അവതരിപ്പിക്കുന്നു.

ജയ് ഹിന്ദ്